**JEEVA MOZHIKAL** RNI/KERBIL/-2003/21404
**May 2013** www.jeevamozhikal.org
Contributory subscription Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment

## പ്രശസ്ത ക്രിസ്തീയപ്രസംഗകനും ഗ്രന്ഥകാരനുമായ



## ബ്രദർ സാക് പുന്നൻ പ്രസംഗിക്കുന്നു

**സ്ഥലം:** ക്രിസ്റ്റ്യൻ അസംബ്ലി സെന്റർ, കുടമാളൂർ-തൂത്തൂട്ടി കവലയ്ക്കു സമീപം

**തീയതി:** മേയ് 11 ശനി

**സമയം:** വൈകിട്ട് 6 മുതൽ 8.30 വരെ

**ഏവർക്കും സ്വാഗതം**

കൂടുതൽ വിവരങ്ങൾക്ക്: 8281027519, 9947407095

**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFS CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number.**

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 11 - ലക്കം 5 മേയ് 2013



# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 11 മേയ് 2013 ലക്കം 5

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള– 686016,
ഫോൺ 0481 – 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


## ഒറ്റനോട്ടത്തിൽ

**സാത്താന്റെ ഇഷ്ടവിനോദം**

*നിങ്ങളുടെ ഭൂതകാലത്തിലെ അസ്ഥികൂടങ്ങളെ കണ്ടെടുത്തു നിങ്ങൾക്കു മുമ്പിൽ പ്രദർശിപ്പിച്ചു നിങ്ങളെ വിളറി പിടിപ്പിക്കുകയാണ് സാത്താന്റെ ഇഷ്ടവിനോദം.*

## മൊഴിമുത്തുകൾ

## നഷ്ടപ്പെട്ട വർഷങ്ങൾ



ദൈവം ഒരു വാക്കു കല്പിച്ചാൽ മതി നിങ്ങളുടെ പാഴായ വർഷങ്ങൾ നിങ്ങൾക്ക് തിരികെ കിട്ടും. ഇങ്ങനെയാണ് ദൈവം നഷ്ടപ്പെട്ട വർഷങ്ങൾ യഥാസ്ഥാനപ്പെടുത്തി തരുന്നത്. നമ്മുടെ മാനുഷിക കഴിവുകൾപ്പുറത്ത് ഭൗതികമായ സന്തോഷവും സമാധാനവും വിജയവും വെളിപ്പാടും അവിടുന്നു നമ്മിൽ ഉരുവാക്കും. എന്നെങ്കിലും നമുക്കു കഴിയുമെന്നു നാം ചിന്തിച്ചതിനും അതീതമായി നമുക്കുവേണ്ടിയും നമ്മിലൂടെയും അവിടുത്തേക്ക് എല്ലാം പൂർത്തീകരിക്കുവാൻ സാധിക്കും.

**ഡേവിഡ് വിൽക്കേഴ്സൺ**

## ഉള്ളിലെ സംഗ്രഹം




'മകനെ, എന്റെ വചനങ്ങളെ പ്രമാണിച്ച്
എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചുകൊൾക' *(സദൃശ 7:1)*

# "FAITH REALLY CAN MOVE A MOUNTAIN!"

**A** small congregation in the foothills of the Great Smokies built a new sanctuary on a piece of land willed to them by a church member.

Ten days before the new church was to open, the local building inspector informed the pastor that the parking lot was inadequate for the size of the building. Until the church doubled the size of the parking lot, they would not be able to use the new sanctuary.

Unfortunately, the church with its undersized parking lot had used every inch of their land except for the mountain against which it had been built. In order to build more parking spaces, they would have to move the mountain out of the back yard.

Undaunted, the pastor announced the next Sunday morning that he would meet that evening with all members who had "mountain-moving faith".

They would hold a prayer session asking God to remove the mountain from the back yard and to somehow provide enough money to have it paved and painted before the scheduled opening dedication service the following week.

At the appointed time, 24 of the congregation's 300 members assembled for prayer. They prayed for nearly three hours. At ten o'clock the pastor said the final "Amen".

"We'll open next Sunday as scheduled," he assured everyone. "God has never let us down before, and I believe He will be faithful this time too."

The next morning as he was working in his study there came a loud knock at his door. When he called "come in", a rough looking construction foreman appeared, removing his hard hat as he entered.

"Excuse me, Reverend. I'm from Acme Construction Company over in the next county. We're building a huge new shopping mall over there and we need some fill dirt. Would you be willing to sell us a chunk of that mountain behind the church?

We'll pay you for the dirt we remove and pave all the exposed area free of charge, if we can have it right away. We can't do anything else until we get the dirt in and allow it to settle properly."

The little church was dedicated the next Sunday as originally planned and there were far more members with "mountain-moving faith" on opening Sunday than there had been the previous week!

## എഡിറ്റോറിയൽ



ന്ത്യ അത്താഴ സമയത്തെ ഒരു രംഗം യോഹന്നാൻ തന്റെ സുവിശേഷത്തിൽ മിഴിവോടെ വരച്ചിട്ടിരിക്കുന്നത് ഇങ്ങനെ: "ശിഷ്യന്മാരിൽ വെച്ചു യേശു സ്നേഹിച്ച ഒരുത്തൻ യേശുവിന്റെ മാർവ്വിടത്തു ചാരിക്കൊണ്ടിരുന്നു" (13:23)

'യേശു സ്നേഹിച്ച ഒരുത്തൻ ' എന്ന പ്രയോഗത്തിന്റെ പിന്നിൽ മറഞ്ഞിരിക്കാൻ യോഹന്നാൻ ശ്രമിക്കുന്നുണ്ടെങ്കിലും യേശുവും യോഹന്നാനും തമ്മിലുള്ള കൂട്ടായ്മയുടെ ആഴവും അതു യോഹന്നാനു നൽകുന്ന സ്വാതന്ത്ര്യവും ഈ രംഗത്തു നിന്നു നമുക്കു വായിച്ചെടുക്കാൻ കഴിയും.

യോഹന്നാൻ എഴുതിയ ലേഖനങ്ങളിലേക്കു വരുമ്പോഴും 'കൂട്ടായ്മ' (Fellowship) എന്നത് അദ്ദേഹത്തിനു പ്രിയപ്പെട്ട വിഷയമാണെന്നു കാണാം. യോഹന്നാൻ തന്റെ ആദ്യ ലേഖനം എഴുതുന്നതിന്റെ ഉദ്ദേശ്യം തന്നെ കൂട്ടായ്മ ഉണ്ടാക്കേണ്ടതിനാണ്. ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ അദ്ദേഹം ഈ കാര്യം വ്യക്തമാക്കുന്നതു ശ്രദ്ധിക്കുക: "ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്ക് ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു" (1:3).

കൂട്ടായ്മ വളരെ വിശാലവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമാണെന്നാണു പൊതുവേയുള്ള ധാരണ.എന്നാൽ നമ്മുടെ ഈ ധാരണയ്ക്കു വിരുദ്ധമായി യോഹന്നാൻ അവയെ പരിമിതപ്പെടുത്തുന്നതായാണു കാണുന്നത്. 'നിങ്ങൾക്കു ഞങ്ങളോടുകൂട്ടായ്മ ഉണ്ടാകണം' എന്ന ആഗ്രഹത്തോടെ ലേഖനം എഴുതുമ്പോൾ തന്നെ യോഹന്നാൻ അതിനുള്ള വ്യവസ്ഥയും അതേ വാക്യത്തിൽ വ്യക്തമാക്കുന്നു: 'ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുകിസ്തുവിനോടും ആകുന്നു' (1:3). യോഹന്നാൻ പറയുന്നതിന്റെ സാരം ഇതാണ്: ഞങ്ങൾക്ക് ഒന്നാമതു കൂട്ടായ്മ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആണ്. നിങ്ങൾക്കും ആദ്യമായി ദൈവത്തോട് ആ വിധത്തിൽ കൂട്ടായ്മ ഉണ്ടാകണം. നമുക്ക് ഒരോരുത്തർക്കും ഒന്നാമതു ദൈവത്തോടു കൂട്ടായ്മ ഉണ്ടെങ്കിൽ അതു നമ്മെ അന്യോന്യമുള്ള കൂട്ടായ്മയിലേക്കു നയിക്കും.ദൈവത്തോടു കൂട്ടായ്മ എന്ന പൊതു ഭൂമികയിൽ (Common ground) നിന്നു കൊണ്ടേ നമുക്ക് അന്യോന്യം കൂട്ടായ്മയുള്ളൂ എന്നു സാരം. നോക്കുക: ഈ നിലപാടു സകലമനുഷ്യരോടുമുള്ള കൂട്ടായ്മ എന്ന 'വിശാലമായ' കാഴ്ചപ്പാടിൽ നിന്ന് ഒരു പരിമിതപ്പെടലല്ലേ? അതേ. പക്ഷേ ഈ നിലപാടാണ് ഇന്നുള്ള ലോകമനുഷ്യർ തമ്മിലുള്ള കൂട്ടായ്മയിൽ നിന്നു സഭയിലെ കൂട്ടായ്മയെ മാറ്റി നിർത്തുന്നത്.

യോഹന്നാന്റെ ലേഖനങ്ങൾ തുടർന്നു വായിക്കുമ്പോൾ 'കൂട്ടായ്മ'യെ യോഹന്നാൻ ഒന്നും കൂടി പരിമിതപ്പെടുത്തുന്നതു കാണുവാൻ കഴിയും. ദൈവത്തോടുള്ള കൂട്ടായ്മ തനിക്കു നൽകിയ പ്രത്യേക വിളിയോടുള്ള ബന്ധത്തിലാണിത്.1 യോഹന്നാൻ 2:19, 4:6, 2 യോഹന്നാൻ 9-11 എന്നീ വാക്യങ്ങൾ ശ്രദ്ധിക്കുമ്പോൾ ദൈവം തനിക്കുതന്ന പ്രത്യേക വിളിയോടുള്ള ബന്ധത്തിൽ മുഴുക്രിസ്തീയ ലോകത്തുനിന്നു തന്റെ കൂട്ടായ്മയെ യോഹന്നാൻ ഒന്നു കൂടി ഇടുങ്ങിയതാക്കുന്നതാണ് ഇവിടെ കാണുന്നത്. 'സ്നേഹത്തിന്റെ അപ്പൊസ്തലനി'ൽ നിന്നു നാം പ്രതീക്ഷിക്കുന്ന, എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാലമായ സ്നേഹവും കൂട്ടായ്മയുമൊന്നുമല്ല നാം ഇവിടെ കാണുന്നത്.മറിച്ചു ദൈവം തനിക്കു തന്ന പ്രത്യേക വിളിയോടും ദർശനത്തോടുമുള്ള ബന്ധത്തിൽ വളരെ വ്യക്തതയോടും കൃത്യതയോടും കൂട്ടായ്മയെ കൂടുതൽ പരിമിതപ്പെടുത്തിയുള്ള പോക്കാണിത്. ഇത് ഒരളവിൽ ഒരു സങ്കുചിതത്വമല്ലേ? അതേ. പക്ഷേ ഈ നിലപാടാണു യോഹന്നാന്റെ പ്രവർത്തനത്തിനു കൂടുതൽ മൂർച്ചയും ആഴവും നൽകിയത്.'ലോകമെങ്ങുമുള്ള സകല വിശുദ്ധരെയും സ്നേഹിക്കുക', 'എല്ലാദൈവമക്കളോടും കൂട്ടായ്മ ആചരിക്കുക ' തുടങ്ങിയ പ്രയോഗങ്ങളൊക്കെ കേൾക്കുമ്പോൾ വളരെ ആത്മീയമായി തോന്നുമെങ്കിലും ഈ പറയുന്ന സ്നേഹവും കൂട്ടായ്മയുമൊക്കെ ആശയതലത്തിലേ നിൽക്കൂ. പ്രായോഗിക തലത്തിൽ 'കണ്ടിട്ടുള്ള സഹോദരനെ' മാത്രമേ സ്നേഹിക്കാൻ കഴിയുകയുള്ളൂവെന്നു യോഹന്നാന് ബോധ്യമുണ്ടായിരുന്നു - 1 യോഹ. 4:20)

യോഹന്നാന്റെ ലേഖനം തുടർന്നു വായിക്കുമ്പോൾ കൂട്ടായ്മ വിശുദ്ധീകരണത്തിലേക്കു നടത്തുന്നതായി കാണാം. 'നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനാണു' യോഹന്നാൻ ലേഖനം എഴുതുന്നത്. പക്ഷേ യോഹന്നാനെ സംബന്ധിച്ചിടത്തോളം കൂട്ടായ്മ അതിൽ തന്നെ ഒരവസാനമല്ല, മറിച്ച് ഒരു മാർഗ്ഗമാണ് (not an end but a means). വെളിച്ചത്തിലേക്കും ശുദ്ധീകരണത്തിലേക്കുമുള്ള മാർഗ്ഗം. യഥാർത്ഥ കൂട്ടായ്മ ഒരുവനെ വിശുദ്ധീകരണത്തിലേക്കു നയിക്കും. മറ്റുള്ളവരുമായുള്ള കൂട്ടായ്മയാണു നമുക്കു നമ്മുടെ സ്വാർത്ഥത, സ്വയംസ്നേഹം, നിഗളം, ഈർഷ്യ, കോപം, കാപട്യം തുടങ്ങിയവയെക്കുറിച്ചു വെളിച്ചം നൽകുന്നത് പഴയ കാലഘട്ടത്തിൽ തൂൺ വിശുദ്ധർ (താഀ ◌േ◌ോഗെലൂ◌േ) ഉണ്ടായിരുന്നു. വിശുദ്ധരാകുന്നതിനു മറ്റുള്ളവരുമായുള്ള സംസർഗ്ഗം ഒഴിവാക്കുവാൻ വലിയ ഉയരമുള്ള തൂണുകൾ നിർമിച്ച് അതിനു മുകളിൽ പാർത്തിരുന്നവരായിരുന്നു അവർ.ഭൂമിയിൽ നിന്നു തൂണിന് എത്രമാത്രം പൊക്കമുണ്ടോ അതിനനുസരിച്ച് അവരുടെ വിശുദ്ധിയും കൂടും എന്നായിരുന്നു സങ്കല്പം. ഇന്നും കുടുംബ ജീവിതം ഉപേക്ഷിച്ചു ഹിമാലയത്തിലും സന്ന്യാസാശ്രമത്തിലും വിശ്വാസമന്ദിരത്തിലും പോയി വിശുദ്ധരാകാൻ ശ്രമിക്കുന്നവരുണ്ടല്ലോ. തനിയെ ഇരിക്കുമ്പോൾ നമുക്കൊക്കെ നാം വിശുദ്ധരാണെന്നു തോന്നും. എന്നാൽ കൂട്ടായ്മയിലാണു നമുക്കു നമ്മുടെ ജീവിതത്തിലെ കുറവുകളെയും ഇരുട്ടിനെയും കുറിച്ചു വെളിച്ചം ലഭിക്കുന്നത്. അതുകൊണ്ടു യോഹന്നാൻ കൂട്ടായ്മയെക്കുറിച്ചു പറഞ്ഞുതുടങ്ങിയിട്ടു തൊട്ടു താഴെ വെളിച്ചത്തെക്കുറിച്ചും വിശുദ്ധീകരണത്തെക്കുറിച്ചു പറയുന്നു.'ദൈവം വെളിച്ചം ആകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു' (1 യോഹന്നാൻ 1:5) കർത്താവിൽ ഇരുട്ട് ഒട്ടും ഇല്ല. അവിടുത്തെ ഈ സ്വരൂപത്തോട് അനുരൂപപ്പെടുവാനാണു നമ്മെ മുൻ നിർണയം ചെയ്തിരിക്കുന്നതെന്ന് (റോമർ 8:29) ബോധ്യമുള്ളവർക്ക് അന്യോന്യമുള്ള കൂട്ടായ്മയിലൂടെ -സഭയിലും ഭവനത്തിലും- തങ്ങളിലെ ഇരുളിനെക്കുറിച്ചു വെളിച്ചം ലഭിക്കും. അപ്പോൾ അവിടുത്തെ രക്തത്താലുള്ള കഴുകൽ പ്രാപിച്ച് കൂടുതൽ വശുദ്ധീകരണത്തിലേക്കു വരുവാൻ കഴിയും (1 യോഹന്നാൻ 1:7). കൂട്ടായ്മ ഒരുവനെ വിശുദ്ധീകരണത്തിലേക്കു നടത്തുന്നത് ഇങ്ങനെയാണ്.

ഇങ്ങനെ പ്രാപിക്കുന്ന വിശുദ്ധീകരണവും അവിടെ അവസാനിക്കുന്നില്ല. ആ വിശുദ്ധീകരണം ഒരുവനെ ഈ വഴി

*(ശേഷം പേജ് 20 ൽ)*



’ ട്ടായ്മ’ എന്നത് ഒരു പുതിയ നിയമപദമാണ്.പുതിയ നിയമത്തിൽ പറയുന്ന കൂട്ടായ്മ യേശുവിന്റെ ഐഹികജീവിതകാലത്ത് താനും പിതാവുമായി ഉണ്ടായിരുന്ന കൂട്ടായ്മയുടെ അടിസ്ഥാനത്തിലും മാതൃകയിലുമുള്ളതാണ്.തന്റെ ശിഷ്യന്മാരുടെ കൂട്ടായ്മയും ഇതേ മാതൃകയിൽ ആയിരിക്കണം എന്ന് യേശു പ്രാർത്ഥിക്കുകയും ചെയ്തു.

പഴയ നിയമത്തിലെ പലർക്കും വിശുദ്ധിയുടെ ഉന്നതികളിലെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തമ്മിൽ തമ്മിൽ ഈ വിധത്തിൽ കൂട്ടായ്മയിലേക്ക് വരാൻ സാധിച്ചിരുന്നില്ല.മോശ,ഏലിയാവ്,ദാനിയേൽ,സ്നാപകയോഹന്നാൻ തുടങ്ങിയ ദൈവഭക്തരായ പഴയനിയമ വിശുദ്ധന്മാർ ഇന്നത്തെ ഭൂരിപക്ഷം വിശ്വാസികളെക്കാളേറെ ബാഹ്യമായ ജീവിതത്തിൽ വിശുദ്ധന്മാരായിരുന്നു.കാരണം ഇന്നത്തെ വിശ്വാസികളിൽ നല്ല പങ്കും പുതിയനി

*പലപ്പോഴും ശുദ്ധീകരണത്തിനായുള്ള വാഞ്ഛയാൽ പിടിക്കപ്പെടുന്ന പലരും കൂട്ടായ്മയുടെ ആവശ്യം കാണാതെ പോകുന്നു. അവർ മുടന്തുള്ള ഒരു കാലുമായി ചാടി ചാടി നടക്കുവാൻ ആഗ്രഹിക്കുന്നവരെപ്പോലെയാണ്.*



**കൂട്ടായ്മയിലേക്ക് നടത്താത്ത വിശുദ്ധീകരണം ഒരു വഞ്ചനയാണ്.ഇന്ന് ലോകം ചുറ്റി വിശുദ്ധീകരണത്തെക്കുറിച്ച് പ്രസംഗിക്കുന്നപലരും പഴയനിയമവിശുദ്ധന്മാരെപ്പോലെ ഏകാന്തപഥികരാണ്. അങ്ങനെയുള്ള പ്രസംഗകർ ദൈവഭയമുള്ളവരാണെങ്കിൽപ്പോലും പഴയനിയമത്തിൽ ഇന്നും ജീവിക്കുന്നവരാണ്. അവർ ജീവിക്കുന്ന സ്ഥലത്ത് ഒരു കൂട്ടായ്മ കെട്ടിപ്പടുക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നും കാണാം. എന്നാൽ ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലന്മാരുടെ അനുഭവം മറിച്ചായിരുന്നു.**

യമ ജീവിതത്തിലേക്ക് പ്രവേശിച്ചിട്ടില്ല എന്നതുതന്നെ.

അന്യോന്യമുള്ള കൂട്ടായ്മ ഉളവാക്കുന്ന ഒരു ആന്തരിക വിശുദ്ധീകരണത്തിലേക്കാണ് പുതിയ ഉടമ്പടി യേശുവിന്റെ ശിഷ്യന്മാരെ നടത്തുന്നത്.എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ കാണുന്ന വിശ്വാസവീരൻമാരെല്ലാം അവരുടെ കാലഘട്ടത്തിൽ ഏകാന്തപഥികരായിരുന്നു എന്നു കാണാം.പഴയനിയമകാലത്ത് അങ്ങനെയായിരുന്നു.എന്നാൽ പുതിയനിയമത്തിലേക്ക് കടക്കുന്ന ഉടൻ തന്നെ യേശു തന്റെ ശിഷ്യന്മാരെ ഈരണ്ടുപേരായി അയയ്ക്കുന്നത് നാം കാണുന്നു.ഇത് പുതിയൊരു കാര്യമാണ്.യേശു വന്നത് നമ്മെ ആന്തരികമായ വിശുദ്ധീകരണത്തിലേക്ക് നടത്തുവാൻ മാത്രമല്ല കൂട്ടായ്മയിലേക്കും കൂടി കൊണ്ടുവരാനാണ്.

ഒരു വിശ്വാസി ആന്തരികജീവിതത്തിൽ പാപത്തിന്മേൽ ജയം നേടുകയും മറ്റുള്ള വിശ്വാസികളുമായി കൂട്ടായ്മബന്ധത്തിലേക്ക് വരികയും ചെയ്യുന്നില്ലെങ്കിൽ അവന്റെ വിശുദ്ധീകരണത്തിൽ സാരമായ കുറവുണ്ട് എന്ന് തീർച്ചയാണ്.കൂട്ടായ്മയിലേക്ക് നടത്താത്ത വിശുദ്ധീകരണം ഒരു വഞ്ചനയാണ്.ഇന്ന് ലോകം ചുറ്റി വിശുദ്ധീകരണത്തെക്കുറിച്ച് പ്രസംഗിക്കുന്നപലരും പഴയനിയമവിശുദ്ധന്മാരെപ്പോലെ ഏകാന്തപഥികരാണ്. അങ്ങനെയുള്ള പ്രസംഗകർ ദൈവഭയമുള്ളവരാണെങ്കിൽപ്പോലും പഴയനിയമത്തിൽ ഇന്നും ജീവിക്കുന്നവരാണ്. അവർ ജീവിക്കുന്ന സ്ഥലത്ത് ഒരു കൂട്ടായ്മ കെട്ടിപ്പടുക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നും കാണാം. എന്നാൽ ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലന്മാരുടെ അനുഭവം മറിച്ചായിരുന്നു.

പെന്തക്കോസ്തുനാളിനു ശേഷം അപ്പോസ്തലന്മാർ പുതിയ നിയമത്തിലേക്ക് പ്രവേശിച്ചവരായിരുന്നതിനാൽ പത്രോസും യോഹന്നാനും ഒരുമിച്ചു പോകുന്നതായി കാണുന്നു.സുന്ദരം എന്ന ദേവാലയ ഗോപുരത്തിങ്കൽ കണ്ട മുടന്തനോട് പത്രോസ് പറയുന്നത്, തന്നെയും യോഹന്നാനെയും നോക്കുവാനാണ്. (പ്രവൃത്തി 3:4).പത്രോസും യോഹന്നാനും കൂട്ടായി പ്രവർത്തിച്ചു. പെന്തക്കോസ്തുനാളിൽ പത്രോസാണ് പ്രസംഗിച്ചതെങ്കിലും അവൻ മറ്റ് പതിനൊന്ന് അപ്പോസ്തലന്മാരോടു കൂടിനിന്നാണ് പ്രസംഗിച്ചതെന്ന് കാണുന്നു. (പ്രവൃത്തി 2: 14). അപ്പോസ്തലപ്രവൃത്തികൾ രണ്ടു മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വിഷയം കൂട്ടായ്മയാണ്.

പത്രോസും യോഹന്നാനും വ്യത്യസ്ത സ്വഭാവമുള്ള മനുഷ്യരായിരുന്നു. പത്രോസ് വളരെ ഉത്സാഹിയും ധൃതഗതിക്കാരനുമായിരുന്നു. കർത്താവിനെ തള്ളിപ്പറയുകയില്ലെന്ന് അഭിമാനത്തോടെ പറ





യുവാൻ തിടുക്കം കാണിച്ചവനും കർത്താവാണെന്ന് അറിഞ്ഞപ്പോൾ ഗലീലക്കടലിലേക്ക് ആദ്യം ചാടിയവനും (യോഹ:21) അവൻ തന്നെ. എന്നാൽ യോഹന്നാൻ ശാന്തശീലനും ഏകാന്തജീവിതത്തിൽ ധ്യാനിക്കാനും സ്വർഗ്ഗീയ ദർശനങ്ങൾ കാണാൻ ആഗ്രഹിച്ചിരുന്നവനുമായിരുന്നു(പത്രോസിലെപ്പോലെ).മാനുഷികമായ രീതിയിൽ യാതൊരു സാമ്യവുമില്ലാത്തവരെയാണ് ദൈവം സഭയിൽ ഒരുമിച്ചു കൊണ്ടു വരുന്നത്.കാരണം സമാനപ്രകൃതക്കാരായ രണ്ടുപേരെ ഒന്നാക്കുന്ന പ്രവൃത്തിയിലും എത്ര മഹത്തരമായ പ്രവൃത്തിയാണ് വ്യത്യസ്തരായ രണ്ടുപേരെ ഒന്നാക്കുന്നത്!

പ്രവൃത്തി 13.2 ൽ അന്ത്യോക്യയിലെ സഭയിലെ മൂപ്പൻമാർ കർത്താവിന്റെ ഹിതം വെളിപ്പെടേണ്ടതിനായി ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടിരുന്നതായി നാം കാണുന്നു.പരിശുദ്ധാത്മാവ് അവരോട് ശൌലിനെയും(പൗലോസ്) ബർന്നബാസിനെയും കർത്താവിന്റെ വേലയ്ക്കായി വേർതിരിക്ക എന്നു പറയുമ്പോൾ പഴയ നിയമത്തിൽ നിന്നും വ്യത്യസ്തമായി രണ്ടുപേരെ ഒരുമിച്ചാണ് ആത്മാവ് വിളിക്കുകയും വേർതിരിക്കയും ചെയ്യുന്നത് എന്നുള്ള കാര്യം ശ്രദ്ധിക്കുക.ഇത് പുതിയ നിയമകാലമാകയാൽ ഒരാൾ തനിയെ ശുശ്രൂഷ ചെയ്യാൻ ദൈവം അനുവദിക്കുന്നില്ല. ക്രിസ്തുവിന്റെ ശരീരത്തിന്റെ ശുശ്രൂഷയാണ് ആവശ്യമായിരിക്കുന്നത്. അതിന് കുറഞ്ഞ പക്ഷം രണ്ടുപേർ ആവശ്യമായിരുന്നു. വ്യത്യസ്തമായ സ്വഭാവമുള്ള രണ്ടുപേരെ ഇവിടെയും ദൈവം ഒരുമിച്ച് വിളിക്കുന്നു. പൗലൊസ് കർക്കശ്ശക്കാരനും വിട്ടുവീഴ്ചയില്ലാത്ത മനോഭാവക്കാരനുമായിരുന്നു.പ്രവൃത്തികൾ 15 ന്റെ 36 മുതൽ 39 വരെയുള്ള ഭാഗം നോക്കുക. ഒന്നാം യാത്രയിൽ ഇടയ്ക്കുവച്ച് അവരെ വിട്ടിട്ടുപോയ മർക്കോസിനെ ചൊല്ലിയുണ്ടായ

**പത്രോസും യോഹന്നാനും വ്യത്യസ്ത സ്വഭാവമുള്ള മനുഷ്യരായിരുന്നു. പത്രോസ് വളരെ ഉത്സാഹിയും ധൃതഗതിക്കാരനുമായിരുന്നു. എന്നാൽ യോഹന്നാൻ ശാന്തശീലനും സ്വർഗ്ഗീയ ദർശനങ്ങൾ കാണാൻ ആഗ്രഹിച്ചിരുന്നവനുമായിരുന്നു.മാനുഷികമായ രീതിയിൽ യാതൊരു സാമ്യവുമില്ലാത്തവരെയാണ് ദൈവം സഭയിൽ ഒരുമിച്ചു കൊണ്ടു വരുന്നത്.കാരണം സമാനപ്രകൃതക്കാരായ രണ്ടുപേരെ ഒന്നാക്കുന്ന പ്രവൃത്തിയിലും എത്ര മഹത്തരമായ പ്രവൃത്തിയാണ് വ്യത്യസ്തരായ രണ്ടുപേരെ ഒന്നാക്കുന്നത്!**

വാദത്തിൽ പൗലൊസ് യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല. എന്നാൽ പ്രബോധനപുത്രൻ എന്നർത്ഥമുള്ള പേരുകാരനായ ബർന്നബാസാകട്ടെ മർക്കോസിന് ഒരു അവസരം കൂടി കൊടുക്കണം എന്ന അഭിപ്രായക്കാരനായിരുന്നു.രണ്ടുപേരും അവരവരുടെ അഭിപ്രായത്തിൽ ഉറച്ചു നിന്നതിനാൽ അവർക്ക് കുറേക്കാലത്തേക്ക് ഒരുമിച്ച് കർത്താവിന്റെ വേല ചെയ്യാൻ കഴിഞ്ഞില്ല.അവർ രണ്ടുപേരും ശക്തമായ ഇച്ഛാശക്തിയുള്ളവരായിരുന്നതിനാൽ യാക്കോബ് 3 ന്റെ 17 ൽ കാണുന്ന 'കീഴ്പ്പെടുവാൻ കഴിയുന്ന ഉയരത്തിലെ ജ്ഞാനം' പ്രാപിച്ചവരും ആയിരുന്നില്ല. അവർക്കും നമ്മെപ്പോലെ അവരുടെ ജഡത്തെക്കുറിച്ച് അല്പാല്പമായ വെളിച്ചം കിട്ടി വളരേണ്ടത് ആവശ്യമായിരുന്നു.അപ്പോസ്തലന്മാർ ആരുംതന്നെ തുടക്കത്തിലെ പൂർണ്ണപക്വതയിലെത്തിയ വിശുദ്ധന്മാർ ആയിരുന്നില്ല. എന്നാൽ പിൽക്കാലത്ത്

**പൗലൊസിനും ബർന്നബാസിനും വ്യത്യസ്ത സ്വഭാവമാണ് ഉണ്ടായിരുന്നത്. പരിശുദ്ധാത്മാവ് അവരെ ഒന്നിച്ച് വിളിച്ചപ്പോൾ ഒരുമിച്ച് ഐക്യത്തിൽ എങ്ങനെ പോകണം എന്ന് അവർക്കറിഞ്ഞുകൂടായിരുന്നു. നിർഭാഗ്യവശാൽ ഇന്നും പല വിശ്വാസികളുടെയും സ്ഥിതി ഇതു തന്നെ. പക്വതയില്ലാത്തവരുടെ കാര്യത്തിൽ ഈ നില സഹിക്കാവുന്നതാണ്. പത്തുവർഷത്തിലധികം വിശ്വാസികളായിരുന്നവരുടെ ഇടയിൽ ഈ അവസ്ഥ കണ്ടാൽ എന്തു പറയേണ്ടൂ? അത് ഏറ്റവും ശോചനീയം തന്നെ.**

പൗലൊസും ബർന്നബാസും മർക്കോസും തമ്മിൽ ശ്രേഷ്ഠമായ കൂട്ടായ്മ ഉണ്ടായിരുന്നതായി 2 തിമോ. 4.11 ന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാം.

പൗലൊസിനും ബർന്നബാസിനും വ്യത്യസ്ത സ്വഭാവമാണ് ഉണ്ടായിരുന്നത്. പരിശുദ്ധാത്മാവ് അവരെ ഒന്നിച്ച് വിളിച്ചപ്പോൾ ഒരുമിച്ച് ഐക്യത്തിൽ എങ്ങനെ പോകണം എന്ന് അവർക്കറിഞ്ഞുകൂടായിരുന്നു.നിർഭാഗ്യവശാൽ ഇന്നും പല വിശ്വാസികളുടെയും സ്ഥിതി ഇതു തന്നെ.പക്വതയില്ലാത്തവരുടെ കാര്യത്തിൽ ഈ നില സഹിക്കാവുന്നതാണ്. പത്തുവർഷത്തിലധികം വിശ്വാസികളായിരുന്നവരുടെ ഇടയിൽ ഈ അവസ്ഥ കണ്ടാൽ എന്തു പറയേണ്ടൂ?അത് ഏറ്റവും ശോചനീയം തന്നെ.

നമുക്ക് ഇങ്ങനെ പറയാം, പൗലൊസ് 'സത്യ'ത്തിനു വേണ്ടി നിന്നവനും ബർന്നബാസ് 'കൃപ'യ്ക്കു വേണ്ടി നിന്നവനുമായിരുന്നു. എന്നാൽ അവർ അന്യോന്യമുള്ള ആവശ്യം കണ്ടിരുന്നെങ്കിൽ കൃപയും സത്യവും നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ മഹത്വം അപ്പോൾ അവരിൽ ദർശിപ്പാൻ കഴിയുമായിരുന്നു.(യോഹ: 1:14) തനിയെ ഒരാൾക്ക് ചെയ്യാൻ കഴിയാത്തകാര്യം അവർക്ക് ഒരുമിച്ച് ചെയ്യാൻ കഴിയുമായിരുന്നു.അതുകൊണ്ടാണ് തെറ്റിപ്പോകാത്ത പരിശുദ്ധാത്മാവ് ഇവരെ ഒന്നിച്ചു വിളിച്ചത്.ഒരു പ്രാദേശിക സഭയ്ക്ക് പൗലൊസിനെപ്പോലുള്ള ഒരു വ്യക്തിയുടെ ശുശ്രൂഷമാത്രം ലഭിച്ചാൽ ഒരു പക്ഷേ മിക്കവരും വേഗത്തിൽ സഭവിട്ടുപോകുകയും പൗലൊസ് മാത്രം ശേഷിക്കുകയും ചെയ്തെന്നുവരാം. മറിച്ച് ബർന്നബാസിനെ പോലുള്ള ഒരു വ്യക്തിയുടെ ശുശ്രൂഷമാത്രം ലഭിക്കുന്ന ഒരു സഭ നട്ടെല്ലില്ലാത്ത ഒരു സഭയായി വളർന്നു വരികയും ചെയ്യും. എന്നാൽ പൗലൊസിനും ബർന്നബാസിനും ഒന്നിച്ച് യഥാർത്ഥ സഭയെ പണിയാൻ കഴിയുമായിരുന്നു.പ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ നാം കാണുന്നത് ഈ കാര്യം കാണാൻ പിശാച് അവരെ അനുവദിക്കാതിരിക്കുന്നതാണ്. എന്നാൽ പിന്നീട് ഈ വസ്തുത കാണുവാൻ അവർക്ക് ഇടയായി എന്നുള്ളതിൽ ദൈവത്തിന് സ്തോത്രം.

ബർന്നബാസ് പൗലൊസിനെ വിട്ടുപിരിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് മറ്റൊരു സഹപ്രവർത്തകനെ പൗലൊസിന് നൽകിയതായി പ്രവൃത്തികൾ 16 ന്റെ 1 ൽ കാണുന്നു.അത് തിമൊഥെയൊസ് ആയിരുന്നു.പൗലൊസ് തനിയെ ശുശ്രൂഷിപ്പാൻ പരിശുദ്ധാത്മാവ് അനുവദിക്കുന്നില്ല.ഇവിടെയും അവനുവേണ്ടി ദൈവം ഒരുക്കിയ കൂട്ടുവേലക്കാരൻ സ്വഭാവത്തിൽ വ്യത്യസ്തനായിരുന്നു.എങ്കിലും സ്വന്തമായത് അന്വേഷിക്കുന്നതിൽ നിന്നുള്ള സ്വാതന്ത്ര്യത്തിലും പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ സ്നേഹി





ക്കുന്നതിലും അവർ ഒരേ മനോഭാവമുള്ളവരായിരുന്നു(ഫിലി. 2:19-21). സ്വഭാവഗുണത്തിൽ അവർ രണ്ട് ധ്രുവങ്ങളിലായിരുന്നെങ്കിലും തന്റെ മറ്റെല്ലാ കൂട്ടുവേലക്കാരെക്കാളും അധികം പൗലൊസ് തിമൊഥെയൊസിനെ വിലമതിക്കാൻ ഇടയായി. സ്വഭാവത്തിലുള്ള ഭിന്നത അതിജീവിക്കുന്ന മഹത്തരമായ കൂട്ടായ്മ അവർ തമ്മിൽ ഉണ്ടായിരുന്നു. ഒടുവിൽ പരിശുദ്ധാത്മാവ് ആഗ്രഹിച്ചത് പൗലൊസിൽ നിവൃത്തിക്കാൻ കഴിയുകയും ചെയ്തു.

മറ്റൊരാളിന്റെ ശുശ്രൂഷ അനുകരിക്കാൻ ശ്രമിക്കുന്ന ഒരാൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലുള്ള സ്വന്ത ശുശ്രൂഷ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്.സഭയിലെ ചെറുപ്പക്കാരായ പലർക്കും സംഭവിക്കുന്ന അബദ്ധമാണിത്. ഒരു പക്ഷേ ഏതെങ്കിലും ഒരു ദൈവമനുഷ്യന്റെ ശുശ്രൂഷയോട് അവർക്കുള്ള ആദരവു മൂലം തങ്ങൾക്ക് ആ ശുശ്രൂഷയ്ക്കുള്ള വിളി ഇല്ലെന്നുള്ള സത്യം മനസ്സിലാക്കാതെ അദ്ദേഹത്തെ അനുകരിക്കുകയാവും അവർ ചെയ്യുന്നത്. എബ്രായർ 11.29 ൽ കാണുന്നതുപോലെ ദൈവനിയോഗത്താൽ ചെങ്കടൽ കടന്ന യിസ്രായേൽ മക്കൾ ബുദ്ധിമുട്ടുകൂടാതെ ചെങ്കടൽ കടന്നെങ്കിലും അവരെ അനുകരിക്കാൻ ശ്രമിച്ച മിസ്രയേമ്യർ മുങ്ങിപ്പോയത് നമുക്ക് ദൃഷ്ടാന്തമായിരിക്കുന്നു.മറ്റുള്ളവരുടെ ശുശ്രൂഷ അനുകരിക്കാൻ ആഗ്രഹിക്കുന്നവരും ജഡികവും പ്രാകൃതവുമായ കടലിൽ മുങ്ങിപ്പോകുന്നു.രണ്ട്ഉദാഹരണങ്ങൾ ചിന്തിക്കാം. യിരെമ്യ. 1 ന്റെ 10 ൽ കാണുന്നതുപോലെ നിർമ്മൂലമാക്കാനും, പൊളിക്കുവാനും നശിപ്പിപ്പാനും, ഇടിച്ചുകളവാനും, അതിനുശേഷം പണിയാനുമുള്ള യിരെമ്യാവിന്റെ ശുശ്രൂഷ വളരെ ചുരുക്കം പേർക്കു മാത്രമേ ദൈവം നൽകുകയുള്ളൂ. ദൈവിക വിളിയില്ലാതെ ആ തരത്തിലുള്ള ഒരു ശുശ്രൂഷ ചെയ്യുന്ന ഒരാൾ ദൈവദത്തമായ സ്വന്തം ശുശ്രൂഷ നശിപ്പിക്കും എന്നു മാത്രമല്ല, തന്റെ ആത്മാവിനെ നഷ്ടമാക്കുകയും ചെയ്യുന്നു. ഉപദേഷ്ടാക്കന്മാരാകാനുള്ള ആഗ്രഹത്തിൽ നിന്നും ഒഴിഞ്ഞുകൊള്ളാൻ യാക്കോബ് 3:1 ൽ ബുദ്ധി പറയുന്നു.സഭയിൽ ഉപദേഷ്ടാക്കൻമാരാകാൻ ദൈവത്താൽ വിളിക്കപ്പെട്ടവർ ജയകരമായി ആ ശുശ്രൂഷ നിർവഹിക്കാനുള്ള കൃപ പ്രാപിക്കും.അങ്ങനെയുള്ളവരെ അനുകരിക്കുന്നവർ സ്വയം മുങ്ങിപ്പോകുമെന്നുമാത്രമല്ല, മറ്റുപലരെയും സംശയത്തിന്റെയും തെറ്റായ പഠിപ്പിക്കലിന്റെയും കടലിൽ മുക്കിക്കളയുകയും ചെയ്യുന്നു.

പുതിയ നിയമം നൽകിയിരിക്കുന്നത് വ്യക്തികളെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലേക്ക് ആനയിക്കാനാണ്. പഴയനിയമത്തിൽ അപ്രകാരമൊരു ശരീരം ഇല്ലായിരുന്നു.കാരണം എബ്രായർ 10:20 ൽ കാണുന്ന ജഡത്തിന്റെ കൂടെയുള്ള ജീവനുള്ള പുതിയ വഴി അതുവരെ തുറക്കപ്പെട്ടിരുന്നില്ല എന്നതുതന്നെ. അതുകൊണ്ട് പുതിയനിയമ അർത്ഥത്തിലുള്ള കൂട്ടായ്മയിലേക്ക് രണ്ട് വ്യക്തികൾ വരിക അസാദ്ധ്യമായിരുന്നു.പഴയനിയമത്തിൽ കൂട്ടായ്മ അസാദ്ധ്യമാക്കി തീർത്തിരുന്നത് അവരുടെ മനുഷ്യസ്വഭാവം ആയിരുന്നെങ്കിൽ പുതിയ നിയമത്തിൽ ജീവിതത്തിൽ അത് സാദ്ധ്യമാക്കിത്തീർക്കുന്നത് ദൈവികമായ സ്വഭാവമാണ്. കാരണം ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീരാനുള്ള സാദ്ധ്യത ഇപ്പോൾ നമുക്കുണ്ട് എന്നതുതന്നെ (2 പത്രോ 1:4) ഇങ്ങനെ കൂട്ടായ്മ സുസാദ്ധ്യമായിത്തീരുകയും ശരീരം പണിയപ്പെടുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന വിശ്വാസികൾക്ക് അന്യോന്യം കൂട്ടായ്മാബന്ധത്തിലേക്ക് വരാൻ കഴിയാത്തതിന്റെ കാര്യം അവർ ഇപ്പോഴും ജഡി

**മാനുഷികമായ രീതിയിൽ മാത്രം ചിന്തിക്കുന്നവർ അവരോട് സാമ്യതയുള്ളവരോടു മാത്രം ചേർന്നുപോകുവാൻ ആഗ്രഹിക്കും. മലയാളികൾ മറ്റു മലയാളികളോടും, ആംഗ്ലോ-ഇൻഡ്യക്കാർ മറ്റുള്ള ആംഗ്ലോ - ഇൻഡ്യക്കാരോടും തമിഴർ മറ്റ് തമിഴരോടും ചേർന്ന് കൂട്ടങ്ങളുണ്ടാക്കുന്നു. അതുപോലെ ബിരുദധാരികൾ തമ്മിൽ ബിരുദധാരികളുടെ സംഘടന ഉണ്ടാക്കും. ഇതൊക്കെ യേശുക്രിസ്തുവിന്റെ സഭയല്ല, ക്ലബുകൾ മാത്രമാണ്.**

കരും ശിശുക്കളും കേവലം മനുഷ്യരും ആണെന്നതത്രേ. 1 കൊരി 3:3 ൽ പൗലൊസ് കൊരിന്ത്യ ക്രിസ്ത്യാനികളെ ഈ കാരണത്താൽ ശാസിക്കുന്നത് ഇപ്പോഴും ' ജഡികരും ശേഷം മനുഷ്യരെപ്പോലുള്ളവരും' എന്നാണ്. മാനുഷികമായ രീതിയിൽ മാത്രം ചിന്തിക്കുന്നവർ അവരോട് സാമ്യതയുള്ളവരോടു മാത്രം ചേർന്നുപോകുവാൻ ആഗ്രഹിക്കും. മലയാളികൾ മറ്റു മലയാളികളോടും, ആംഗ്ലോ-ഇൻഡ്യക്കാർ മറ്റുള്ള ആംഗ്ലോ - ഇൻഡ്യക്കാരോടും തമിഴർ മറ്റ് തമിഴരോടും ചേർന്ന് കൂട്ടങ്ങളുണ്ടാക്കുന്നു. അതുപോലെ ബിരുദധാരികൾ തമ്മിൽ ബിരുദധാരികളുടെ സംഘടന ഉണ്ടാക്കും. ഇതൊക്കെ യേശുക്രിസ്തുവിന്റെ സഭയല്ല,ക്ലബുകൾ മാത്രമാണ്. ശരീരമാകുന്ന സഭ ദൈവത്തിന്റെ ഹിതത്തിൽ വിവിധ സമൂഹങ്ങളിലും ഭാഷകളിലും രാഷ്ട്രങ്ങളിലും സ്വഭാവത്തിലും ബുദ്ധിപരമായ കഴിവിലും സാമ്പത്തിക കഴിവിലും ഉള്ളവരാൽ ചേർത്തു പണിയപ്പെടുന്നതും, തമ്മിലുള്ള കൂട്ടായ്മമൂലം ഒരേ വിഭാഗത്തിന്റെ പരുപരുത്ത വശങ്ങൾ മാഞ്ഞുപോകുന്നതുമാണ്. അങ്ങനെ ഒരേ സമയത്ത് വിശുദ്ധീകരണവും കൂട്ടായ്മയും വർദ്ധിച്ചുവരുന്നതായി കാണാം.

എബ്രായർ 12:14 ൽ എല്ലാവരോടും കൂട്ടായ്മയ്ക്കായി ഉത്സാഹിപ്പാനും ശുദ്ധീകരണം പ്രാപിക്കാനുമാണ് പറഞ്ഞിരിക്കുന്നത്.പുതിയ നിയമത്തിൽ ഇവ രണ്ടും വേർതിരിക്കാൻ അസാദ്ധ്യമാണ്.നമ്മുടെ രണ്ട് പാദങ്ങളെപ്പോലെ മാറിമാറി ചവുട്ടിയെങ്കിലേ പുതിയചുവടുകൾ വയ്ക്കാൻ സാധിക്കുകയുള്ളു. പലപ്പോഴും ശുദ്ധീകരണത്തിനായുള്ള വാഞ്ഛയാൽ പിടിക്കപ്പെടുന്ന പലരും കൂട്ടായ്മയുടെ ആവശ്യം കാണാതെ പോകുന്നു. അവർ മുടന്തുള്ള ഒരു കാലുമായി ചാടി ചാടി നടക്കുവാൻ ആഗ്രഹിക്കുന്നവരെപ്പോലെയാണ്. അവർ ആരോഗ്യമുള്ള ഒരു കാലുമാത്രം ശ്രദ്ധിക്കുകയും ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ശുദ്ധീകരണം പ്രാപിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യുന്നു. എന്നാൽ ശരീരമാകുന്ന സഭയിലെ മറ്റുള്ളവരുമായി കൂട്ടായ്മ ബന്ധം വളർത്തുവാൻ അവർ യാതൊരു താൽപര്യവും കാണിക്കുകയില്ല. ശുദ്ധീകരണത്തിനായുള്ള അവരുടെ അന്വേഷണം സ്വാർത്ഥത നിറഞ്ഞതും അവരെ ലക്ഷ്യസ്ഥാനത്ത് എത്തിക്കാത്തതുമാണ്; കാരണം കൂട്ടായ്മ കൂടാതെയുള്ള ശുദ്ധീകരണം വ്യാജമാണ്.ഇതുപോലെ തന്നെ ശുദ്ധീകരണം കൂടാതെ കൂട്ടായ്മയ്ക്കായുള്ള ഉത്സാഹവും ചിലരിൽ കണ്ടു എന്നു വരാം.അത്തരത്തിലുള്ള കൂട്ടായ്മയും വ്യാജമാണ്. മുമ്പോട്ട് ശരിയായി നടക്കണമെങ്കിൽ നമ്മുടെ രണ്ടു കാലുകളും ഒരുപോലെ ശക്തമായിരിക്കണം. ഇതുകൊണ്ട് എബ്രായർ 12: 12,13 വാക്യങ്ങളിൽ,തളർന്ന കാൽ ഏതാണോ- കൂട്ടായ്മ

*(ശേഷം പേജ് 31 ൽ)*





## ദൈവം യോജിപ്പിച്ചത്

റോത്തിയുടെ ഇംഗ്ലീഷ് പഠനം തട്ടിയും മുട്ടിയും അപ്പോഴും മുന്നോട്ടുപോകുന്നുണ്ടായിരുന്നു. എന്നാൽ വില്യംകേരി പാഠശാലയിലെ കുട്ടികൾക്കായി കടലാസുകഷണങ്ങൾ ഒട്ടിച്ചുവച്ച് അതിന്മേൽ ലോകത്തിന്റെ ഭൂപടം വലുതായി വരച്ചുവച്ചു. ഓരോ രാജ്യത്തേയും ജനസംഖ്യ, അവരുടെ മതം തുടങ്ങിയ വിവരങ്ങൾ അതതിന്റെ നേർക്ക് എഴുതിവച്ചിരുന്നു. ജ്യോഗ്രഫി പഠിപ്പിക്കുമ്പോൾ അതിലെ ഓരോരോ രാജ്യങ്ങളിലേക്കും വാസ്തവമായി യാത്ര ചെയ്തതുപോലെയാണ് കുട്ടികൾക്കു തോന്നുക.അവിടത്തെ ഭൂപ്രകൃതിയും ആളുകളും അവരുടെ ആചാരങ്ങളും ഒക്കെ അദ്ദേഹം വിവരിക്കും. ഒരു ഭൂഗോളം തന്നെ ഉണ്ടായിരുന്നെങ്കിൽ എന്ന് ചിലപ്പോൾ തോന്നിപ്പോകും. ഒരെണ്ണം വാങ്ങാൻ പണമില്ലാതിരുന്നതുകൊണ്ട് തുകൽകൊണ്ട് താൻ തന്നെ ഒരു ഗ്ലോബ് ഉണ്ടാക്കി. ക്ലാസ്സെടുക്കുമ്പോൾ ചില ഭൂഖണ്ഡങ്ങളും ദ്വീപുകളും മറ്റും ചൂണ്ടിക്കാണിച്ചുകൊണ്ട് 'അവിടെയുള്ളവരെല്ലാം അവിശ്വാസികളാണ്, കൃപയുടെ സുവിശേഷം അവരാരും കേട്ടിട്ടില്ല' എന്ന് ഉറക്കെപ്പറഞ്ഞ് നെടുവീർപ്പിടുന്ന തങ്ങളുടെ അദ്ധ്യാപകനെ കുഞ്ഞുങ്ങൾ ഓർത്തിരുന്നു.ആ സമയം അദ്ദേഹത്തിന്റെ കണ്ണുകൾ നിറയും.

ദാരിദ്ര്യവും മറ്റു പലവിധശോധനകളുമായി കഴിഞ്ഞു കൂടുന്ന ഈയവസരത്തിലാണ് കർത്താവിന്റെ വിളിയുണ്ടായത്.സാധാരണ സംഭവിക്കുന്നത് പോലെ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു മുഖാന്തരമാണ് ദൈവം ഇതിനായുപയോഗിച്ചത്.'ക്യാപ്റ്റൻ കുക്കിന്റെ അവസാന കടൽ യാത്ര' എന്ന പുസ്തകം വായിക്കുകയായിരുന്നു വില്യം. അന്യ നാടുകളിലെ അനുഭവങ്ങളും ജനങ്ങളുടെ അവസ്ഥയുമൊക്കെ വായിച്ചു വന്നപ്പോൾ ഇതിനുമുമ്പുണ്ടാകാത്തവിധം മനസ്സിലൊരു ചിന്തയുദിച്ചു. മക്കദോന്യയിലേക്കുള്ള വിളി പോലെ (പ്രവൃ 16:9), 'നീ കടന്നു വന്ന് ഞങ്ങളെ സഹായിക്കുക' എന്ന് അവിടത്തെ ജനങ്ങൾ നിലവിളിക്കുന്നതുപോലെ തോന്നിച്ചു.തുടർന്നുള്ള ദിവസങ്ങളിലും ഈ അനുഭവം മനസ്സിൽ നിറഞ്ഞുനിന്നു. തങ്ങളെ രക്ഷിക്കണമെന്നു പറഞ്ഞ് മുറവിളി കൂട്ടുന്ന ജനങ്ങളുടെ ചിത്രം. വടക്കെ അമേരിക്കയിലെ ഇന്ത്യക്കാരുടെയിടയിൽ പ്രവർത്തിച്ച ഡേവിഡ് ബ്രയിനേർഡിന്റേയും ജോൺ എലിയറ്റിന്റേയും ജീവിതകഥകൾ നേരത്തെ വായിച്ചിരുന്നു.ഇതെല്ലാം ചേർന്ന് മനസ്സിനെ മഥിച്ചു. ഭിത്തിയിൽ വരച്ചു വച്ചിരുന്ന ഭൂപടം പ്രാർത്ഥനാ ചാർട്ടായി മാറി. ഓരോ രാജ്യത്തിന്റേയും ആവശ്യങ്ങളെക്കുറിച്ച് പ്രാർത്ഥിക്കുമ്പോൾ അവ നിറവേറ്റാൻ കർത്താവ്

**സഭക്കാരെ മുഴുവൻ സുവിശേഷ പ്രവർത്തനത്തിന്റെ ആവശ്യകത പറഞ്ഞ് ബോധ്യപ്പെടുത്തണം. തന്റെ സഭയെന്നല്ല ഒരു സഭയ്ക്കും അക്കാലത്ത് അങ്ങനെയൊരു ചുമതലാബോധം ഉണ്ടായിരുന്നില്ല. ഒരു ദിവസം ഒരു മീറ്റിംഗ് സംഘടിപ്പിച്ച് തന്റെ സഭാ ജനങ്ങളെ ഇത്തരം ഒരാവശ്യത്തിലേക്ക് കൊണ്ടുവരണമെന്ന് വിചാരിച്ച് വില്യം സംസാരിച്ചപ്പോൾ അവിടത്തെ മൂപ്പന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. 'താനവിടെ ഇരിക്ക് വില്യം, പുറജാതികളെ മതം മാറ്റണമെന്ന് ദൈവത്തിന് തോന്നുമ്പോൾ അദ്ദേഹമതു ചെയ്തുകൊള്ളും. അതിന് എന്റേയോ തന്റേയോ സഹായം ദൈവത്തിനാവശ്യമില്ല.'**

സമ്പന്നൻ എന്ന ബോധ്യം വന്നു.വിശ്വാസത്താൽ അതു കൈപ്പറ്റുകയേ വേണ്ടൂ. ആയിടെ ആഡ്രൂ ഫുള്ളർ എന്നൊരു ദൈവദാസൻ എഴുതിയ ലേഖനത്തിൽ ഇങ്ങനെ കണ്ടു:'സുവിശേഷം ഭാരമേൽപിക്കപ്പെട്ടവരുടെ ചുമതലയാണ്, അത് അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലെത്തിക്കേണ്ടത്'.അന്നുവരെ ആരും ചിന്തിക്കാൻമെനക്കെടാതിരുന്ന ഒരുവിഷയമായിരുന്നു അത്.ഒരു ദിവസം കടയിൽ ചെരുപ്പ് തുന്നിക്കൊണ്ടിരുന്നപ്പോൾ ഇത് ദൈവത്തിൽ നിന്നും തനിക്ക് നേരിട്ടുള്ള വിളിയാണെന്ന് ബോധ്യമുണ്ടായി.പിന്നെ താമസിച്ചില്ല. 'ഞാനിതാ, ദൈവമേ, എന്നെ അയക്കേണമേ' എന്ന് വില്യം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.

ഇനി സഭക്കാരെ മുഴുവൻ സുവിശേഷ പ്രവർത്തനത്തിന്റെ ആവശ്യകത പറഞ്ഞ് ബോധ്യപ്പെടുത്തണം. തന്റെ സഭയെന്നല്ല ഒരു സഭയ്ക്കും അക്കാലത്ത് അങ്ങനെയൊരു ചുമതലാബോധം ഉണ്ടായിരുന്നില്ല. ഒരു ദിവസം ഒരു മീറ്റിംഗ് സംഘടിപ്പിച്ച് തന്റെ സഭാ ജനങ്ങളെ ഇത്തരം ഒരാവശ്യത്തിലേക്ക് കൊണ്ടുവരണമെന്ന് വിചാരിച്ച് വില്യം സംസാരിച്ചപ്പോൾ അവിടത്തെ മൂപ്പന്റെ പ്രതികരണം ഇങ്ങനെയായിരുന്നു.'താനവിടെ ഇരിക്ക് വില്യം, പുറജാതികളെ മതം മാറ്റണമെന്ന് ദൈവത്തിന് തോന്നുമ്പോൾ അദ്ദേഹമതു ചെയ്തുകൊള്ളും. അതിന് എന്റേയോ തന്റേയോ സഹായം ദൈവത്തിനാവശ്യമില്ല.' മൂപ്പനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അന്നത്തെ പൊതുചിന്താഗതി അയാൾ പ്രതിഫലിപ്പിച്ചെന്നേയുള്ളൂ. നിരാശനായി വില്യം വീട്ടിലേക്ക് മടങ്ങി. എങ്കിലും അടങ്ങിയിരുന്നില്ല. സ്കൂൾ മാസ്റ്ററായ ചെരുപ്പുകുത്തിക്കറിയാമായിരുന്നു ഇത് ദൈവേഷ്ടമാണെന്ന്. കാണുന്നവരോടെല്ലാം ഇക്കാര്യം അദ്ദേഹം പറഞ്ഞുകൊണ്ടേയിരുന്നു. തന്നേപ്പോലെത്തന്നെ അവരും നശിച്ചു പോകുന്നവരെപ്പറ്റി വിചാരമുള്ളവരാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. താൻ കയറാൻ ശ്രമിച്ച ഏറ്റവും ബുദ്ധിമുട്ടേറിയ വൃക്ഷം ഇതായിരുന്നു. പിടിതരാതെ ശാഖകൾ ഉയർന്നും അകന്നുമൊക്കെ നിന്നെങ്കിലും ശ്രമം ഒരിക്കലുമുപേക്ഷിച്ചില്ല.ഒരു ദിവസം ഭൂപടത്തിന്റെ മുന്നിലിരുന്നപ്പോൾ പുതിയൊരാശയം ഉദിച്ചു.ഇതിലെ വിവരങ്ങളെല്ലാം ഒരു പുസ്തകമായെഴുതി പ്രസിദ്ധപ്പെടുത്തണം. അങ്ങനെയായാൽ കൂടുതൽ പേർ ഇതറിയാനിടാകുമല്ലോ. 'പുറജാതികളെ സുവിശേഷം അറിയിക്കുന്നതിന് ക്രിസ്ത്യാനികൾക്കുള്ള ചുമതലയിലേയ്ക്ക് ഒരെത്തിനോട്ടം' എന്ന ദീർഘമായ തലക്കെട്ടോടുകൂടിയ പുസ്തകം എഴുതിത്തയ്യാറാക്കി. ഒരു മാസ്റ്റർ പീസായി അറിയപ്പെടുന്ന ഈ കൃതി മിഷനറി പ്രസ്ഥാനത്തോടെതിർപ്പുള്ളവരുടെ എല്ലാ





വാദമുഖങ്ങളും ഒടിക്കാൻ പോന്നതായിരുന്നു.

ഇതു പ്രസിദ്ധീകരിച്ച് മൂന്നാഴ്ച കഴിഞ്ഞപ്പോൾ പട്ടക്കാരുടെ ഒരു മീറ്റിംഗ് നടന്നു.കേരി എന്തായിരിക്കും സംസാരിക്കുക എന്ന് എല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ.അദ്ദേഹത്തിന് ഒരേയൊരു ചിന്ത മാത്രമായിരുന്നല്ലോ. ഈ സമയമെല്ലാം തന്റെ മുറിയിലെ നിശ്ശബ്ദതയിൽ കേരി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒപ്പം തന്റെ പ്രസംഗത്തിന്റെ വാക്കുകളും തയ്യാറാക്കി. കേൾക്കുന്നവരുടെ മനസ്സിനെപ്പിടിച്ച് കുലുക്കണമല്ലോ. യെശയ്യ. 54:2,3 വാക്യങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു അന്ന് സംസാരിച്ചത്. 'നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശാലമാക്കുക; തടയരുത്, നിന്റെ കയറുകളെ നീട്ടുക. നിന്റെ കുറ്റികളെ ഉറപ്പിക്ക.' കേൾവിക്കാർക്ക് പലർക്കും അറിവുള്ള വചനം തന്നെ. ആരും പക്ഷേ ഇത് മിഷനറി പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ കണ്ടിരുന്നില്ല. സഭയുടെ ഉത്തരവാദിത്വം കേരി വിവരിച്ചു. 'കർത്താവിന്റെ തന്നെ അന്തിമ ആഹ്വാനമുള്ള ഈ വിഷയത്തിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറാനാവില്ല' എന്നു തുടങ്ങി സ്വർഗ്ഗത്തിന്റെ പടിവാതിലോളം കേരി ഇതിനെയെത്തിച്ചു. 'ദൈവത്തിൽ നിന്നും വൻ കാര്യങ്ങൾ പ്രതീക്ഷിക്കുക; ദൈവത്തിനായി വൻ കാര്യങ്ങൾ ഉദ്യമിക്കുക'എന്ന പ്രസിദ്ധമായ തന്റെ വിശ്വാസപ്രമാണം ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് കേരി അന്ന് പ്രസംഗം അവസാനിപ്പിച്ചത്.

പരിശുദ്ധാത്മാവിന്റെ അഭിഷേകം ആ സന്ദേശത്തിനുണ്ടായിരുന്നു.എല്ലാവരും ചൂടുപിടിച്ചു.കേരി പറയുന്നതിന്റെ വാസ്തവം അവർക്കു മനസ്സിലായി. അതിനുവേണ്ടി ഒരു തീരുമാനമെടുക്കണമെന്നായി ഭൂരിപക്ഷം പേരും. എങ്കിലും പരീക്ഷകൻ വെറുതെയിരുന്നില്ല. 'കുറച്ചുപേർ

**ഒരു ദിവസം ഭൂപടത്തിന്റെ മുന്നിലിരുന്നപ്പോൾ പുതിയൊരാശയം ഉദിച്ചു. ഇതിലെ വിവരങ്ങളെല്ലാം ഒരു പുസ്തകമായെഴുതി പ്രസിദ്ധപ്പെടുത്തണം. അങ്ങനെയായാൽ കൂടുതൽ പേർ ഇതറിയാനിടാകുമല്ലോ. 'പുറജാതികളെ സുവിശേഷം അറിയിക്കുന്നതിന് ക്രിസ്ത്യാനികൾക്കുള്ള ചുമതലയിലേയ്ക്ക് ഒരെത്തിനോട്ടം' എന്ന ദീർഘമായ തലക്കെട്ടോടുകൂടിയ പുസ്തകം എഴുതിത്തയ്യാറാക്കി. ഒരു മാസ്റ്റർ പീസായി അറിയപ്പെടുന്ന ഈ കൃതി മിഷനറി പ്രസ്ഥാനത്തോടെതിർപ്പുള്ളവരുടെ എല്ലാ വാദമുഖങ്ങളും ഒടിക്കാൻ പോന്നതായിരുന്നു.**

മാത്രമുള്ള നമുക്കെന്തു ചെയ്യാൻ സാധിക്കും? ഇങ്ങനെയൊരു ദൗത്യം ഏറ്റെടുക്കാനുള്ള സാമ്പത്തിക ഭദ്രത നമുക്കുണ്ടോ?' തുടങ്ങിയ വാദങ്ങളാൽ ചിലർ നിരാശപ്പെടുത്താൻ നോക്കിയെങ്കിലും അവസാനം ഒരു സംഘടന നിലവിൽ വരുകതന്നെ ചെയ്തു. 'പുറജാതികളുടെയിടയിലെ സുവിശേഷ പ്രവർത്തനത്തിനുള്ള ബാപ്റ്റിസ്റ്റ് സൊസൈറ്റി' എന്നായിരുന്നു ഇതിന്റെ പേര്. ഇംഗ്ലണ്ടിൽ നിന്നുണ്ടായ ഇത്തരത്തിലുള്ള ആദ്യസംരംഭം.

ഇക്കാലത്ത് ഏതോ ഒരു സമയം ഡൊറോത്തി എഴുതാനും വായിക്കാനും എങ്ങനെയോ പഠിച്ചെടുത്തു. എന്നാൽ അതുകൊണ്ടെന്തെങ്കിലും ഗുണമുണ്ടായതായി അവർക്കു തോന്നിയില്ലയെന്നതാണ് സത്യം.ആ അറിവ് പ്രവൃത്തിയിലാക്കിയില്ല എന്നു ചുരുക്കം. പലപ്പോഴും ഭയവും ആശങ്കയും അരക്ഷിതബോ

ധവും അവരെ അലട്ടി. ഇപ്പോഴവർക്ക് മൂന്ന് ആൺമക്കളുണ്ട്. മൂത്തയാൾ എട്ടു വയസ്സുള്ള ഫെലിക്സ്. പിന്നെ വില്യം അഞ്ചുവയസ്സ്. മൂന്നാമത്തേത് മൂന്നു വയസ്സുകാരൻ പീറ്റർ. ഇതിനും ഇളയതായി ലൂസി എന്നൊരു മകളുണ്ടായിരുന്നത് മരിച്ചുപോയിരുന്നു. തുടരെത്തുടരെയുള്ള കുഞ്ഞുങ്ങളുടെ മരണവും ഡൊറോത്തിയെ വല്ലാതെയുലച്ചു. എപ്പോഴും പഠനത്തിനും പ്രസംഗത്തിനും മറ്റുമായി നടന്ന വില്യമിന്റെ പ്രവൃത്തികൾ പലതും ഡൊറോത്തിക്ക് മനസ്സിലാക്കാവുന്നതിലും അപ്പുറത്തായിരുന്നു. പലപ്പോഴും താൻ ഏകയാണെന്ന തോന്നലുണ്ടായിക്കാണും.വില്യമാകട്ടെ ഒരു മിനിട്ടുപോലും പാഴാക്കാതെയുള്ള തന്റെ കഠിന പ്രയത്നങ്ങൾ തുടർന്നുപോന്നു.ഭർത്താവ് തന്നെ അവഗണിക്കുന്നുണ്ടെന്ന് ഡൊറോത്തിക്കു തോന്നിക്കാണും.ദൈവം തന്നെ ഭാരമേൽപ്പിച്ച, അസാദ്ധ്യമെന്ന് കരുതാവുന്ന ദൗത്യം, എങ്ങനെ പ്രാവർത്തികമാക്കാമെന്ന ചിന്തയിലായിരുന്നു വില്യം. ഈ സമയം ഡൊറോത്തി സാവധാനം തന്റെ തന്നെ സ്വപ്നലോകത്തേക്ക് പിൻവലിയാൻ തുടങ്ങി. വില്യമിന്റെ ലോകം വിശാലമായിക്കൊണ്ടിരുന്നപ്പോൾ ഡൊറോത്തിയുടേത് മറിച്ചായി.

താഹിറ്റിയിലോ ആഫ്രിക്കയിലോ പോകാമെന്നാണ് വില്യം ആദ്യം കരുതിയത്. എന്നാൽ കൊൽക്കൊത്തയിൽ ജോലി ചെയ്തിരുന്ന ഒരു ഡോക്ടറെ പരിചയപ്പെടാനിടയായതിൽ നിന്നും ഇന്ത്യയിലേക്ക് പോകുന്നതായിരിക്കും നല്ലതെന്ന് തോന്നി.ഡോ. ജോൺ തോമസ് അവധി കഴിഞ്ഞ് മടങ്ങുകയാണ്. അയാളോടൊപ്പം പോകാൻ വില്യം പദ്ധതിയിട്ടു. ഈ തീരുമാനം സൊസൈറ്റിയുടെ മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ ഒരുപട്ടക്കാരൻ പറഞ്ഞു. 'ഭൂമിയുടെ അടിത്തട്ട് വരെ സ്വർണ്ണം നിറഞ്ഞിരിക്കുന്ന ഒരു ഖനിയാണ് ഇന്ത്യയെന്ന് തോന്നുന്നല്ലോ.' 'നൂറുശതമാനം ശരിയാണ്, ആ ഖനിയിലേയ്ക്ക് ഞാൻ ഇറങ്ങുകയാണ്. എന്റെ അരയിൽ കെട്ടിയിരിക്കുന്ന കയറിന്റെയറ്റം പക്ഷേ നിങ്ങളിവിടെയിരുന്നു പിടിച്ചുകൊള്ളണം' എന്ന് വില്യമും പറഞ്ഞു. അങ്ങനെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി.

വിവരമറിഞ്ഞപ്പോൾ ഡൊറോത്തിക്ക് എതിർപ്പായിരുന്നു. സ്വന്തം നാടും വീടും വിട്ട് എങ്ങോട്ടും പോകാൻ അവരിഷ്ടപ്പെട്ടില്ല. അങ്ങനെപോയി ശീലവുമില്ല. രണ്ടു പെൺകുഞ്ഞുങ്ങളുടെ മരണം ഏൽപ്പിച്ച വേദന ഒരു വശത്ത്.. ഇന്ത്യയിലെത്തിയാൽ, ജീവിച്ചിരിക്കുന്ന കുട്ടികൾക്കെന്തു സംഭവിക്കും എന്ന ചിന്ത വേറൊരു വശത്ത്. കൂടാതെ താൻ ഗർഭിണിയുമാണ്. സ്നേഹവും ലാളനയും സുരക്ഷിതത്വവുമൊക്കെ ഏറ്റവും ആഗ്രഹിച്ചുപോകുന്ന സമയം. വില്യമിന്റെ അപ്പനും ഏതാണ്ട് ഡൊറോത്തിയെപ്പോലെ തന്നെയാണ് ചിന്തിച്ചത്. 'അവനെന്താ ഭ്രാന്തുപിടിച്ചോ?' എന്നദ്ദേഹം ചോദിച്ചുപോയി. വെയിലത്ത് പണിചെയ്യാൻ ബുദ്ധിമുട്ടുള്ള വില്യം ഇന്ത്യയിലേക്ക് പോയാൽ എന്തായിരിക്കും അവസ്ഥ എന്ന് അപ്പൻ അത്ഭുതപ്പെട്ടു. പക്ഷേ വില്യമിന് മാറ്റമൊന്നുമുണ്ടായില്ല. അദ്ദേഹം അപ്പന് ഇങ്ങനെയൊരു കത്തെഴുതി. 'എനിക്കൊരുപാട് ത്യാഗങ്ങൾ ചെയ്യേണ്ടിവരുമെന്നറിയാം. പലതും നഷ്ടമാകും. എന്റെ പ്രിയപ്പെട്ട കുടുംബത്തേയും സ്നേഹം നിറഞ്ഞ സുഹൃത്തുക്കളേയും ഒക്കെ വിട്ടുപിരിയേണ്ടിവരും. കഴിഞ്ഞ ഞായറാഴ്ച സഭാമീറ്റിംഗിൽ തളം കെട്ടി നിന്നത്രയും ദു:ഖം ഇതിനുമുമ്പൊരിക്കലും എനിക്ക് കാണാനിടയായിട്ടില്ല. എന്നിരുന്നാലും തീരുമാനത്തിന് മാറ്റമില്ല. കാരണം ഞാൻ കലപ്പയ്ക്ക് കൈവച്ചിരിക്കുന്നു.'

(തുടരും)

❖





സാക്ഷ്യം

### എന്റെ ആത്മീയയാത്ര V

# ഉയിർത്തെഴുന്നേൽപ്പിന്റെ ശാസ്ത്രീയ തെളിവ്

ബിനോയ് ജയിംസ്

പുതിയനിയമത്തെ അടുത്ത്ചെന്ന് സൂക്ഷ്മമായി പരിശോധിക്കാം.ആദ്യത്തെ നാല് പുസ്തകങ്ങളിൽ (മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ) എഴുത്തുകാർ വിവരിക്കുന്നത് യേശു എന്ന ഒരു മനുഷ്യനെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ അത്ഭുത ജനനം, ഉപദേശങ്ങൾ, അത്ഭുത പ്രവൃത്തികൾ, താൻ ദൈവ പുത്രനാണെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം, ക്രൂശീകരണവും ഉയിർത്തെഴുന്നേൽപ്പും തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങൾ എന്നിങ്ങനെ ക്രിസ്തുവിന്റെ ജീവിതത്തെക്കറിച്ചുള്ള സകലവും അവർ എഴുതിയിരിക്കുന്നു.അവരെല്ലാവരും ഒരുപോലെ പറയുന്നത് മരണശേഷം മൂന്നാംനാൾ അദ്ദേഹത്തിന്റെ കല്ലറ ഒഴിഞ്ഞ് കിടക്കുന്നത് കണ്ടതായാണ്.കൂടാതെ യേശു മരണത്തെ തോല്പിച്ച് ഉയിർത്തെഴുന്നേറ്റുവെന്നും ഉയിർത്തെഴുന്നേറ്റ യേശുവിനെ തങ്ങൾ നേരിൽ കണ്ടുവെന്നും അവർ സാക്ഷ്യപ്പെടുത്തുന്നു.

ഈ ശിഷ്യന്മാരെല്ലാം സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരായിരുന്നു.അവരിൽ പലരും മീൻപിടുത്തക്കാരും ചുങ്കക്കാരുമൊക്കെ ആയിരുന്നു, വൈദ്യനായ ലൂക്കോസ് ഒഴിച്ച്. മുൻപറഞ്ഞ സംഭവങ്ങൾക്ക് ഇവർ ദൃക്സാക്ഷികളോ അല്ലെങ്കിൽ ദൃക്സാക്ഷികളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ആണ് ചെയ്തിരിക്കുന്നത്. വീണ്ടും പറയട്ടെ, ചരിത്രത്തിൽ എല്ലാറ്റിനും സാദ്ധ്യതയുണ്ട്. എന്നാൽ എല്ലാം സംഭവ്യമല്ല. (സംഭവിച്ചുവെന്ന് തീർച്ചപ്പെടുത്തുവാൻ കഴിയില്ല). ഈ എഴുത്തുകൾ കള്ളമാണെന്ന് വേണമെങ്കിൽ ചിന്തിക്കാം. അതിന് സാദ്ധ്യതയുണ്ട്. എന്നാൽ തീർച്ചപ്പെടുത്തുവാൻ കഴിയുമോ? യുക്തിപരമായി ചിന്തിച്ചുനോക്കാം. എന്തിന് വേണ്ടിയാണ് ഒരുവൻ സാധാരണയായി നുണപറയുന്നത്? സാമ്പത്തികനേട്ടം ഉണ്ടാകുന്നതിനോ സ്വയം സംരക്ഷിക്കുന്നതിനോ മറ്റുള്ളവരെ സംരക്ഷിക്കുന്നതിനോ പ്രശസ്തനാകുന്നതിനോ ഒക്കെ ഒരുവൻ കള്ളം പറയുവാൻ സാധ്യതയുണ്ട്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ കള്ളം പറയുന്നുവെന്ന് പറഞ്ഞാൽ അതെന്തിനുവേണ്ടി എന്ന് ചിന്തിക്കേണ്ടിവരും.അവർക്ക് സമ്പത്തോ പ്രശസ്തിയോ ലഭിച്ചുവോ? ഒരിക്കലുമി

**എന്തിന് വേണ്ടിയാണ് ഒരുവൻ സാധാരണയായി നുണപറയുന്നത്? സാമ്പത്തികനേട്ടം ഉണ്ടാകുന്നതിനോ സ്വയം സംരക്ഷിക്കുന്നതിനോ മറ്റുള്ളവരെ സംരക്ഷിക്കുന്നതിനോ പ്രശസ്തനാകുന്നതിനോ ഒക്കെ ഒരുവൻ കള്ളം പറയുവാൻ സാധ്യതയുണ്ട്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ കള്ളം പറയുന്നുവെന്ന് പറഞ്ഞാൽ അതെന്തിനുവേണ്ടി എന്ന് ചിന്തിക്കേണ്ടിവരും.അവർക്ക് സമ്പത്തോ പ്രശസ്തിയോ ലഭിച്ചുവോ? ഒരിക്കലുമില്ല. അവരെല്ലാം ദരിദ്രരായ മനുഷ്യരായിരുന്നു.**

ല്ല. അവരെല്ലാം ദരിദ്രരായ മനുഷ്യരായിരുന്നു. തങ്ങളുടെ ജീവിതകാലത്ത് പ്രശസ്തിയിലേക്ക് എത്തിച്ചേരുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല.അവർക്ക് തങ്ങളെത്തന്നെയോ മറ്റുള്ളവരേയോ സംരക്ഷിക്കുവാൻ കഴിഞ്ഞോ? അതുമില്ല. യേശു ഉയിർത്തുവെന്നുള്ള സത്യം പ്രസംഗിച്ചതിനാൽ അവരിൽ മിക്കവരും രക്തസാക്ഷികളാവുകയാണുണ്ടായത്.അവർ കള്ളം പറഞ്ഞതാണെന്ന വാദത്തെ ന്യായീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, അവർ സാക്ഷികളായിരുന്ന കാര്യങ്ങൾ അവർ പ്രസ്താവിച്ചുവെന്നല്ലാതെ മറ്റെന്താണ് നമുക്ക് പറയുവാൻ സാധിക്കുക?നാല് സുവിശേഷങ്ങളും നമ്മോട് വിളിച്ചറിയിക്കുന്നത് യേശുവിന്റെ കല്ലറ മൂന്നാംനാൾ ഒഴിഞ്ഞ് കിടന്നുവെന്നാണ്.അതിനാൽ ഇതിന്റെ പേരിൽ ഒരു വിവാദത്തിന് പ്രസക്തിയില്ല. ഇനി ചിന്തിക്കേണ്ടത് യേശുവിന്റെ ആ ഭൗതികശരീരത്തിന് എന്തുസംഭവിച്ചുവെന്നാണ്.

ഒഴിഞ്ഞ കല്ലറയെക്കുറിച്ച് വിശദീകരിക്കുവാൻ വിവിധനിലയിൽ നമുക്കു സാധിക്കും. ക്രിസ്തുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ടു പോയതാണോ? സാധ്യതയുണ്ട്,എങ്കിലും തീർച്ചപ്പെടുത്തുവാനാവില്ല. എന്തുകൊണ്ട്? ക്രിസ്തുവിന്റെ ക്രൂശീകരണത്തിനുശേഷം ശിഷ്യന്മാർ അത്യന്തം ഭയചകിതരായിരുന്നു.അതിനാൽ ഇങ്ങനെയൊരു ഉദ്ദേശ്യത്തോടെ അവിടെപ്പോകുവാൻ അവർക്ക് കഴിയുമെന്ന് വിശ്വസിക്കുവാൻ സാധ്യമല്ല.ഓർക്കുക, റോമൻ പടയാളികൾ കല്ലറയ്ക്കു കാവൽ നിന്നിരുന്നതായി നാം വായിക്കുന്നു. അല്ലെങ്കിൽ അവർ അപ്രകാരം ചെയ്തുവെന്നിരിക്കട്ടെ,എങ്ങനെയെങ്കിലും പണിപ്പെട്ട് ശിഷ്യന്മാർ കല്ലറയിൽ നിന്നും മൃതദേഹം മോഷ്ടിച്ചുവെന്നിരിക്കട്ടെ. എങ്കിൽ ഇപ്പോൾ ക്രിസ്തുവിന്റെ ശരീരം ശിഷ്യന്മാരുടെ കൈവശമുണ്ട്.എന്നിട്ട് അവർ പ്രസംഗിക്കുന്നത് യേശു ഉയിർത്തുവെന്നാണ്. അവർ പറയുന്നത് നുണയാണെന്ന് അവർക്ക് ഉറപ്പാണ്.ഇപ്രകാരം പ്രസംഗിച്ചാൽ കൊന്നുകളയുമെന്ന് റോമൻ പടയാളികൾ വാളുമായിവന്ന് ഭീഷണിപ്പെടുത്തിയാൽ, നിങ്ങൾക്ക് തോന്നുന്നുവോ അവർ തങ്ങളുടെ ജീവനെ ഈ ഒരു കാരണത്തിനായി നഷ്ടപ്പെടുത്തുവാൻ തയ്യാറാകുമെന്ന്? സത്യമെന്ന് തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾക്കായി ആളുകൾ ഒരു പക്ഷേ മരിക്കുവാൻ തയ്യാറായേക്കാം. (തീവ്രവാദികളും, നക്സലുകളുമൊക്കെ അങ്ങനെയുള്ളവരാണ്). എന്നാൽ അസത്യമെന്ന് പൂർണ്ണബോധ്യമുള്ള





ഒരു വിഷയത്തിനായി ജീവനെ ത്യജിക്കുവാൻ ആരാണ് തയ്യാറാവുക?

ശിഷ്യന്മാർ യേശുവിന്റെ ശരീരം മോഷ്ടിച്ചുവെന്നുള്ളത് ഒട്ടും സംഭവ്യമല്ലാത്ത ഒന്നാണ്. എന്നാൽ യെഹൂദന്മാർ ക്രിസ്തുവിന്റെ ശരീരം മോഷ്ടിച്ചതാകുമോ? അതിനും സാധ്യതയുണ്ട്.എന്നാൽ ക്രിസ്തുവിന്റെ ശിഷ്യന്മാർ ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്ന് പ്രസംഗിച്ച് നടക്കുമ്പോൾ യെഹൂദന്മാർ ബുദ്ധിയോടെ ചെയ്യേണ്ടത് തങ്ങളുടെ പക്കലുള്ള ക്രിസ്തുവിന്റെ മൃതശരീരം ജനത്തെ കാട്ടിക്കൊടുക്കുക എന്നുള്ളത് മാത്രമാണ്. എങ്കിൽ അത് ക്രിസ്തുമതത്തിന്റെ അവസാനമായിരിക്കും!എന്നാൽ അവരങ്ങനെ ചെയ്തില്ല.അതുകൊണ്ട് യെഹൂദന്മാർ ക്രിസ്തുവിന്റെ ശരീരം മോഷ്ടിച്ചിരിക്കുവാൻ ഒരു സാധ്യതയുമില്ല. മാത്രമല്ല, യേശുവിന്റെ ശരീരം അവന്റെ ശിഷ്യന്മാർ മോഷ്ടിച്ചുവെന്ന് റോമൻ പടയാളികൾക്ക് പണം കൊടുത്ത് നുണപ്രചരിപ്പത് അവരാണെന്നോർക്കുക.

കല്ലറ ശൂന്യമായിക്കിടക്കുവാനുള്ള അടുത്ത കാരണം സുവിശേഷ രചയിതാക്കൾ പറഞ്ഞതുപോലെ യേശു ഉയിർത്തെഴുന്നേറ്റതാകാം.ഏതാണ്ട് അഞ്ഞൂറോളം പേർ യേശുവിനെ കണ്ടതായി അവർ അവകാശപ്പെടുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തങ്ങൾക്ക് പ്രത്യക്ഷനായ ധാരാളം സന്ദർഭങ്ങൾ അവർ വ്യക്തമാക്കുന്നു. ശിഷ്യന്മാരുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും പെട്ടെന്നുണ്ടായ ശാക്തീകരണം അവരുടെ ഇടയിൽ നിഗൂഢമായ എന്തോകാര്യം സംഭവിച്ചുവെന്നുള്ളതിന്റെ തെളിവാണ്.ആദ്യം

**മരണത്തെ മുഖാമുഖം കണ്ടപ്പോഴും ധൈര്യത്തോടെ പ്രസംഗിക്കുവാൻ അവരെ ശക്തിപ്പെടുത്തിയെന്താണ്? ഈ ശിഷ്യന്മാരെല്ലാവരും ആചാരാനുഷ്ഠാനങ്ങളിൽ തീക്ഷ്ണതയുള്ള യെഹൂദന്മാരായിരുന്നു. എന്നാൽ ശബത്തും ബലിയർപ്പണവും പോലുള്ള ആചാരങ്ങൾ പാടേ ഉപേക്ഷിക്കുവാൻ അവർ തയ്യാറായി. ഈ വ്യതിയാനത്തെ എങ്ങനെ വിശദീകരിക്കുവാൻ സാധിക്കും? സാധാരണക്കാരായിരുന്ന ഈ മനുഷ്യരുടെ ജീവിതത്തിലും ആശയങ്ങളിലും പ്രവർത്തന രീതികളിലുമുണ്ടായ സ്ഥായിയായ വ്യതിയാനത്തിനുള്ള ഏകകാരണം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ അവർ നേരിൽകണ്ടു എന്ന സത്യമാണ്.**

ഭീരുക്കളുടെ ഒരു കൂട്ടമായിരുന്നുവെങ്കിലും പിന്നീട് മരണത്തെ മുഖാമുഖം കണ്ടപ്പോഴും ധൈര്യത്തോടെ പ്രസംഗിക്കുവാൻ അവരെ ശക്തിപ്പെടുത്തിയെന്താണ്? ഈ ശിഷ്യന്മാരെല്ലാവരും ആചാരാനുഷ്ഠാനങ്ങളിൽ തീക്ഷ്ണതയുള്ള യെഹൂദന്മാരായിരുന്നു.എന്നാൽ ശബത്തും ബലിയർപ്പണവും പോലുള്ള ആചാരങ്ങൾ പാടേ ഉപേക്ഷിക്കുവാൻ അവർ തയ്യാറായി. ഈ വ്യതിയാനത്തെ എങ്ങനെ വിശദീകരിക്കുവാൻ സാധിക്കും? സാധാരണക്കാരായിരുന്ന ഈ മനുഷ്യരുടെ ജീവിതത്തിലും ആശയങ്ങളിലും പ്രവർത്തന രീതികളിലുമുണ്ടായ സ്ഥായിയായ വ്യതിയാനത്തിനുള്ള ഏകകാരണം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ അവർ നേരിൽകണ്ടു എന്ന സത്യമാണ്.

യേശുവിന്റെ കല്ലറ ഒഴിഞ്ഞ് കിടന്നിരുന്നുവെന്നുള്ളത് ഒരു ചരിത്രസ

ത്യമാണ്.ശിഷ്യന്മാരുടെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ യേശു ഉയിർത്തുവെന്നുള്ളത് സംഭവ്യമാണ്. എങ്കിൽ ലോകചരിത്രത്തിൽ ഇന്നോളം മരണത്തെതോല്പിച്ച് ഉയിർത്തെഴുന്നേറ്റത് താൻ മാത്രമാണ്.അതുകൊണ്ട് തന്റെ അവകാശവാദങ്ങൾ സത്യമായി ത്തീർന്നിരിക്കുന്നു.യേശു ഉയിർത്തുവെങ്കിൽ താൻ പറഞ്ഞ മറ്റുകാര്യങ്ങളുമെല്ലാം സത്യമാണ്. അതായത് ബൈബിൾ സത്യമാണ്.

ബൈബിൾ സത്യമാണെന്ന് പറഞ്ഞല്ല ഞാൻ തുടങ്ങിയത്, മറിച്ച് തെളിവുകളുടേയും യുക്തികളുടേയും അടിസ്ഥാനത്തിൽ ഒരു നിഗമനത്തിൽ എത്തിച്ചേരുകയാണ് ഞാൻ ചെയ്തത്. ആത്മനിഷ്ഠമായ അനുഭവങ്ങൾക്കൊണ്ടു മാത്രം ഒരു വിശ്വാസത്തെ ന്യായീകരിക്കാൻ സാധിക്കുകയില്ല എന്നു ഞാൻ വ്യക്തമാക്കിയിരുന്നല്ലോ. യേശുവിന്റെ ഉയിർപ്പ് വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യമാണ്. ആത്മനിഷ്ഠമായ അനുഭവങ്ങളും വസ്തുനിഷ്ഠമായ സത്യങ്ങളും തമ്മിൽ ഇത്രയും യോജിപ്പ് ക്രിസ്തുമതത്തിലല്ലാതെ മറ്റൊരു മതത്തിലും കാണുവാൻ കഴിയുകയില്ല.മറ്റു മതങ്ങളിൽ ആത്മനിഷ്ഠമായ അനുഭവങ്ങളും വിശ്വാസങ്ങളും ധാരാളമായി കാണുവാൻ കഴിയുമെങ്കിലും വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളുമായി അവയെ ബന്ധപ്പെടുത്തുവാൻ കഴിയുന്നില്ല.

യേശു പറഞ്ഞത് സത്യമെങ്കിൽ മറ്റു വിശ്വാസങ്ങൾ ശരിയല്ലെന്നു പറയേണ്ടിവരും.വീണ്ടും ഞാൻ പറയട്ടെ, ഒരു വിശ്വാസം ശരിയല്ലെന്നു പറഞ്ഞാൽ അതിനോട് അനാദരവ് കാട്ടുക എന്ന് അർത്ഥമാകുന്നില്ല.എന്റെ മറ്റുമതസ്ഥരായ സ്നേഹിതരെ ഞാൻ ബഹുമാനിക്കുന്നു. അവരെനിക്ക് പ്രിയപ്പെട്ടവരാണ്. അവരെന്നോട് നൂറുശതമാനം യോജിക്കുന്നുവോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലല്ല ഞാനവരെ സ്നേഹിക്കുന്നത്.എന്നാൽ നിങ്ങളുടെ വിശ്വാസം ശരിയല്ലെന്നു തെളിയിക്കുകമൂലം ഞാൻ നിങ്ങളെ അനാദരിച്ചുവെന്ന് നിങ്ങൾ കുറ്റപ്പെടുത്തിയാൽ, നിങ്ങളും അതുതന്നെയാണ് എന്നോടും കാട്ടുന്നത് എന്നതല്ലേ സത്യം?

എങ്കിൽ ഇനിയെന്ത്? എന്ന് ചോദിച്ചേക്കാം. പ്രിയപ്പെട്ട സുഹൃത്തേ, യേശു പറഞ്ഞത് സത്യമെങ്കിൽ അതിന്റെ ശാശ്വതമായ അനന്തരഫലം നാം അനുഭവിക്കേണ്ടിവരും. ബൈബിൾ പറയുന്നത് ഇതാണ്:ആദിമാതാപിതാക്കളായ ആദമിന്റെയും ഹവ്വയുടേയും പാപം നിമിത്തം സർവ്വമാനവകുലവും പാപത്തിൽ ജനിക്കുന്നു.നമ്മുടെ ഹൃദയത്തിന്റെ യഥാർത്ഥ ചിത്രം ഇതാണ് വ്യക്തമാക്കുന്നത്.നിങ്ങളുടെ വീടുകളിലുള്ള കുഞ്ഞുങ്ങളെ നോക്കൂ. എനിക്ക് അഞ്ച് മക്കൾ ഉണ്ട്. അവരെ ആരെയും ഞാൻ മോഷ്ടിക്കുവാനോ കള്ളം പറയുവാനോ അസൂയപ്പെടുവാനോ അഹങ്കരിക്കുവാനോ പഠിപ്പിച്ചിട്ടില്ല.എന്നാൽ നല്ല ശീലങ്ങൾ ഞാനവരെ പഠിപ്പിക്കേണ്ടതുണ്ട്.ഏതൊരു ശിശുവിന്റെയും കാര്യത്തിൽ ഇതാണ് സത്യം. മനുഷ്യരിൽ എന്നുവെച്ചാൽ ശിശുക്കളിൽതന്നെ ഈ പാപസ്വഭാവങ്ങൾ കടന്നുകൂടിയത് എവിടെ നിന്നാണ്? നമ്മുടെ രണ്ടുവയസ്സുള്ള കുഞ്ഞിനെ അസൂയപ്പെടുന്നത് എങ്ങനെയെന്ന് ആരെങ്കിലും പഠിപ്പിച്ചുവോ? നിങ്ങൾ സത്യസന്ധരെ





ങ്കിൽ, നമ്മുടെ ഹൃദയത്തിന്റെ യഥാർത്ഥസ്ഥിതി ഇതാണെന്ന് എന്നോടൊപ്പം നിങ്ങളും സമ്മതിക്കും.

പാപത്തിന്റെ ശമ്പളം മരണം അഥവാ നിത്യനരകമെന്നാണ് ബൈബിൾ പറയുന്നത്.എന്നുവെച്ചാൽ മരണാനന്തരം നമ്മെ കാത്തിരിക്കുന്നത് നിത്യശിക്ഷാവിധിയാണ്.പാപിയായ എനിക്കോ നിങ്ങൾക്കോ പൂർണ്ണനായ പരിശുദ്ധദൈവവുമായി ഒരു ബന്ധം സാധ്യമല്ല എന്നതു സത്യമാണ്.

എന്നാൽ ദൈവം നമ്മെ വളരെയധികം സ്നേഹിക്കുന്നതിനാൽ നമ്മുടെ രക്ഷയ്ക്കായി ഒരു വഴി തുറന്ന് തരുവാൻ തയ്യാറായി.അവിടുന്ന് സ്നേഹവാനും നീതിമാനുമായ ദൈവമാണ്.തന്റെ നീതി, പാപിയെ ശിക്ഷായോഗ്യനെന്ന് വിധിച്ചിരിക്കുന്നു.എന്നാൽ തന്റെ നിത്യസ്നേഹം പാപിക്ക് വീണ്ടും ഒരു അവസരം കൂടി നൽകണമെന്ന് ആവശ്യപ്പെടുന്നു.അല്ലാത്തപക്ഷം അവിടുന്ന് സ്നേഹവാനായ ദൈവമല്ല.ദൈവത്തിന്റെ നീതിയും കരുണയും സന്ധിക്കുന്നിടമാണ് കാൽവരിയിലെ ക്രൂശ്.അവിടെ യേശു നമ്മുടെ പാപത്തിന്റെ ശിക്ഷ അനുഭവിച്ചു. ഇപ്രകാരം ചെയ്യുകമൂലം ദൈവം നമുക്കായി ഒരു പുതുവഴി തുറന്ന് നൽകിയിരിക്കുന്നു.നാമെല്ലാവരും ആ വഴി തിരഞ്ഞെടുക്കണമെന്നുള്ളതാണ് അവിടുത്തെ ഹൃദയത്തിന്റെ ആഗ്രഹം.ഇതു ചെയ്താൽ അവിടുന്ന് ശിക്ഷയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കും.തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്ന് നമുക്ക് നൽകിയിരിക്കുന്നു. ഇന്ന് ഇത് നിങ്ങൾ വായിക്കുമ്പോൾ, തന്നോട് നിരപ്പ് പ്രാപിക്കുവാനുള്ള ഈ അവസരം പ്രയോജനപ്പെടുത്തുവാൻ അവിടുന്ന് നിങ്ങളോട് ആവശ്യപ്പെടുന്നു.നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം.ഒരു പാപിയാണെന്ന് നിങ്ങൾ ഏറ്റുപറയുക (മുഖം മൂടിയിൽ നിന്നും പുറത്ത് വരിക). മാനസാന്തരപ്പെടുക (പുറകോട്ട് തിരിയുക).എന്നിട്ട് യേശുവിനെ നിങ്ങളുടെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക. യേശു നിങ്ങളുടെ പാപങ്ങൾക്കായി മരിച്ചുവെന്ന് വിശ്വസിക്കുക.അത് ഏറ്റുപറയുക.അവിടുന്ന് നിങ്ങളുടെ ഹൃദയത്തിൽ രാജാവായി വാഴട്ടെ.അവിടുന്ന് നിങ്ങൾക്ക് ഒരു പുതുജീവനെ നൽകുവാൻ ആഗ്രഹിക്കുന്നു.ക്രിസ്തുവിലുള്ള സമൃദ്ധിയായ ജീവൻ,സകലബുദ്ധിയെയും മറികടക്കുന്ന ദൈവികമായ സമാധാനം, നിങ്ങൾക്ക് തരുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പല കാരണങ്ങളാൽ കലുഷിതമായ ഹൃദയത്തിന് ഉടമയായിരിക്കാം നിങ്ങൾ.എന്നാൽ യേശു പറയുന്നു: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ.ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഇതു നിങ്ങൾക്ക് ആവശ്യമോ?

ദൈവം ആരെയും നരകത്തിലേക്ക് തള്ളിവിടുന്നില്ല. എന്നാൽ നരകത്തിലേക്കുള്ള പാതയിൽ തുടരുവാൻ നിങ്ങൾ മനസ്സുവെച്ചാൽ, ദൈവം നിങ്ങളെ തടയുകയില്ല. അതിനാൽ തങ്ങളെ നരകത്തിലേക്ക് ദൈവം തന്നെ പറഞ്ഞുവിടുന്നുവെന്ന് വാദിക്കുവാൻ ആർക്കും കഴിയുകയില്ല. നമുക്കെല്ലാവർക്കും ആ വഴിവിട്ട് ദൈവവഴിയെ പോകുവാൻ അവിടുന്ന് അവസരം നൽകിയിരിക്കുന്നു. ഇവയിൽ ഏതു വഴിയെ പോകണമെന്നുള്ളതു നാം സ്വയമായി എടു

# എഡിറ്റോറിയൽ തുടർച്ച......

യിൽ നടക്കുന്ന വിശുദ്ധന്മാരുമായുള്ള കൂടുതൽ അടുത്ത കൂട്ടായ്മയിലേക്കു നയിക്കും. ഇതാണു യോഹന്നാൻ തുടർന്നു പറയുന്നത് – യേശുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിച്ച് ശുദ്ധീകരണം നേടി വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ വീണ്ടും 'നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട് '(1 യോഹ 1:7) കർത്താവിന്റെ തേജസ്സിലേക്ക് (വെളിച്ചം) വന്നു സത്യം അനുസരിക്കുന്നതു സഹോദര പ്രീതിയിലേക്കും (കൂട്ടായ്മ) (1 പത്രൊ. 1:21,22), കർത്താവിന്റെ അടുക്കൽ വന്നു ജീവൻ പ്രാപിക്കുന്നത് ആത്മീകഗൃഹത്തിന്റെ പണിയിലേക്കും (കൂട്ടായ്മ) (2:4,5) നടത്തുമെന്നു പത്രോസും പറയുന്നുണ്ടല്ലോ. ശുദ്ധീകരണം ഒരുവനെ കൂടുതൽ അഗാധമായ കൂട്ടായ്മയിലേക്കു നടത്തുക്കുന്ന ഒരു തീരുമാനമാണ്.

ഇതുമൂലമാണ്, പ്രിയ സുഹൃത്തേ, ഞാനൊരു ക്രിസ്ത്യാനിയായിരിക്കുന്നത്.ഒരു ക്രിസ്ത്യാനിയെന്നുള്ളതിനർത്ഥം ഒരു തെറ്റും ചെയ്യാത്തവനെന്നല്ല.മറിച്ച് അവൻ തന്റെ വീഴ്ചകളിൽ തുടരുന്നില്ല.പരാജയങ്ങളെക്കുറിച്ച് സത്യസന്ധത പുലർത്തുന്നുവെന്നാണ് നാം മനസ്സിലാക്കേണ്ടത്.സുതാര്യതയെന്നത് ക്രിസ്ത്യാനിത്വത്തിൽ വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്.ഒരു ക്രിസ്ത്യാനി,ഞാൻ മുൻപു പറഞ്ഞതുപോലെ, യേശുവുമായി ഒരു ഉടമ്പടി ചെയ്തവനാണ്. ഇപ്രകാരം ഒരു ഉടമ്പടി മൂലം അവൻ ആത്മീയമായി പുതുജനനം പ്രാപിച്ചിരിക്കുന്നു.ശിശുക്കൾ ക്രമമായി വളർച്ച പ്രാപിക്കുന്നതു പോലെ ക്രിസ്ത്യാനിയും ആത്മീയ ജീവിതത്തിൽ വളർച്ച പ്രാപിക്കേണ്ടതുണ്ട്.ജയകരമായ ഒരു ജീവിതമാണ് ഒരു ക്രിസ്ത്യാനിയുടേത്.ഓരോ ദിവസവും ഈ ലോകത്തെ എങ്ങനെ ജയിക്കാം എന്നവൻ അഭ്യസിക്കുന്നു.എങ്ങനെ ഒരു നല്ല ജീവിതം നയിക്കുവാൻ കഴിയുമെന്നുള്ള പരിശ്രമമല്ല ക്രിസ്തീയ ജീവിതം.മറിച്ച് ക്രിസ്തുവിനോടൊപ്പം നടക്കുകയും അവനിൽ നിന്ന് പഠിക്കുകയുമാണ് ചെയ്യുന്നത്.യേശു എല്ലായ്പ്പോഴും അവനോടുകൂടെയുണ്ട്.ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് തന്റെ മരണശേഷം താൻ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുമെന്നുള്ള ഒരു ഉറപ്പുണ്ട്. അതുകൊണ്ട് തന്നെ ഒരു ക്രിസ്ത്യാനി മരണത്തെ ഭയപ്പെടുന്നില്ല.

സുഹൃത്തുക്കളേ, നിങ്ങൾക്ക് എന്റെ ഹൃദയത്തെ വായിച്ചെടുക്കുവാൻ കഴിഞ്ഞുവെന്ന് കരുതട്ടെ. നിങ്ങളോടുള്ള സ്നേഹം മൂലം മാത്രമാണ് ഞാനിത് എഴുതുന്നത്.നിങ്ങൾ ഇത് വായിക്കുന്നുവെങ്കിൽ ഇതു ഗൗരവപൂർവ്വം കരുതുകയും ഇതിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് പരിശോധിക്കുവാൻ അല്പസമയം എടുക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.ഇതാണ് എന്റെ പ്രാർത്ഥന. ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ ഞാൻ തയ്യാറാണ്.

ഇതു വായിക്കുവാൻ സമയം വേർതിരിച്ചതിന് നന്ദി.

(അവസാനിച്ചു)

(ഈ-മെയിൽ വിലാസം:
benoyjames@hotmail.com)

**മൊഴിമാറ്റം–ബോബി കുര്യൻ**

❖





ന്നതു പ്രായോഗികമായി എങ്ങനെയാണു നടക്കുന്നതെന്നു നോക്കാം. തന്റെ ജീവിതത്തിലെ സ്വയത്തിന്റെ ഒരു പ്രവർത്തനം എങ്ങനെയാണെന്ന് ദൈവിക വെളിച്ചത്തിൽ ഒരുവനു ബോധ്യം ലഭിച്ചുവെന്നിരിക്കട്ടെ. അവന് അപ്പോൾ സമാനമായപോരാട്ടത്തിലൂടെ കടന്നുപോകുന്ന മറ്റൊരു സഹോദരനെ ഈ മേഖലയിൽ ഉപദേശിക്കാനും സഹായിക്കാനും കഴിയും. (തന്റെ സ്വന്തജീവിതത്തിൽ കണ്ടെത്തി വിധിച്ച കാര്യങ്ങളിലേ ഒരാൾക്കു വെളിച്ചമുള്ളൂ. ആ കാര്യത്തിൽ മാത്രമേ അയാൾക്കു സഹോദരനെ സഹായിക്കാനും കഴിയൂ). ഈ നിലയിൽ നൽകുന്ന സഹായം അന്യോന്യമുള്ള കൂട്ടായ്മയെ കൂടുതൽ അർത്ഥപൂർണമാക്കും.

ചുരുക്കത്തിൽ കൂട്ടായ്മ ശുദ്ധീകരണത്തിലേക്കു നടത്തും. ആ ശുദ്ധീകരണം കൂടുതൽ അർത്ഥപൂർണമായ കൂട്ടായ്മയിലേക്കു നയിക്കും. ഇതു വീണ്ടും ശുദ്ധീകരണത്തിലേക്കും നടത്തും (സഹോദര വർഗ്ഗത്തോടു മാത്രമല്ല,ദൈവത്തോടു നേരിട്ടുള്ള കൂട്ടായ്മയിലും ഇതേ കാര്യങ്ങളാണല്ലോ നിരന്തരം നടക്കുന്നത്). ദൈവവഴിയിൽ മുന്നോട്ടു പോകുന്നതിൽ ഗൗരവമുള്ള ഒരു വിശ്വാസിയെ സംബന്ധിച്ചും ഒരു കൂട്ടത്തെ സംബന്ധിച്ചും ഇതു തുടർമാനമായ ഒരു പ്രക്രിയയാണ് (ഒന്നു യോഹന്നാൻ ശ്രദ്ധിച്ചു വായിച്ചാൽ ഇതു വ്യക്തമാകും. കൂട്ടായ്മയെക്കുറിച്ച് പറഞ്ഞു തുടങ്ങിയിട്ടു യോഹന്നാൻ വിശുദ്ധീകരണത്തിലേക്കു കടക്കുന്നു. തുടർന്നു വീണ്ടും കൂട്ടായ്മയെക്കുറിച്ചു പറയുന്നു. വീണ്ടും വിശുദ്ധീകരണത്തെക്കുറിച്ച്......... ഒരു ചക്രം ഉരുളുന്നതു പോലെ ഇത് ആവർത്തിക്കുമ്പോൾ, കൂട്ടായ്മയിലും വിശുദ്ധീകരണത്തിലും കൂടി അനുസ്യൂതം മുന്നോട്ടുപോകുന്ന ഒരു വിശ്വാസിയുടെ ആത്മീയപുരോഗതിയുടെ ചിത്രമായി അതു മാറുന്നു). ഇതാണ് വെളിച്ചത്തിലൂള്ള കൂട്ടായ്മയുടെ പ്രത്യേകത.

അപ്പോൾ ഇരുളിലുള്ള ഒരു കൂട്ടായ്മയുണ്ടോ? ഉണ്ട്. വെളിച്ചത്തിന് ഇരുളിനോട് കൂട്ടായ്മയില്ലെങ്കിലും (2കൊരി. 6:14) വെളിച്ചത്തിന് വെളിച്ചത്തോട് കൂട്ടായ്മ ഉള്ളതു പോലെ ഇരുളിന് ഇരുളിനോടു കൂട്ടായ്മ പുലർത്തുവാൻ കഴിയും. ഇത് ഇങ്ങനെ വിശദമാക്കാം: നമ്മൾ മുകളിൽ പറഞ്ഞ 'കൂട്ടായ്മ – ശുദ്ധീകരണം – കൂട്ടായ്മ' എന്നിങ്ങനെയുള്ള നിരന്തര മുന്നേറ്റത്തിന് എപ്പോഴാണ് വിഘാതം വരുന്നത്?ഒരുവൻ കൂട്ടായ്മയിലൂടെ കിട്ടിയ ദൈവിക വെളിച്ചത്തിൽ തന്നെ തന്നെ വിധിക്കാതെ, കഴുകൽ പ്രാപിക്കാതെ, ശുദ്ധീകരണം നേടാതെ ഇരിക്കുമ്പോൾ അവനെ സംബന്ധിച്ചിടത്തോളം ആത്മീയ പുരോഗതിയുടെ ചക്രത്തിന്റെ മുന്നോട്ടുള്ള ഉരുളൽ അവസാനിച്ചു. അവൻ വിശുദ്ധീകരണം നേടുന്നില്ല. പകരം സ്വയന്യായീകരണം, കുറ്റാരോപണം എന്നിവയോടെ ഇരുട്ടിൽ നിൽക്കുകയാണ്. ആ കൂട്ടത്തിൽ തന്നെയുള്ള മറ്റൊരു സഹോദരനും ഇതുതന്നെ സംഭവിച്ചു എന്നു വിചാരിക്കുക. അവനെ സംബന്ധിച്ചും ആത്മീയ പുരോഗതി നിലച്ചു. അവനും സ്വയന്യായീകരണവും ആരോപണങ്ങളുമായി ഇരുളിൽ നിൽക്കുകയാണ്.ക്രമേണ ഇരുളിലുള്ള ആ രണ്ടു സഹോദരന്മാർ തമ്മിൽ ഒരു മമതാബന്ധം ഉടലെടുക്കുന്നതു കാണുവാൻ കഴിയും. ഇരുളിന് ഇരുളിനോട് കൂട്ടായ്മ ഉണ്ടാവുകയാണ്. ഇതാണ് ഇരുളിലുള്ള കൂട്ടായ്മ. പല സഭകളുടെയും പിൻബെഞ്ചിൽ ഇരുളിലുള്ള കൂട്ടായ്മ പുലർത്തുന്ന സഹോദരന്മാരെ (സഹോദരിമാരെയും) കണ്ടെത്താൻ സാധിക്കും.

കൂട്ടായ്മയിലൂടെ വിശുദ്ധീകരണം, വിശുദ്ധീകരണത്തിലൂടെ കൂട്ടായ്മ എന്ന തുടർപ്രക്രിയ നമ്മിൽ നിരന്തരം നടക്കട്ടെ. എങ്കിൽ, എങ്കിൽ മാത്രം യോഹന്നാൻ ചൂണ്ടിക്കാട്ടുന്നതുപോലെ, 'അവിടുന്നു പ്രത്യക്ഷനാകുമ്പോൾ ആത്മധൈര്യത്തോടെ അവിടുത്തെ മുൻപിൽ ലജ്ജിക്കാതെ നിൽക്കാൻ നമുക്ക് കഴിയും'(1 യോഹ 2:28).

❖



# റോമർ

(തുടർച്ച.)

ധികം ആളുകളും ന്യായവിധിയെ ഭയന്ന് പാപത്തെ ഒഴിവാക്കുന്നവരാണ്.എന്നാൽ ഒരുവൻ പാപം ചെയ്യുന്നതു കാണുമ്പോൾ ദൈവം ചിന്തിക്കുന്നത് അവൻ നഷ്ടമാക്കുന്ന തേജസ്സിനെക്കുറിച്ചാണ്. ഏതെങ്കിലും ഒരു പാപം നിങ്ങൾ കൂടെക്കൂട്ടുമ്പോൾ നിത്യതയിൽ അത്രയും തേജസ്സ് നിങ്ങൾക്കു നഷ്ടമാകും.ദൈവം എങ്ങനെയാണ് നമ്മെ നീതികരിക്കുന്നത്? നമുക്കു നമ്മെ നീതിമാന്മാരാക്കുവാൻ കഴിയുകയില്ല. അതുകൊണ്ടു ദൈവം നമ്മെ സൗജന്യമായി നീതീകരിക്കുന്നു (3:24). നമ്മുടെ പാപങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ സൗജന്യമായി ക്ഷമിക്കപ്പെടുന്നു (3:25).നാം സൗജന്യമായി നീതികരിക്കപ്പെടുന്നു.നമുക്കു പരിശുദ്ധാത്മാവിനെ സൗജന്യമായി ലഭിക്കുന്നു. ദൈവം തന്റെ പ്രമാണം നമ്മുടെ മനസ്സിലും ഹൃദയത്തിലും സൗജന്യമായി എഴുതുന്നു.എന്നിരുന്നാലും അധികം



*നാം പാകം ചെയ്യാത്ത ഒരു കേക്കിനെക്കുറിച്ചു നമുക്കു പ്രശംസിക്കാനൊന്നുമില്ലാത്തതുപോലെ നാമുണ്ടാക്കാത്ത വിശുദ്ധിയെക്കുറിച്ച് ആരു പ്രശംസിച്ചാലും നമുക്കതിൽ അഭിമാനിക്കാനും ഒന്നുമില്ല.*





വിശ്വാസികളും കരുതുന്നത് ഇതൊക്കെ തങ്ങളുടെ വിശ്വസ്തത കാരണമായി ലഭിച്ചു എന്നാണ്. എന്തുകൊണ്ടാണങ്ങനെ? കാരണം അവർ സുവിശേഷത്തിന്റെ രണ്ടാം ഭാഗം ഗ്രഹിച്ചിട്ടില്ല എന്നതുതന്നെ.

സുവിശേഷത്തിന്റെ ഒന്നാം ഭാഗം നിങ്ങൾ ഹീനനും പ്രയോജനശൂന്യനും മലിനനുമായി ലോകത്തിൽ കാണുന്ന മറ്റേതൊരു പാപിയെക്കാളും ഒട്ടും മെച്ചമല്ലെന്ന കാര്യം നിങ്ങൾ തിരിച്ചറിയുക എന്നതാണ്. സുവിശേഷത്തിന്റെ രണ്ടാം ഭാഗം ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്നതെല്ലാം തികച്ചും സൗജന്യമാണെന്നതാണ്.ദാനമായിട്ടല്ലാതെ ഇന്നു നിങ്ങൾക്കെന്താണ് ലഭിച്ചത്?നിങ്ങളുടെ ബുദ്ധിയും ആരോഗ്യവും ദൈവം സൗജന്യമായി നിങ്ങൾക്കു നൽകിയതാണ്.അതിലുപരി ആത്മീയവരങ്ങളും.തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചു പൊങ്ങച്ചം പറയുന്നവർ ഒരിക്കലും ക്രിസ്തുവിലെ ജീവന്റെ പൂർണ്ണത അനുഭവിക്കയില്ല. കാരണം ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു.പകരമായി നന്ദി നിറഞ്ഞ ഹൃദയത്തോടെ താഴ്മയിൽ നടക്കുകയാണു വേണ്ടത്.

പൗലൊസ് പറയുന്ന അടിസ്ഥാനപരമായ രണ്ടു പ്രമാണങ്ങൾ ഇവയത്രേ. ഇവ്വിധം നിങ്ങൾ സുവിശേഷം ഗ്രഹിച്ചിട്ടില്ലെങ്കിൽ യഥാർത്ഥ സത്യം നിങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കുവാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുക. കർത്താവിനോടു ഇപ്രകാരം പറയുക. കർത്താവേ ഞാൻ ആരെക്കാളും മെച്ചപ്പെട്ടവനല്ല. നിന്റെ രക്ഷ പൂർണ്ണമായും സൗജന്യമാണ്.

അടുത്തതായി നാം പഠിക്കാനാഗ്രഹിക്കുന്നതു നീതികരണത്തെക്കുറിച്ചാണ്.നീതികരിക്കുക എന്നാൽ ദൈവം നമ്മെ നീതിമാന്മാരായി പ്രഖ്യാപിക്കുന്നു എന്നാണ്. നാലാമദ്ധ്യായം മുഴുവനായും ഈ ഒരു വിഷയത്തിൽത്തന്നെ പരിശുദ്ധാത്മാവു കേന്ദ്രീകരിച്ചരിക്കുന്നു. നീതികരണത്തെ മനസ്സിലാക്കാൻ ഞാനൊരു ഉദാഹരണം പറയട്ടെ. പത്രമാസികകളുടെയോ പുസ്തകങ്ങളുടെയോ താളുകളെ ക്രമപ്പെടുത്തുന്ന കംപ്യൂട്ടറിലെ വേഡ് പ്രോസസിംഗ് പ്രോഗ്രാമിൽ ജസ്റ്റിഫൈ എന്നൊരു ആജ്ഞയുണ്ട്. സാധാരണ രീതിയിൽ നാം ടൈപ്പു ചെയ്യുമ്പോൾ വരികളുടെ നീളം ഏറിയും കുറഞ്ഞും പേജിന്റെ വലത്തെ മാർജിൻ നേർ രേഖയിലവസാനിക്കുന്നില്ലെന്നു കാണാം. അതേ സമയം ഇടത്തെ മാർജിൻ എപ്പോഴും നേർ രേഖയിലായിരിക്കും. ഈ വലത്തെ മാർജിൻ നേർരേഖയിലായിരിക്കാനുള്ള കംപ്യൂട്ടറിലെ സംവിധാനമാണ് ജസ്റ്റിഫൈ എന്ന കമാൻഡ്. ജസ്റ്റിഫൈ എന്ന കമാൻഡിൽ ക്ലിക്കു ചെയ്യുമ്പോൾ നാം തയ്യാറാക്കുന്ന പേജിലെ വരികളെ കംപ്യൂട്ടർ ക്രമപ്പെടുത്തി വലത്തേ

**സുവിശേഷത്തിന്റെ ഒന്നാം ഭാഗം നിങ്ങൾ ഹീനനും പ്രയോജനശൂന്യനും മലിനനുമായി ലോകത്തിൽ കാണുന്ന മറ്റേതൊരു പാപിയെക്കാളും ഒട്ടും മെച്ചമല്ലെന്ന കാര്യം നിങ്ങൾ തിരിച്ചറിയുക എന്നതാണ്. സുവിശേഷത്തിന്റെ രണ്ടാം ഭാഗം ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്നതെല്ലാം തികച്ചും സൗജന്യമാണെന്നതാണ്. ദാനമായിട്ടല്ലാതെ ഇന്നു നിങ്ങൾക്കെന്താണ് ലഭിച്ചത്? നിങ്ങളുടെ ബുദ്ധിയും ആരോഗ്യവും ദൈവം സൗജന്യമായി നിങ്ങൾക്കു നൽകിയതാണ്. അതിലുപരി ആത്മീയവരങ്ങളും. തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചു പൊങ്ങച്ചം പറയുന്നവർ ഒരിക്കലും ക്രിസ്തുവിലെ ജീവന്റെ പൂർണ്ണത അനുഭവിക്കയില്ല.**

**നമ്മുടെ ജീവിതത്തിലെ ഓരോ ചെയ്തികളും ഓരോ ദിനങ്ങളും പല തരത്തിലുമുള്ള ക്രമക്കേടുകൾ നിറഞ്ഞതാണ്. എന്നാൽ നാം ക്രിസ്തുവിലാകുമ്പോൾ ഈ ചെയ്തികളെ ഒക്കെയും ഹൈലൈറ്റ് ചെയ്തു ദൈവം ജസ്റ്റിഫൈ എന്ന കമാൻഡിൽ ക്ലിക്ക് ചെയ്യുന്നു. അതോടെ ക്രമമില്ലാതിരുന്ന ഓരോ വരികളും ക്രമത്തിലായിത്തീരുന്നു. നമ്മുടെ പ്രായം പത്താണോ അൻപതാണോ എന്നതു പ്രസക്തമല്ല, നാം ക്രമമുള്ളവരായി, നീതിമാന്മാരായിത്തീരുന്നു.**

മാർജിൻ പൊടുന്നവെ തന്നെ നേർ രേഖയിലാകുന്നു. ഇതു നീതികരണത്തിന് നല്ല ഒരു ഉദാഹരണമാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ചെയ്തികളും ഓരോ ദിനങ്ങളും പല തരത്തിലുമുള്ള ക്രമക്കേടുകൾ നിറഞ്ഞതാണ്.എന്നാൽ നാം ക്രിസ്തുവിലാകുമ്പോൾ ഈ ചെയ്തികളെ ഒക്കെയും ഹൈലൈറ്റ് ചെയ്തു ദൈവം ജസ്റ്റിഫൈ എന്ന കമാൻഡിൽ ക്ലിക്ക് ചെയ്യുന്നു. അതോടെ ക്രമമില്ലാതിരുന്ന ഓരോ വരികളും ക്രമത്തിലായിത്തീരുന്നു. നമ്മുടെ പ്രായം പത്താണോ അൻപതാണോ എന്നതു പ്രസക്തമല്ല, നാം ക്രമമുള്ളവരായി, നീതിമാന്മാരായിത്തീരുന്നു. ഇപ്പോൾ നിങ്ങളുടെ ജീവിതത്തിലേക്കു നോക്കി അത് ഒരിക്കൽ ക്രമമില്ലാത്ത അനീതി നിറഞ്ഞതായിരുന്നു എന്നു വിശ്വസിക്കാൻ പ്രയാസമായിത്തീരുന്നു. നീതികരിക്കപ്പെടുന്നത് എത്ര മനോഹരമായ വിസ്മയകരമായ കാര്യമാണ്!കാരണം ഞാൻ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവനെപ്പോലെ ആയിത്തീരുകയാണത്.നാം ക്രിസ്തുവിലാകുമ്പോൾ ദൈവം നമ്മെ അങ്ങനെയാണ് കാണുക. നമ്മുടെ പാപങ്ങൾ ഒപ്പുകടലാസ്സിലെന്നപോലെ ഒപ്പിയെടുത്ത് യേശുവിനെ സ്വീകരിച്ചതുപോലെ നമ്മെയും സ്വീകരിക്കുന്നു.

വിശ്വാസത്താലാണ് നീതികരണം സംഭവിക്കുന്നത്. അതുകൊണ്ടാണ് നാലാമദ്ധ്യായത്തിൽ പൗലോസ് അബ്രഹാമിന്റെ ദൃഷ്ടാന്തം പറയുന്നത്. അബ്രഹാമിന് എങ്ങനെയാണ് ഒരു പുത്രൻ ജനിച്ചത്? തന്റെഅർഹത കാരണമായിട്ടാണോ? താൻ അതിനുവേണ്ടി അദ്ധ്വാനിച്ചിട്ടാണോ? അല്ല. അനേക വർഷങ്ങൾ അവൻ ഒരു പുത്രനുവേണ്ടി ആഗ്രഹിച്ചു. പക്ഷേ കാത്തിരിപ്പു വ്യഥാവായിക്കൊണ്ടിരുന്നു. എന്നാൽ ഒടുവിൽ ദൈവം ദാനമായിത്തന്നു എന്നു മാത്രം പറയാൻ കഴിയുന്ന ഒരു സമയത്ത് ഒരു മകനെ ലഭിച്ചു. നീതികരണവും ഇപ്രകാരം തന്നെയാണ്. അതു തികച്ചും സൗജന്യമാണ്, ദാനമാണ്.

"വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ടു നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്"(5:1) നാം നീതികരിക്കപ്പെട്ടിരിക്കുന്നു എന്ന് ഒരിക്കൽ കണ്ടെത്തുന്നതോടെ നാം ഒരു അത്ഭുതകരമായ പുതിയ ലോകത്തിലായിത്തീരുന്നു. ദൈവത്തോടു പൂർണ്ണമായും സമാധാനത്തിലായ ഒരു ജീവിതം.

നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കയാൽ നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു (5:2).ഒരിക്കൽ നമുക്കു നഷ്ടം സംഭവിച്ച ആ തേജസ്സ് (3:23) ഇതാ നമ്മുടെ ഭാഗമായിത്തീർന്നു കൊണ്ട് അനുദിനം നമ്മിൽ വർദ്ധിക്കുന്നു.എന്നാൽ ഇതിലും നമുക്കു പ്രശംസിക്കാനൊന്നുമില്ല.കാരണം അതും ദാനം തന്നെ, നമുക്ക് അഹങ്കരിക്കാനൊന്നുമില്ല.

ഇത് ഒരു ദൃഷ്ടാന്തത്തിലൂടെ നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം. പ്രശസ്തനായ





ഒരു പാചകക്കാരൻ പാചകം ചെയ്ത ഒരു കേക്ക് ഞാനിവിടെ കൊണ്ടുവന്നു എന്നു കരുതുക. അതു ഞാൻ പാചകം ചെയ്തതല്ല, മുറിച്ചു വിതരണം ചെയ്യാൻ എന്നെ ഏല്പിച്ചതാണ്.നിങ്ങളതു തിന്നിട്ട് എന്നോടു പറയുന്നു. ബ്രദർ സാക്, ഈ കേക്ക് വളരെ സ്വാദിഷ്ഠമായിരിക്കുന്നു.ഇതു കേട്ട് എനിക്ക് ഒരു തരിമ്പു പോലും അഭിമാനം തോന്നേണ്ടതില്ല. കാരണം അതു ഞാനുണ്ടാക്കിയതല്ല. ഞാനുണ്ടാക്കിയതായിരുന്നെങ്കിൽ എനിക്ക് തീർച്ചയായും അഭിമാനിക്കാൻ കാര്യമുണ്ടായിരുന്നു.അല്ലെങ്കിൽ അതിനുള്ള പരീക്ഷയുണ്ടാകുമായിരുന്നു.

നിങ്ങളൊരു താഴ്മയുള്ള സഹോദരനാണ് എന്ന് ആരെങ്കിലും പറയുമ്പോൾ നിങ്ങളതിൽ അഭിമാനിക്കുന്നു എങ്കിൽ തീർച്ചയായും നിങ്ങളിലെ താഴ്മ നിങ്ങളുണ്ടാക്കിയതായിരിക്കും.എന്നാൽ അതു ദൈവത്തിന്റെ ദാനമാണെങ്കിൽ ആളുകൾ പ്രശംസിച്ചാലും നിങ്ങൾക്കതിൽ അഭിമാനമുണ്ടാവില്ല.നാം പാകം ചെയ്യാത്ത ഒരു കേക്കിനെക്കുറിച്ചു നമുക്കു പ്രശംസിക്കാനൊന്നുമില്ലാത്തതുപോലെ നാമുണ്ടാക്കാത്ത വിശുദ്ധിയെക്കുറിച്ച് ആരു പ്രശംസിച്ചാലും നമുക്കതിൽ അഭിമാനിക്കാനും ഒന്നുമില്ല.ദൈവം നമ്മിൽ ദാനമായി നൽകിയിരിക്കുന്ന വിശുദ്ധിയെക്കുറിച്ച് നമുക്ക് അഭിമാനിക്കാനൊന്നുമില്ല.നിങ്ങൾ പ്രസംഗിക്കുമ്പോൾ ആളുകൾ അതെക്കുറിച്ചു പ്രശംസിക്കുന്നു.ആ പ്രസംഗം നിങ്ങൾ സ്വയം ഉത്പ്പാദിപ്പിച്ചതാണെങ്കിൽ നിങ്ങൾക്കു പ്രശംസിക്കുവാൻ വകയുണ്ട്. എന്നാൽ അതു ദൈവം നൽകിയതാണെങ്കിൽ നിങ്ങളുടെ പ്രശംസ പാപമായിത്തീരും.

കാനാവിൽ യേശു വിളമ്പിക്കൊടുക്കുവാനായി നൽകിയ പുതിയ വീഞ്ഞിനെക്കുറിച്ച് ആ പരിചാരകർക്ക് എന്തെങ്കിലും അഭിമാനം തോന്നിയതായി നിങ്ങൾ കരുതുന്നുണ്ടോ?തീർച്ചയായും അതെക്കുറിച്ച്

**കാനാവിൽ യേശു വിളമ്പിക്കൊടുക്കുവാനായി നൽകിയ പുതിയ വീഞ്ഞിനെക്കുറിച്ച് ആ പരിചാരകർക്ക് എന്തെങ്കിലും അഭിമാനം തോന്നിയതായി നിങ്ങൾ കരുതുന്നുണ്ടോ?തീർച്ചയായും അതെക്കുറിച്ച് ചോദിച്ചവരോട് അവർ ഇങ്ങനെ വിളിച്ചു പറഞ്ഞിരിക്കാം-ഇതു ഞങ്ങളുണ്ടാക്കിയതല്ല, ഞങ്ങൾ വിളമ്പുന്നതു മാത്രമേ ഉള്ളു. അവർ ഉത്പാദന വിഭാഗത്തിലല്ല വിതരണ വിഭാഗത്തിലായിരുന്നു പ്രവർത്തിച്ചത്. നമ്മെയും ഉത്പാദന പ്രക്രിയയിലേക്കല്ല അവിടുന്ന് വിളിച്ചത്, വിതരണ പ്രക്രിയയിലേക്കാണ്. താൻ നൽകിയതു വിളമ്പുന്ന പരിചാരകരായി.**

ചോദിച്ചവരോട് അവർ ഇങ്ങനെ വിളിച്ചു പറഞ്ഞിരിക്കാം-ഇതു ഞങ്ങളുണ്ടാക്കിയതല്ല, ഞങ്ങൾ വിളമ്പുന്നതു മാത്രമേ ഉള്ളു. അവർ ഉത്പാദന വിഭാഗത്തിലല്ല വിതരണ വിഭാഗത്തിലായിരുന്നു പ്രവർത്തിച്ചത്. നമ്മെക്കുറിച്ചും അക്കാര്യം അങ്ങനെതന്നെ ആയിരിക്കയാൽ കർത്താവിനു നന്ദി പറയുന്നു.നമ്മെ ഉത്പാദന പ്രക്രിയയിലേക്കല്ല അവിടുന്ന് വിളിച്ചത്, വിതരണ പ്രക്രിയയിലേക്കാണ്-താൻ നൽകിയതു വിളമ്പുന്ന പരിചാരകരായി.

നാം വിചാരിക്കുന്നതിലധികം ആത്മീയ നിഗളം നമുക്കുണ്ട്. അതിനൊരു കാരണം ഇന്നു നമ്മിലുള്ള പലതും നാം തന്നെ ഉണ്ടാക്കിയെടുത്തതാണെന്ന ചിന്തയാണ്.

രണ്ടു കാര്യങ്ങളെക്കുറിച്ച് നമുക്ക് തികഞ്ഞ വ്യക്തത ഉണ്ടായിരിക്കണം. (1) നമ്മിലുള്ള പാപത്തിന്റെ ആഴത്തിലുള്ള വേരുകളെക്കുറിച്ച് - (2) നമ്മിലുള്ള നിഗ

**അബ്രഹാം സ്വന്തം ഉള്ളിലേക്ക് നോക്കിയില്ല. അവൻ ദൈവത്തിങ്കലേക്ക് നോക്കി. അവിടുന്നു വാഗ്ദാനം ചെയ്തതു നിവർത്തിപ്പാൻ ശക്തനെന്ന ബോധ്യമുണ്ടായി. വിശ്വാസം എന്നത് ദൈവത്തിങ്കലേക്കു നോക്കുന്നതാണ്. വിശ്വാസത്തിന്റെ സുദീർഘമായ വിവരണങ്ങൾക്കു ശേഷം നമ്മോടു പറയുന്നതു വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിങ്കലേക്ക് നോക്കുക എന്നാണ്. യഥാർത്ഥ പുതിയനിയമ വിശ്വാസം നമ്മിൽ നിന്നും യേശുവിങ്കലേക്കു നമ്മുടെ ശ്രദ്ധയെ മാറ്റുക എന്നതാണ്-നമ്മുടെ ഹൃദയത്തിൽ വിശ്വാസം എഴുതുന്നവനിലേക്ക്.**

ളത്തിന്റെ ഉയരത്തെക്കുറിച്ച്- പ്രത്യേകിച്ചും നമ്മിലുള്ള വിശുദ്ധിയും ഗുണങ്ങളും ദൈവത്തിന്റെ ദാനമാണെന്നും നമുക്ക് അംഗീകരിക്കാൻ ഉള്ളുകൊണ്ട് കഴിയാതെ വരുമ്പോൾ.

നാലാമദ്ധ്യായം 21-ാം വാക്യത്തിൽ ദൈവം വാഗ്ദാനം ചെയ്തതിനെക്കുറിച്ച് അബ്രഹാമിന്റെ ഉറപ്പും ബോധ്യവും നാം കാണുന്നു.അത് നിവർത്തിക്കുവാൻ അവിടുന്ന് ശക്തനെന്നുള്ള കാര്യത്തിലുള്ള ഉറപ്പ്. അതത്രേ യഥാർത്ഥ വിശ്വാസം. - ദൈവം വാഗ്ദാനം ചെയ്തത് നിവർത്തിക്കും എന്ന ഉറപ്പ്.

ഉള്ളിലേക്കു നോക്കി ഇതു പ്രാപിക്കുവാനുള്ള വിശ്വാസം എനിക്കുണ്ടോ എന്നു സ്വയം ചോദിക്കുവാൻ പഠിപ്പിക്കുന്ന പല ഉപദേശങ്ങൾ ഇന്നു നിലവിലുണ്ട്.തങ്ങൾക്കുവേണ്ടുന്നത് കിട്ടുന്നില്ലെങ്കിൽ അതു വിശ്വാസത്തിന്റെ കുറവുകൊണ്ടാണെന്നു പറഞ്ഞു വിശ്വസിപ്പിക്കുക. എന്നാൽ നമ്മുടെ ശ്രദ്ധ എത്രയധികം നമ്മുടെ ഉള്ളിലേക്കാവുന്നുവോ അത്രയധികം നാം ബന്ധനത്തിലായിത്തീരും. അബ്രഹാം സ്വന്തം ഉള്ളിലേക്ക് നോക്കിയില്ല. അവൻ ദൈവത്തിങ്കലേക്ക് നോക്കി. അവിടുന്നു വാഗ്ദാനം ചെയ്തതു നിവർത്തിപ്പാൻ ശക്തനെന്ന ബോധ്യമുണ്ടായി. വിശ്വാസം എന്നത് ദൈവത്തിങ്കലേക്കു നോക്കുന്നതാണ്. വിശ്വാസത്തിന്റെ സുദീർഘമായ വിവരണങ്ങൾ (എബ്രായർ 11) ക്കു ശേഷം നമ്മോടു പറയുന്നതു വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിങ്കലേക്ക് നോക്കുക (എബ്രായർ 12:2) എന്നാണ്. യഥാർത്ഥ പുതിയനിയമ വിശ്വാസം നമ്മിൽ നിന്നും യേശുവിങ്കലേക്കു നമ്മുടെ ശ്രദ്ധയെ മാറ്റുക എന്നതാണ്-നമ്മുടെ ഹൃദയത്തിൽ വിശ്വാസം എഴുതുന്നവനിലേക്ക്.

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം നമ്മിൽത്തന്നെയല്ല കണ്ടെത്തുന്നത്. നമുക്കു പുറത്തു നാം എന്തിലേക്കാണു നോക്കുന്നത് എന്നതാണ് നമ്മുടെ വിശ്വാസം എത്ര ശക്തമാണ് അല്ലെങ്കിൽ ദുർബ്ബലമാണ് എന്നു നിശ്ചയിക്കുന്ന കാര്യം. ഒരു കോൺക്രീറ്റ് പാലത്തിലൂടെ നദി കുറുകെ കടക്കുവാൻ ആവശ്യപ്പെട്ടാൽ നിങ്ങളുടെ വിശ്വാസം വളരെ ശക്തമായിരിക്കും.അതേ സമയം കോൺക്രീറ്റ് പാലത്തിനു പകരം ഏതാനും ദുർബ്ബലമായ ഇല്ലിമുളകൾ ചേർത്തു കെട്ടിയ ഒരു പാലത്തിലൂടെയാണു കടക്കേണ്ടതെങ്കിൽ ഒരു പക്ഷേ നിങ്ങളുടെ വിശ്വാസം മുഴുവനും ചോർന്നു പോയെന്നു വരാം. അതായത് നിങ്ങളുടെ ഉള്ളിലുള്ള ഒരു കാര്യത്തിലല്ല നിങ്ങളുടെ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം നിങ്ങളുടെ പുറത്ത് പാലം കോൺക്രീറ്റാണോ മുളയാണോ എന്നതിലാണ്. മറ്റൊരു ഉദാഹരണം ചിന്തിക്കുക. അത്ര വിശ്വാസ്യതയും ഭദ്രതയുമില്ലാത്ത ഒരു ബാങ്കിൽ നിങ്ങളുടെ പണം

*ശേഷം പേജ് 33 ൽ*





**സഹോദരിമാരോട്**

# സ്ത്രീയേ, നീ കരയുന്നതെന്ത്?

## അദ്ധ്യായം-8 തുടർച്ച

**ആനി പുന്നൻ**

ക്രൈസ്തവയായ ഒരു യുവതി ഒരിക്കൽ ഒരു ബസ് സ്റ്റാൻഡിൽ നിൽക്കവേ, അവളുടെ മേലധികാരി ഒരു സ്ത്രീയായി അഭിനയിച്ച് പർദ്ദ ധരിച്ചുകൊണ്ട് അവളുടെ അടുത്തു വന്നു. അവനു കുറച്ചുനാളുകളായി അവളോടു വിരോധമുണ്ടായിരുന്നു. പ്രതികാരം ചെയ്യുവാനായി അവൻ അവളുടെ മുഖത്ത് ആസിഡ് ഒഴിച്ചശേഷം ഓടിപ്പോയി.അവൾ എന്നേക്കുമായി അന്ധയായിത്തീരുകയും, അവളുടെ മുഖത്തു പാടുണ്ടാകുകയും ചെയ്തു. അവൾ മുമ്പേ സുന്ദരിയായിരുന്നു. അവളുടെ സൗന്ദര്യം എന്നേക്കുമായി നഷ്ടപ്പെട്ടുപോയി. അവൾ അസഹനീയമായ വേദനയോടെ ആശുപത്രി വാർഡിൽ കിടന്ന് ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നു. എന്നാൽ അവിടെ വച്ച് ആരോ ഒരാൾ അവളോട് യേശുവിന്റെ സ്നേഹത്തെക്കുറിച്ച് സംസാരിച്ചു. യേശുവിനെ അവളുടെ രക്ഷകനായി കാണത്തക്കവിധം അവളുടെ ആത്മീയനേത്രങ്ങൾ തുറക്കപ്പെട്ടു. ദീർഘമായ ചികിത്സമൂലം അവളുടെ കുടുംബം ദരിദ്രമായി. എന്നാൽ അവരും യേശുവിന്റെ സ്നേഹത്തെക്കുറിച്ച് അറിയുവാനും രക്ഷിക്കപ്പെടുവാനും ഇടയായി. ആസിഡുകൊണ്ടുള്ള പൊള്ളലിനു മുൻപുള്ള അവളുടെ സുന്ദരമായ ഫോട്ടോ ഞാൻ കാണുവാൻ ഇടയായി. സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ അവളെ അതിലും സുന്ദരിയായി കാണുവാൻ കഴിയുമെന്ന് എനിക്കറിയാം.

ശരീരത്തിൽ ഒരു ഭാഗത്ത് തളർവാതം പിടിപെട്ട ഭർത്താവിനെ അനേക വർഷം ശുശ്രൂഷിക്കേണ്ടി വന്ന ഒരു ചെറുപ്പക്കാരിയെ ഞാൻ കാണുവാൻ ഇടയായി. ഒരു വീഴ്ചയ്ക്കുശേഷമാണ് അയാൾക്ക് തളർച്ചയുണ്ടായത്. അവർ യേശുവിനെപ്പറ്റി ഒരിക്കലും കേട്ടിട്ടില്ലായിരുന്നു. ഈ ദുരന്ത സംഭവത്തിനു ശേഷം അവരുടെ ബന്ധുക്കളെല്ലാം അവരെ കൈവെടിഞ്ഞു. അവർ നിസ്സഹായരും, ദു:ഖിതരുമായിത്തീർന്നു. എന്നാൽ കർത്താവായ യേശു അവരെ സന്ദർശിച്ചു. അവർ അവനെ രക്ഷകനായി സ്വീകരിച്ചു. ഇപ്പോൾ ദൈവം അവരെ മുടന്തരായ ആളുകളുടെ ഇടയിൽ ഒരു ശുശ്രൂഷ ചെയ്യുവാനായി ഉപയോഗിക്കുന്നു. അതുമൂലം അനേകർ കർത്താവായ യേശുവിനെ അറിയുവാൻ ഇടയാകുന്നുണ്ട്. അവരുടെ കഠിന ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും മധ്യേ അവരുടെ മുഖം ശോഭിതമാണ്. ഇവരെ സന്ദർശിക്കുന്നവർ അനുഗ്രഹിക്കപ്പെടുന്നു.ആ ദമ്പതികളുടെ മുഖത്തു കണ്ട ജയത്തിന്റെ തിളക്കം സന്ദർശകർക്ക് ഒരിക്കലും മറക്കുവാൻ

**ഭർത്താവിന്റെയും അയാളുടെ മാതാപിതാക്കളുടെയും പീഡനം സഹിക്കാൻ വയ്യാതെ അവൾ ദേഹത്തു മണ്ണെണ്ണയൊഴിച്ച് തീ കത്തിച്ച് ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ചു. സ്ത്രീധനത്തിനു വേണ്ടി ഭർത്താവും അയാളുടെ മാതാപിതാക്കളും പീഡിപ്പിക്കുമ്പോൾ ഇന്ത്യയിലെ സ്ത്രീകൾ തിരഞ്ഞെടുക്കുന്ന ഏറ്റവും സാധാരണമായ ആത്മഹത്യയുടെ മാർഗ്ഗമാണിത്. എന്നാൽ ആ യുവതി മരിച്ചില്ല. ദൈവം അവളെ അഗ്നിജ്വാലയിൽ നിന്നു മാത്രമല്ല, നരകത്തിന്റെ ജ്വാലയിൽ നിന്നു കൂടി രക്ഷിച്ചു. ഇന്ന് അവൾ ദൈവത്തിന്റെ സ്നേഹത്തിനും, കരുണയ്ക്കും സാക്ഷിയായിട്ടായിരിക്കുന്നു.**

കഴിയുകയില്ല. അവർ നവദമ്പതികൾ ആയിരുന്ന സമയത്താണ് അയാൾക്ക് ആ അപകടം സംഭവിച്ചത്; ആ യുവതി ഗർഭിണിയും ആയിരുന്നു. അവൾ ഒരു ഭ്രാന്തിയെപ്പോലെ മാസങ്ങളോളം രാപ്പകൽ കരഞ്ഞുകൊണ്ട് ദൈവം എന്തുകൊണ്ടാണ് ഈ ദുരന്തം സംഭവിക്കുവാൻ അനുവദിച്ചത് എന്നു ചോദിച്ചുകൊണ്ടിരുന്നു. അതിനു ശേഷമാണ് യേശു അവരെ സമാധാനം കൊണ്ടും, ശക്തികൊണ്ടും നിറച്ചത്. നമ്മുടെ രാജ്യത്തുതന്നെ വിദൂരമായ, ആൾപ്പാർപ്പ് അധിക്കമില്ലാത്ത, ഒരു ഭാഗത്ത് ദൈവം അവരെ ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അവരെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഞാൻ ഓർക്കുന്ന വാക്യം സങ്കീ. 35:5 ആണ്. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ ശക്തിയേറിയ സാക്ഷ്യം എന്നെ വളരെയധികം വെല്ലുവിളിച്ചിട്ടുണ്ട്.

എനിക്കറിയാവുന്ന ചെറുപ്പക്കാരിയായ വേറൊരു യുവതിയെക്കുറിച്ചു പറയട്ടെ. ഭർത്താവിന്റെയും അയാളുടെ മാതാപിതാക്കളുടെയും പീഡനം സഹിക്കാൻ വയ്യാതെ അവൾ ദേഹത്തു മണ്ണെണ്ണയൊഴിച്ച് തീ കത്തിച്ച് ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ചു. സ്ത്രീധനത്തിനു വേണ്ടി ഭർത്താവും അയാളുടെ മാതാപിതാക്കളും പീഡിപ്പിക്കുമ്പോൾ ഇന്ത്യയിലെ സ്ത്രീകൾ തിരഞ്ഞെടുക്കുന്ന ഏറ്റവും സാധാരണമായ ആത്മഹത്യയുടെ മാർഗ്ഗമാണിത്. എന്നാൽ ആ യുവതി മരിച്ചില്ല. ദൈവം അവളെ അഗ്നിജ്വാലയിൽ നിന്നു മാത്രമല്ല, നരകത്തിന്റെ ജ്വാലയിൽ നിന്നു കൂടി രക്ഷിച്ചു. ഇന്ന് അവൾ ഞങ്ങളുടെ ഗ്രാമീണ സഭകളിൽ ഒന്നിലുള്ള ഒരു സഹോദരിയാണ്. അവൾ ദൈവത്തിന്റെ സ്നേഹത്തിനും, കരുണയ്ക്കും സാക്ഷിയായിട്ടായിരിക്കുന്നു.

വലിയ അപകടങ്ങളിലൂടെ കർത്താവായ യേശുവിനെ കണ്ടുമുട്ടിയ സ്ത്രീകളുടെ ഉദാഹരണങ്ങളാണ് ഇവ. അവരെക്കുറിച്ച് ഓർത്ത് ഞാൻ പ്രാർത്ഥിക്കികയും ചിലപ്പോൾ ദൈവമുമ്പാകെ കരയുകയും ചെയ്യുന്നു. തുടർമാനമായ കഷ്ടപ്പാടിലൂടെയാണ് ഇവർ പോകുന്നത്.

അത്ഭുതരോഗസൗഖ്യം ലഭിച്ച സ്ത്രീകളെക്കുറിച്ച് എനിക്കറിയാം.ചിലർ സൗഖ്യം ലഭിച്ചശേഷം യേശുവിന്റെ ശിഷ്യരായിത്തീരുന്നു. ചിലർക്ക് ഭൂതങ്ങളിൽ നിന്നുള്ള വിടുതൽ ലഭിച്ചു. അവർ ഇപ്പോൾ ദൈവനാമമഹത്വത്തിനായി ജീവിക്കുന്നു.

യേശുവിന്റെ ജീവിതകാലത്ത് അവന്റെ അടുത്തുവന്ന രോഗികളെയെല്ലാം അവൻ സൗഖ്യമാക്കി. സൗഖ്യത്തിനായി നീ കർത്താവിനോട് പ്രാർത്ഥിക്കുക. നാം ദീനമായി കിടക്കുമ്പോൾ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ എന്നും, അവർ കർത്താവിന്റെ നാമത്തിൽ നമ്മെ എണ്ണ പൂശി നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ എന്നും





വേദപുസ്തകം പറയുന്നു. (യാക്കോ 5:14) വിശ്വാസത്തോടു കൂടിയ പ്രാർത്ഥന രോഗിയെ രക്ഷിക്കും.

രോഗത്തിനു പാപവുമായി ബന്ധമുണ്ടാകാൻ കഴിയും. കർത്താവ് രോഗികളെ സൗഖ്യമാക്കിയപ്പോൾ അവൻ ഒരു വ്യക്തിയോടു പറഞ്ഞു: 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ഇനിയും പാപം ചെയ്യരുത്.' സന്ധിവീക്കം, അലർജി, ഉയർന്നരക്തസമ്മർദ്ദം, ആമാശയവീക്കം മുതലായ രോഗങ്ങൾ ചില വേളകളിൽ മാനസിക സമ്മർദ്ദം, പക, മുറിവേറ്റ മനസ്സ് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നാം ആദ്യം തന്നെ ചെയ്യേണ്ടത് പാപങ്ങൾ ഏറ്റു പറഞ്ഞ് കർത്താവിനോട് ക്ഷമ ചോദിക്കുക എന്നതാണ്.നാം മുറിവേൽപ്പിച്ച ആളുകളുമായുള്ള ബന്ധത്തിൽ കാര്യങ്ങൾ നേരെയാക്കുകയും ചെയ്യണം.നിനക്കെതിരെ ഒരു വ്യക്തി ചെയ്ത അതിക്രമം എത്ര വലുതായിരുന്നാലും ശരി, അയാളോടു ക്ഷമിക്കുവാൻ കഴിയാത്ത ഒരു മനോഭാവം നിന്നിലില്ല എന്നു നീ ഉറപ്പാക്കുക. നിന്റെ രോഗത്തിനു ചികിത്സകൊണ്ടോ,ഇതര വഴികളിലൂടെയോ സൗഖ്യം തരുന്നത് ദൈവമാണ്. നീ സൗഖ്യം പ്രാപിക്കുമ്പോൾ ദൈവത്തിനു നന്ദി കരേറ്റുവാനും എല്ലാ മഹത്വവും അവനു കൊടുക്കുവാനും മറക്കരുത്.

നീ ദൈവത്തിനു പൂർണ്ണമായും കീഴ്പ്പെടുക.അതിനുശേഷം സൗഖ്യത്തിനു വേണ്ടി നീ വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക. കർത്താവാണ് നിന്റെ സൗഖ്യദായകൻ.ദൈവത്തിൽ നിന്നു സൗഖ്യം ലഭിച്ചശേഷം ആരോഗ്യമുള്ള നിന്റെ ജീവിതം തിരികെ ദൈവത്തിനു നൽകുക.അവന്റെ ശുശ്രൂഷ ചെയ്തുകൊണ്ട് മറ്റുള്ളവരെ സഹായിക്കുവാനും അനുഗ്രഹിക്കുവാനുമായി നിന്റെ ജീവിതം ദൈവത്തിനു സമർപ്പിക്കുക.

**സന്ധിവീക്കം, അലർജി, ഉയർന്നരക്തസമ്മർദ്ദം, ആമാശയവീക്കം മുതലായ രോഗങ്ങൾ ചില വേളകളിൽ മാനസിക സമ്മർദ്ദം, പക, മുറിവേറ്റ മനസ്സ് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നാം ആദ്യം തന്നെ ചെയ്യേണ്ടത് പാപങ്ങൾ ഏറ്റു പറഞ്ഞ് കർത്താവിനോട് ക്ഷമ ചോദിക്കുക എന്നതാണ്. നാം മുറിവേൽപ്പിച്ച ആളുകളുമായുള്ള ബന്ധത്തിൽ കാര്യങ്ങൾ നേരെയാക്കുകയും ചെയ്യണം. നിനക്കെതിരെ ഒരു വ്യക്തി ചെയ്ത അതിക്രമം എത്ര വലുതായിരുന്നാലും ശരി, അയാളോടു ക്ഷമിക്കുവാൻ കഴിയാത്ത ഒരു മനോഭാവം നിന്നിലില്ല എന്നു നീ ഉറപ്പാക്കുക.**

ദൈവം ചിലർക്ക് സൗഖ്യം നൽകുമ്പോൾ തന്നെ അവന്റെ എറ്റവും വിശ്വസ്തരായ മക്കളിൽ ചിലരെ രോഗികളായി തുടരുവാൻ അവൻ അനുവദിക്കുന്നത് എന്തുകൊണ്ടാണെന്ന് നമുക്കറിഞ്ഞുകൂടാ. ദൈവം പരമാധികാരിയാണ്.യാക്കോബിനെ കൊല്ലപ്പെടുവാൻ ദൈവം അനുവദിച്ചു.എന്നാൽ അവൻ പത്രോസിനെ അത്ഭുതകരമായ വിധത്തിൽ ജയിലിൽനിന്ന് വിടുവിച്ചു. (അപ്പൊ. പ്രവൃ. 12). നാം മുൻപു ചിന്തിച്ച വിധത്തിൽ കർത്താവിന്റെ കയ്യിലാണ് മരണത്തിന്റെ താക്കോൽ. അവനു മാത്രമേ നിന്റെ മുമ്പിൽ മരണവാതിൽ തുറക്കുവാൻ കഴിയുകയുള്ളു.അതുകൊണ്ട് നാം ദൈവേഷ്ടപ്രകാരം ജീവിക്കുകയാണെങ്കിൽ സമയമാകുന്നതിനു മുൻപേ നാം മരിക്കുകയില്ല. മരണത്തെ നാം ഭയപ്പെടേണ്ട ആവശ്യമില്ല. ആദ്യകാലങ്ങളിലെ ക്രിസ്തീയ രക്തസാക്ഷികൾ പാട്ടു പാടിക്കൊണ്ടാണ് മരണത്തെ അഭിമുഖീകരിച്ചത്.

**ദൈവം ചിലർക്ക് സൗഖ്യം നൽകുമ്പോൾ തന്നെ അവന്റെ എറ്റവും വിശ്വസ്തരായ മക്കളിൽ ചിലരെ രോഗികളായി തുടരുവാൻ അവൻ അനുവദിക്കുന്നത് എന്തുകൊണ്ടാണെന്ന് നമുക്കറിഞ്ഞുകൂടാ. ദൈവം പരമാധികാരിയാണ്.യാക്കോബിനെ കൊല്ലപ്പെടുവാൻ ദൈവം അനുവദിച്ചു.എന്നാൽ അവൻ പത്രോസിനെ അത്ഭുതകരമായ വിധത്തിൽ ജയിലിൽനിന്ന് വിടുവിച്ചു കർത്താവിന്റെ കയ്യിലാണ് മരണത്തിന്റെ താക്കോൽ. അവനു മാത്രമേ നിന്റെ മുമ്പിൽ മരണവാതിൽ തുറക്കുവാൻ കഴിയുകയുള്ളു.അതുകൊണ്ട് നാം ദൈവേഷ്ടപ്രകാരം ജീവിക്കുകയാണെങ്കിൽ സമയമാകുന്നതിനു മുൻപേ നാം മരിക്കുകയില്ല. മരണത്തെ നാം ഭയപ്പെടേണ്ട ആവശ്യമില്ല.**

ദക്ഷിണേന്ത്യയിലെ ഡോണാവൂരിലുള്ള എമി കാർമൈക്കിൾ എന്ന സ്ത്രീ ശയ്യാവലംബി ആയിരുന്നുന്നിട്ടും അത്ഭുതകരമായ ഗ്രന്ഥങ്ങളും കവിതകളും രചിച്ചു.അവൾ ആരോഗ്യവതിയായിരുന്നു എങ്കിൽ, ഒരു പക്ഷേ ഒരിക്കലും അവയൊന്നും രചിക്കുമായിരുന്നില്ല.

ആരോഗ്യമുള്ളപ്പോൾ മാത്രമല്ല, ജഡത്തിൽ തുടർമാനമായി ഒരു മുള്ള് ഉള്ള സമയത്തും നമ്മുടെ ശരീരത്തിൽ കൂടി ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ നമുക്ക് കഴിയും. (ഫിലി. 1:20). അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങളും, പരിശോധനകളും വരുമ്പോൾ ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ നമ്മെത്തന്നെ താഴ്ത്തുവാനുള്ള അവസരങ്ങളാണ് അവ എന്നു നമുക്ക് ചിന്തിക്കാം.നാമൊരിക്കലും നമുക്കുവേണ്ടിത്തന്നെ കരയുവാൻ പാടില്ല.

’ജനമേ, എല്ലാക്കാലത്തും അവനിൽ ആശ്രയിപ്പിൻ, നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ.ദൈവം നമുക്ക് സങ്കേതമാകുന്നു.’(സങ്കീ. 62:8)

നിന്റെ ഹൃദയം നുറുങ്ങിപ്പോകുമെന്ന് തോന്നുമ്പോൾ കർത്താവ് നിനക്ക് സമീപസ്ഥനാകുന്നു. (സങ്കീ. 34:18).

കണ്ണുനീർ താഴ്വര(ബാഖ) യിൽക്കൂടി നാം കടന്നുപോകുമ്പോൾ അതിനെ ജലാശയമാക്കിത്തീർക്കുവാനും മറ്റുള്ളവർക്ക് അതിൽ നിന്ന് അനുഗ്രഹത്തിന്റെ ഒരൊഴുക്ക് ഉണ്ടാക്കിക്കൊടുക്കുവാനും ദൈവത്തിനു കഴിയും.(സങ്കീ. 84:6). സ്വർഗ്ഗത്തിൽ നിന്നുള്ള ജീവജലം കൊണ്ട് ദൈവം ദുഃഖിതരായ നമ്മെ ആശ്വസിപ്പിക്കുകയും ഉന്മേഷം പകർന്നു നൽകുകയും ചെയ്യുമ്പോൾ നമ്മുടെ ചുറ്റുമുള്ളവരുമായി ഈ ജീവജലം പങ്കിടുവാൻ നമുക്കു സാധിക്കും.

ഒരുനാൾ നമ്മുടെ കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടച്ചുകളയുമെന്നുള്ള വാഗ്ദാനം ദൈവം നൽകിയിട്ടുണ്ട്. (വെളി. 21: 1-4).പിന്നീട് ദുഃഖമോ, മരണമോ, ശോധനകളോ, ഉണ്ടാകുകയില്ല, വേദനയോ, വിലാപമോ ഉണ്ടാകുകയില്ല. അവയെല്ലാം നീങ്ങിപ്പോകും. പിതാവ് നമ്മോടൊത്ത് എന്നേക്കും വസിക്കുന്ന പുതിയ ആകാശത്തിനും, പുതിയ ഭൂമിക്കും വേണ്ടി നാം താൽപര്യപൂർവ്വം കാത്തിരിക്കുന്നു.

അതുകൊണ്ട് നാം ഹൃദയപൂർവ്വം പറയുന്നു:

കർത്താവായ യേശുവേ,വേഗം വരണമേ.

(                                        )

❖





*10-ാം പേജിൽ നിന്നു തുടർച്ച*

യോ, ശുദ്ധീകരണമോ - അത് ശരിയാക്കാൻ പ്രബോധിപ്പിക്കുന്നു.നമ്മെത്തന്നെ ദൈവത്തിന്റെ വെളിച്ചത്തിൽ കാണാനും ശരിയായി വിധിക്കാനും കഴിയേണ്ട ഒരു പ്രധാനപ്പെട്ട മേഖലയാണിത്.

യേശുവിന് ഐഹികജീവിതകാലത്ത് പിതാവുമായി ഉണ്ടായിരുന്ന ഐക്യമാണ് നാം തമ്മിലും ഉണ്ടാകേണ്ടത്. അത് ആത്മാവിലുള്ള ഒരു ഐക്യമാണ്. നമ്മുടെ വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്തങ്ങളായ ശുശ്രൂഷകളാണ് ചെയ്യുന്നത്.പിതാവ് പുത്രനെ അയച്ചു. പുത്രൻ ഒരു ശരീരം സ്വീകരിക്കുകയും നമ്മുടെ പാപങ്ങൾക്കായി മരിക്കുകയും ചെയ്തു.പരിശുദ്ധാത്മാവ് ഇന്ന് നമ്മുടെയിടയിൽ പ്രവർത്തിക്കുന്നത് നമ്മെ ദൈവപുത്രനെപ്പോലെയാക്കുവാനാണ്. ഈ ശുശ്രൂഷകളിൽ യാതൊരു ചിന്താക്കുഴപ്പവുമില്ലാതെ മൂവരും പൂർണ്ണമായും ഒന്നായി പ്രവർത്തിക്കുന്നു. സഭയിലും ഇവ്വണ്ണം തന്നെ ആയിരിക്കണം.

ദൈവം തന്റെ പരമാധികാരത്തിൽ ശരീരമാകുന്ന സഭയിൽ ഓരോ അവയവത്തിനും വെവ്വേറെ ശുശ്രൂഷകൾ നൽകിയിരിക്കുന്നു(1 കൊരി 12:7,18). ദൈവം ഓരോ ജീവനു ചുറ്റും ഒരു പരിധി നിശ്ചയിച്ചിരിക്കുന്നു. ചിലരുടെ കാര്യത്തിൽ ഈ പരിധി വളരെ വലുതും ചിലരുടെ കാര്യത്തിൽ ഇത് ചെറുതും ആയിരിക്കും(മത്താ 25:15). നിങ്ങളുടെ പരിധിക്കുള്ളിൽ നിങ്ങൾക്ക് ദൈവത്തെ കണ്ടെത്തുവാൻ കഴിയും.1 പത്രോ. 4:15 ൽ പത്രോസ് പറയുന്നത് പരകാര്യത്തിൽ ഇടപെടുന്നവരായി കഷ്ടം സഹിക്കുകയല്ല, മറിച്ച് തന്നെത്താൻ വിധിക്കുകയും ജഡത്തിൽ കഷ്ടം സഹിക്കുകയുമാണ് വേണ്ടത് എന്നാണ്. മറ്റൊരാൾ തന്റെ കുഞ്ഞുങ്ങളെ എങ്ങനെയാണ് വളർത്തുന്നത്, പണം എങ്ങനെ ചെലവാക്കുന്നു ഇത്യാദികാര്യങ്ങൾ നമ്മുടെ പരിധിക്കുവെളിയിലുള്ള കാര്യങ്ങളാണ്.ആ വക കാര്യങ്ങളിൽ ദൈവം നമുക്ക് യാതൊരു അധികാരവും നൽകിയിട്ടില്ലാത്തതിനാൽ നാം നമ്മെതന്നെ സൂക്ഷിക്കുന്ന കാര്യത്തിൽ ജാഗ്രത കാണിക്കുകയാണ് വേണ്ടത് (1 തിമോ 4:16).

നാം ലൗകികരായി ജീവിച്ചിരുന്ന കാലത്ത് മറ്റനേകരെയും പോലെ മറ്റു പല കാര്യങ്ങളെയും കുറിച്ച് അഭിപ്രായം പറയുന്ന ഒരു വലിയ പരിധിയായിരുന്നു നമ്മുടെ ജീവിതത്തിന് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് വ്യക്തികളെന്ന നിലയിൽ ദൈവം നമുക്കു ചുറ്റും വരച്ചിരിക്കുന്ന വൃത്തത്തിനുള്ളിൽ ജീവിക്കാൻ നാം പഠിക്കേണ്ടതാണ്. മിക്കവാറും ആ വൃത്തത്തിനുള്ളിൽ ഒരാൾ മാത്രമെ ഉണ്ടാവുകയുള്ളു-നിങ്ങൾ മാത്രം. നിങ്ങൾ ഒരു മാതാവോ പിതാവോ ആണെങ്കിൽ നിങ്ങളുടെ കുടുംബവും കൂടി ആ വൃത്തത്തിനുള്ളിൽ വരും. നിങ്ങൾ സഭയിലെ ഒരു മൂപ്പനാണെങ്കിൽ നിങ്ങളുടെ സഭയിലെ അംഗങ്ങൾ കൂടി ആ വൃത്തത്തിനുള്ളിൽ ഉണ്ടാകും. എന്നാൽ ഭൂരിപക്ഷം പേരുടെയും കാര്യത്തിൽ ഓരോരുത്തരും തന്നെത്തന്നെ വിധിക്കുകമാത്രം ചെയ്യേണ്ടവരാണ്. ആ പരിധി ലംഘിക്കുമ്പോൾ മറ്റുള്ളവരുമായുള്ള കൂട്ടായ്മ നശിക്കുന്നു.ഇതേ സമയം നമ്മുടെ ആന്തരിക വിശുദ്ധീകരണം തടസ്സപ്പെടുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കാൻ നമ്മോട് കല്പിച്ചിരിക്കുന്നു.(എഫേ. 5.21). ഇതിന്റെ അർത്ഥം ക്രിസ്തുവിന്റെ ഭയം മറ്റൊരാളിന്റെ വൃത്തത്തിനുള്ളിൽ പ്രവേശിക്കാൻ നമ്മെ വില

ക്കണം എന്നത്രേ. നമ്മെ ബാധിക്കാത്ത വിഷയങ്ങളിൽ തലയിടാതെ അന്യോന്യ മുള്ള കൂട്ടായ്മയിൽ മാത്രം നാം ശ്രദ്ധ കേന്ദ്രീകരിക്കുക.

സാധാരണ ശ്രദ്ധിക്കപ്പെടാതെ പോകുന്ന മാരകമായ ഒരു പാപമാണ് ജിജ്ഞാസ. മുതിർന്നവരുടെ സംസാരം ഒളിഞ്ഞു കേൾക്കുവാൻ കുട്ടികൾക്ക് ജിജ്ഞാസയുണ്ടാവുന്നു.ഞാൻ പുരുഷ നായ ശേഷം ശിശുവിനുള്ളത് ത്യജിച്ചു കളഞ്ഞു എന്നാണ് പൗലോസ് പറയുന്ന ത് (1 കൊരി 13:11). എന്നാൽ വളർച്ചയെ ത്തിയ ശേഷവും അനേകം വിശ്വാസി കളും തിന്മയായ ഈ സ്വഭാവം ത്യജിച്ചു കളയുന്നില്ല. ഈ ജിജ്ഞാസ കിംവദന്തി പരത്തുന്ന ദുഷിച്ച സ്വഭാവത്തിലേക്ക് ജീവിതങ്ങളെ നടത്തുന്നു.വൃദ്ധയായ സ്ത്രീകളുടെ സ്വഭാവമായി തിരുവചനം ചിത്രീകരിച്ചിരിക്കുന്ന ഈ സ്വഭാവം മൂലം പലർക്കും സ്വയം നിയന്ത്രിക്കാനോ, ഒരു ദൈവഭക്തിയുള്ള ജീവിതം നയിക്കാനോ കഴിയാതെ പോകുന്നു. അശ്ലീല സാഹിത്യം തന്നെ മറ്റുള്ളവരുടെ നഗ്നശ രീരങ്ങൾ കാണാനുള്ള ജിജ്ഞാസയിൽ നിന്നാണ് ഉടലെടുക്കുന്നത്.

ജിജ്ഞാസ ഉളവാക്കുവാൻ പര്യാപ്ത മായ എല്ലാ മോഹങ്ങളും ഉണ്ടായിരുന്ന നമ്മെപ്പോലുള്ള ഒരു ജഡമായിരുന്നു യേശുവിനും ഉണ്ടായിരുന്നത്.നമ്മെ പ്പോലെ അവൻ പരീക്ഷിക്കപ്പെടുകയും ചെയ്തു.എന്നാൽ തന്റെ പിതാവ് തന്റെ ജീവിതത്തിനു ചുറ്റും വരച്ചിരിക്കുന്ന വൃത്തത്തിന്റെ പരിധിവിട്ടു പറത്തുപോ കാൻ ഒരിക്കലും താൻ തയ്യാറായില്ല. അതുകൊണ്ട് ഈ മേഖലയിൽ ഒരി ക്കൽപോലും പാപം ചെയ്യാൻ യേശുവിന് ഇടയായില്ല. ജിജ്ഞാസയുടെ ഈ മേഖ ലയിൽ നാം എത്ര ബലഹീനരാണ് എന്ന് മനസിലാക്കുമ്പോഴാണ് യേശുവിന്റെ മഹത്വം നാം ദർശിക്കുന്നത്.ആർ ആരെ വിവാഹം കഴിക്കാൻ പോകുന്നു, ആർക്കാണ് ഇനി അടുത്തതായി ഒരു കുഞ്ഞ് ജനിക്കുന്നത് തുടങ്ങിയ വിഷയ ങ്ങൾ അറിയാനുള്ള ആകാംക്ഷ ദൈവഭ ക്തരല്ലാത്ത മനുഷ്യരുടെ വിനോദമാണ്. കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിക്കുന്ന ഒരു സഹോദരനോ സഹോദരിയോ ഒരിക്കലും അങ്ങനെ പെരുമാറുകയില്ല.

ചില മൂപ്പന്മാരും ഭർത്താക്കന്മാരും അവർക്ക് കീഴ്പ്പെട്ടിരിക്കേണ്ടവരുടെ മേൽ കർത്തൃത്വം നടത്തുന്ന രീതിയിൽ മേൽപ റഞ്ഞ പരിധി ലംഘിക്കുന്നതു കാണാം.നമ്മുടെ കുഞ്ഞുങ്ങളെ ഭയപ്പെ ടുത്തുന്ന രീതിയിലോ നമ്മുടെ ഭാര്യമാ രുടെയോ സഭയിലെ സഹോദരങ്ങളുടെ മേലോ സമ്മർദ്ദം ചെലുത്തുന്ന രീതി യിലോ നാം ഒരിക്കലും പെരുമാറരുത്. ഇയ്യോബ് 33:7 ൽ എലീഹൂ പറയുന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്: എന്റെ ഭീഷണി നിന്നെ ഭയപ്പെടുത്തുകയില്ല. എന്റെ കനം നിനക്ക് ഭാരമായിരിക്കുക യില്ല. നമ്മുടെ കീഴിൽ ദൈവം ആക്കി യിരിക്കുന്നവർ (കുട്ടികൾ, ഭാര്യ, വേല ക്കാർ, വിശ്വാസികൾ തുടങ്ങിയവർ) ഒരി ക്കലും ഭീഷണിയോ സമ്മർദ്ദമോ നമ്മിൽ നിന്ന് നേരിടേണ്ടിവരരുത്. നമുക്ക് അധി കാരമുള്ളവരോടുള്ള ബന്ധത്തിൽ നമ്മുടെ അതിരുകൾ ലംഘിക്കപ്പെടാ നുള്ള പരീക്ഷ വളരെയാണ്.അവിടെ കൂട്ടായ്മയാവും നഷ്ടമാകുന്നത്.

ഒരു ഭർത്താവിന് തന്റെ ഭാര്യയുടെ മേൽ ആധിപത്യം നടത്തുകയും വ്യക്തി ത്വത്തെ തകർക്കുകയും ചെയ്യാം. ദൈവം ഭാര്യഭർത്താക്കന്മാരെ വ്യത്യസ്തരായി സൃഷ്ടിച്ചിരിക്കുന്നത് അവർ അന്യോന്യം സഹായമായിരിക്കേണ്ടതിനാണ്. ഒരു കാര്യം ഒരു പ്രത്യേക വീക്ഷണകോ ണിലൂടെ ഭർത്താവ് കാണുകയും ഭാര്യ അതേ കാര്യം മറ്റൊരു നിലയിൽ കാണു കയും ചെയ്തെന്നു വരാം.ഒരു കെട്ടിട ത്തിന്റെ ചിത്രം വടക്കുനിന്ന് ഭർത്താവ്





എടുക്കുകയും ഭാര്യ അതേ കെട്ടിടത്തിന്റെ ചിത്രം തെക്കുനിന്ന് എടുക്കുകയും ചെയ്യു ന്നപോലെയാണിത്.രണ്ടു ചിത്രങ്ങളും ഒരു മിച്ചു കാണുമ്പോൾ വളരെ വ്യത്യസ്തങ്ങ ളായി തോന്നാം.എന്നാൽ അങ്ങനെ മാത്രമേ ആ കെട്ടിടത്തിന്റെ ഒരു പൂർണ്ണ രൂപം ലഭിക്കുകയുള്ളു.നിങ്ങളുടെ വീക്ഷ ണകോണിലൂടെ മാത്രം ചിത്രമെടുക്കു വാൻ ഭാര്യയെ നിർബന്ധിക്കുമ്പോൾ അവ ളുടെ വ്യക്തിത്വത്തെ നിങ്ങൾ നശിപ്പിക്കു കയാവും ചെയ്യുന്നത്.ആത്യന്തികമായ നഷ്ടം നിങ്ങൾക്കുതന്നെ ആയിരിക്കും. അവളെ അവൾ തന്നെ ആയിരിക്കുവാൻ അനുവദിച്ചാൽ ആ കാര്യത്തിൽ മറ്റൊരു വീക്ഷണം കൂടി നിങ്ങൾക്ക് ലഭ്യമാകും. നിങ്ങൾക്ക് ആ വിഷയത്തെക്കുറിച്ചുള്ള പരിജ്ഞാനം വർദ്ധിക്കുന്നതിലൂടെ കൂടു തൽ ജ്ഞാനി ആയിത്തീരാനുള്ള സാദ്ധ്യ തയും ഉണ്ടാകുന്നു. ഇവിടെയാണ് മിക്ക ഭർത്താക്കന്മാരും അവരുടെ ഭോഷത്തം കണ്ട് ശുദ്ധീകരണം പ്രാപിക്കേണ്ടത്.

വിശുദ്ധീകരണവും കൂട്ടായ്മയും അഭേ ദ്യമായ വിധത്തിൽ ഒന്നായിരിക്കുന്നു. ഇടത്തെ കാലാകുന്ന വിശുദ്ധീകരണം കൊണ്ട് ഒരു ചുവടുവച്ചശേഷം വലത്തെ കാലാകുന്ന കൂട്ടായ്മകൊണ്ടാണ് അടുത്ത ചുവടു വയ്ക്കേണ്ടത്.ഭാര്യ ഭർതൃബന്ധത്തിലോ, സഹോദരനും സഹോദരിയും തമ്മിലോ, സഹോദരിയും സഹോദരിയും തമ്മിലോ എല്ലാ കാര്യ ത്തിലും ഈ വിധമാണ് നാം മുന്നോട്ട് ചുവടുകൾ വയ്ക്കേണ്ടത്.

ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കു ന്നവർ രണ്ടുകാലുകളും നടക്കാൻ ഉപ യോഗിക്കും(1യോഹ 1.7).അവർക്ക് തങ്ങ ളുടെ ജഡത്തിൽ വസിക്കുന്ന തിന്മയെ ക്കുറിച്ച് കൂടുതൽ വെളിച്ചം ലഭിച്ചുകൊ ണ്ടിരിക്കുകയും അതേ വെളിച്ചത്തിലും വഴിയിലും നടക്കുന്നവരുമായി കൂടുതൽ തേജസ്സുള്ള കൂട്ടായ്മ ഉണ്ടായി വരികയും ചെയ്യും.അങ്ങനെ ലോകമെങ്ങും യേശു വിന്റെ മഹത്വം സഭ മുഖാന്തരം വ്യാപി ക്കാൻ ഇടയായിത്തീരുകയും ചെയ്യും.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

❖

# ബൈബിളിലൂടെ

ഡിപ്പോസിറ്റ് ചെയ്യുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾക്ക് അത്രവിശ്വാസം ഉണ്ടായി ല്ലെന്നു വരാം. എന്നാൽ സർക്കാരിന്റെ പിൻ ബലമുള്ളതും വർഷങ്ങളായി വിശ്വ സ്തമായ ഇടപാടുകളും ഭദ്രതയുമുള്ള ഒരു ബാങ്കിൽ നിങ്ങൾക്ക് തികഞ്ഞ വിശ്വാസം ഉണ്ടാകും.ബൈബിളിലെ വാഗ്ദാനങ്ങൾ വായിക്കുമ്പോൾ ഈ ഉദാ ഹരണങ്ങൾ ഓർമ്മിക്കുക.ആരെങ്കിലും നിങ്ങൾക്ക് അതിനുള്ള വിശ്വാസം ഉണ്ടോ എന്നു ചോദിച്ച് നിങ്ങളുടെ ഉള്ളിലേക്കു നോക്കുവാൻ നിങ്ങളെ അനുവദിക്കാതി രിക്കുക.എനിക്കിതു കഴിയുമോ?എന്ന തിനു പകരം എനിക്കുവേണ്ടി ദൈവം ഇതു ചെയ്തു തരുമോ?എന്നായിരിക്കട്ടെ നമ്മുടെ ചോദ്യം. ദൈവം വാഗ്ദാനം ചെയ്തത് അവിടുന്നു നിവർത്തിക്കും എന്ന് അബ്രഹാം വിശ്വസിച്ചു.

ഇത്തരം വിശ്വാസത്തിനാണ് പുതിയ നിയമം പ്രാധാന്യം നൽകുന്നത്.വിശ്വാസ ത്തിൽ നിന്ന് വിശ്വാസത്തിലേക്ക് എന്നാണു നാം വായിക്കുന്നത്. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടും എന്ന കാര്യ ത്തിൽ അധികം പേർക്കും വിശ്വാസമു ണ്ട്. അങ്ങനെ നമ്മുടെ പാപങ്ങൾ ക്ഷമി ക്കുന്ന അതേദൈവം നമ്മെ നീതികരി ക്കയും ചെയ്യുന്നു.

(തുടരും)

❖

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-22

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു.അവിടെയും വെയിൽസിലെ പോലെ ഉണർവ്വുണ്ടായി .*

## അനുഗ്രഹത്തിന്റെ കവിഞ്ഞൊഴുക്ക്

ണ്ടു വർഷം നീണ്ട യാത്ര. പിന്നിട്ടതു മൊത്തം 11,000 മൈലുകൾ. സ്വാസിലാൻഡ്, പോണ്ടാലാൻഡ്, ബൊംവാനാലാൻഡ്, ടെമ്പു ലാൻഡ്, സൂളു ലാൻഡ് എന്നിങ്ങനെ ആഫ്രിക്കയിലെ അഞ്ചു രാജ്യങ്ങളിലൂടെയുള്ള ദീർഘ സഞ്ചാരം - റീസും എലിസബത്തും ആഫ്രിക്കയിലെ ആത്മീയ ഉണർവ്വിന്റെ പതാകാവാഹകരായി.

ആ അനുഗ്രഹയാത്രയെക്കുറിച്ചുള്ള റീസിന്റെ ഓർമ്മകൾ ഇങ്ങനെ:

“യാത്രയിലെ ആദ്യസ്റ്റേഷൻ. അവിടെ ആദ്യ രണ്ടു ദിവസങ്ങൾ, പ്രത്യേകിച്ചും ആദ്യത്തേത്,അതികഠിനമായിരുന്നു, സഭയിൽ പലരും പിന്മാറ്റത്തിലാണെന്ന് അവിടെയുള്ള മിഷനറി ഞങ്ങളോടു പറഞ്ഞു. ഡീക്കന്മാരിൽ ചിലർ തന്നെ കുഴപ്പക്കാരാണ്.എന്നാൽ മൂന്നാം ദിവസം അതു സംഭവിച്ചു.പരിശുദ്ധാത്മാവ് ഇറങ്ങി വന്ന് എല്ലാം ശുദ്ധീകരിച്ചു.യോഗത്തിൽ രണ്ടു ഡീക്കന്മാർ എപ്പോഴും പുറകിലാണ് ഇരിക്കാറു പതിവ്. ആളുകൾ അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് വലിയ അനുഗ്രഹത്തിലേക്കു വരാൻ തുടങ്ങിയപ്പോൾ ഈ ഡീക്കന്മാർ എന്നെ വന്നു കണ്ടു. “മീറ്റിംഗുകളൊക്കെ ഞങ്ങൾക്ക് ഇഷ്ടമായി. പക്ഷേ ഈ പാപങ്ങളുടെ ഏറ്റുപറച്ചിലും മറ്റും ഞങ്ങൾക്കു പിടിക്കുന്നില്ല.ആ പരിപാടി തുടങ്ങുമ്പോൾ ഞങ്ങൾക്കു രണ്ടു പേർക്കും തലയ്ക്കു പിന്നിലായി ഒരു വലിയ വേദന അനുഭവപ്പെടുന്നു” .

“സ്വാഭാവികം. പക്ഷേ കുറച്ചു കഴിയുമ്പോൾ ആ വേദന കുറച്ചുകൂടി താഴോട്ട് ഇറങ്ങിവരും, നിങ്ങളുടെ ഹൃദ





യത്തിലേക്ക് ” - ഞാൻ പറഞ്ഞു.

“അപ്പോൾ ഞങ്ങളും ഏറ്റുപറച്ചിൽ നടത്തണമെന്നാണോ താങ്കൾ പറയുന്നത്?”

‘‘നിങ്ങൾ ദൈവത്തിനെതിരായി മാത്രമേ പാപം ചെയ്തിട്ടുണ്ടെങ്കിൽ ദൈവത്തോടു മാത്രം അതേറ്റു പറഞ്ഞാൽ മതി. എന്നാൽ നിങ്ങൾ സഭയ്ക്ക് എതിരെ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ മുഴുവൻ സഭയുടെയും മുൻപാകെ അതേറ്റു പറയണം .”

ഈ ഡീക്കന്മാരിൽ ഒരാളുടെ പേര് യിപ്താഹ് എന്നായിരുന്നു. അദ്ദേഹം തുടർന്നു പ്രാർത്ഥിക്കാനായും അടുത്ത മൂന്നു ദിവസം പ്രാർത്ഥനയിൽ ചെലവിടാനും തീരുമാനിച്ചു വീട്ടിലേക്കു പോയി. ആ രാത്രിയിൽ അർധരാത്രി കഴിഞ്ഞ് ഒരു മണിയായിക്കാണും. അപ്പോഴിതാ യിപ്താഹിന്റെ ഭാര്യ വന്നു കതകിൽ മുട്ടുന്നു. അവർ പറഞ്ഞു ‘‘യിപ്താഹ് സന്തോഷം കൊണ്ടു ഭ്രാന്തു പിടിച്ചതുപോലെ ആയിരിക്കുന്നു. മണിയടിച്ച് ആളുകളെ കൂട്ടട്ടെ. നമുക്ക് യോഗം തുടങ്ങാം”
.

“രാത്രി ഈ സമയത്ത് ഏതായാലും മണിയടിക്കണ്ട’’ ഞാൻ പറഞ്ഞു. എന്നാൽ യിപ്താഹിന്റെ അമ്മ ഓടിപ്പോയി ഓരോ വീട്ടിലും ചെന്നു പറഞ്ഞ് ആളെക്കൂട്ടി. ഒടുവിൽ പുലർച്ചെ മൂന്നു മണിയായപ്പോൾ പള്ളി നിറയെ ആളായി.

യിപ്താഹ് അപ്പൊസ്തലനായ പൗലോസിനെപ്പോലെ അന്ധനായിപ്പോയിരുന്നു. അവർ കൈയിൽ പിടിച്ചാണ് അദ്ദേഹത്തെ പള്ളിയിലേക്കു കൊണ്ടുവന്നത്. അവിടെ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന പാപങ്ങൾ പരസ്യമായി ഏറ്റുപറഞ്ഞു. തുടർന്ന് അനേകർ രക്ഷയുടെ അനുഭവത്തിലേക്കു വന്നു. ചില ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിനു കാഴ്ച തിരിച്ചു കിട്ടി.

ഞങ്ങൾ അടുത്ത മൂന്നു മാസത്തേക്ക് അദ്ദേഹത്തെ ഞങ്ങളോടൊപ്പം കൂട്ടി. എവിടെയൊക്കെ അദ്ദേഹം തന്റെ സാക്ഷ്യം പറഞ്ഞോ, അവിടെയെല്ലാം അതുതോക്കിൽ നിന്നു നിറയൊഴിക്കുന്നതുപോലെയായിരുന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം കേട്ടവർ ഒന്നൊന്നായി പരിശുദ്ധാത്മാവു നൽകിയ ആത്മഭാരത്താൽ നിലത്തു വീണു. ഒട്ടേറേ പേരെ അദ്ദേഹം തന്റെ സാക്ഷ്യത്താൽ ദൈവഭാഗത്തേക്കു നേടി.

അടുത്ത സ്ഥലത്തു ഞങ്ങൾ ചെന്നപ്പോൾ അവിടെ 99 പെൺകുട്ടികൾ പഠിക്കുന്ന ഒരു സ്കൂൾ ഉണ്ടായിരുന്നു. ആളുകൾ യോഗത്തിനു വന്നു തങ്ങളുടെ തെറ്റുകൾ ഏറ്റുപറയുന്നതിനെക്കുറിച്ച് ഈ പെൺകുട്ടികൾ കേട്ടു. അതുകൊണ്ട് അവർ ഒന്നിച്ചു കൂടിയാലോചിച്ചു.എന്തു വന്നാലും തങ്ങളിൽ ഒരാൾ പോലും ഇതുപോലെ പാപം ഏറ്റു പറയരുതെന്ന് അവർ തീരുമാനിച്ചു. ഇതിന്റെ ഫലമായി ആദ്യത്തെ രണ്ടു മീറ്റിംഗുകളും വളരെ കഠിനമായ മീറ്റിംഗുകളായിരുന്നു. എന്നാൽ രണ്ടാം ദിവസം അർധരാത്രിയോടടുത്ത് ഒരു പൊട്ടിക്കരച്ചിൽ ഉയർന്നു. തുടർന്ന് ആർക്കും പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. എല്ലാവരും തെറ്റുകൾ ഏറ്റുപറയാൻ തുടങ്ങി. 98 പെൺകുട്ടികളും ഈ യോഗത്തിൽ തന്നെ മാനസാന്തരപ്പെട്ടു. ഒരാൾ നിൽക്കാൻ കഴിയാതെ അവിടെ നിന്ന് ഓടിപ്പോയി. രക്ഷിക്കപ്പെട്ട പലരും തങ്ങളുടെ കുടുംബാംഗങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതു കേൾക്കാമായിരുന്നു. അവരിൽ മിക്കവരും ഇത്തരം യോഗത്തിൽ ജീവിതത്തിലൊരിക്കൽ പോലും പങ്കെടുത്തിട്ടുള്ളവരല്ല.

സ്വാസിലാൻഡ് രാജ്യത്തെ രാജ്ഞി താമസിക്കുന്ന ബെഥനി എന്ന സ്ഥലമാണ് ഞങ്ങൾ തുടർന്നു സന്ദർശിച്ചത്. ആദ്യ ദിവസം 13 മണിക്കൂർ

ആത്മാക്കളുമായി ഇടപെട്ട് ഞങ്ങൾ അവിടത്തെ ചാപ്പലിൽ തന്നെ ചെലവഴിച്ചു. മൂന്നാം ദിവസം പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ സംഭവിച്ചു. പ്രസംഗമായിരുന്നില്ല, ശക്തിയായിരുന്നു അവിടെ പ്രകടമായത്.

അതിനിടയിൽ ആ നാട്ടുകാരനായ ഒരു ആഫ്രിക്കക്കാരൻ ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, അടുത്ത മൂന്നു ദിവസത്തിനിടയിൽ ഞങ്ങൾക്ക് നൂറ് ആത്മാക്കളെ തരണേ" .

സ്വാസിലാൻഡിലെ രാജ്ഞിയും ഉണർവ്വു യോഗങ്ങളെക്കുറിച്ചു കേട്ടിട്ട് എനിക്ക് ആളയച്ചു. തന്റെ ആളുകൾ എന്റെ ദൈവത്തിന്റെ പിന്നാലെ പോകുന്നത് എന്താണെന്ന ചോദ്യമാണ് രാജ്ഞി ഉന്നയിച്ചത്. അവർ ജീവനുള്ള ദൈവത്തെ കണ്ടെത്തി, പാപക്ഷമ, നിത്യജീവൻ എന്ന ദാനം എന്നിവ അനുഭവവേദ്യമാക്കുകയും ചെയ്തതുകൊണ്ടാണ് ഉണർവ്വു യോഗങ്ങൾക്ക് അവർ വരുന്നതെന്നു ഞാൻ വിശദീകരിച്ചു. ദൈവത്തിന് ഒരേയൊരു മകനെ ഉണ്ടായിരുന്നുള്ളൂ. അവനെ നമുക്കു വേണ്ടി മരിക്കുവാൻ അവിടുന്നു തന്നു. എനിക്കും എലിസബത്തിനും അതുപോലെ ഒരു മകനെ ഉള്ളൂ. ഞങ്ങളവനെ ആഫ്രിക്കയിലെ ജനങ്ങളോടു ദൈവത്തെക്കുറിച്ചു പറയുവാനുള്ള ആഗ്രഹത്തെ തുടർന്ന് നാട്ടിൽ ഉപേക്ഷിച്ചു.

ഇതു കേട്ട രാജ്ഞി ഞങ്ങളോടു വളരെ താത്പര്യമുള്ളവളായിത്തീർന്നു. ഞങ്ങളുടെ കുഞ്ഞിനെക്കാൾ ഞങ്ങൾ അവരുടെ ജനത്തെ സ്നേഹിച്ചല്ലോ എന്ന ചിന്തയാണ് രാജ്ഞിക്കുണ്ടായത്. തന്റെ പ്രധാനികൾക്കുവേണ്ടി ഒരു പ്രത്യേക യോഗം നടത്താൻ തുടർന്ന് അവരെന്നെ അനുവദിച്ചു. ആ യോഗത്തിൽ രാജ്ഞിയും സന്നിഹിതയായിരിക്കും. പക്ഷേ ഒരു വ്യവസ്ഥ-സംസാരിക്കുമ്പോൾ ഞാൻ രാജ്ഞിയോടു സംസാരിക്കുന്നു എന്നു തോന്നുന്ന മട്ടിൽ അവരുടെ നേരേ നോക്കരുത്,മറിച്ച് സദസ്സിലെ മറ്റുള്ളവരോടു സംസാരിക്കുന്നു എന്ന മട്ടിൽ അവരെ നോക്കി സ്വാഭാവികമായി സംസാരിക്കാം. ഞാൻ സമ്മതിച്ചു.

ആ മീറ്റിംഗിലും പരിശുദ്ധാത്മാവിന്റെ ഇടപെടലുണ്ടായിരുന്നു. അതു പരീക്ഷിക്കുന്നതിനു വേണ്ടി ഒടുവിൽ ഞാൻ സമർപ്പണത്തിനായി ആഹ്വാനം ചെയ്തപ്പോൾ 50 പേർ എഴുന്നേറ്റുനിന്നു. എഴുന്നേറ്റു നിന്നവരിൽ രാജ്യം ഭരിക്കുന്ന രാജ്ഞിയുടെ മരുമകളായ ചെറുപ്പക്കാരിയായ രാജ്ഞിയും ഉണ്ടായിരുന്നു!

ഇതു കണ്ട് നേരത്തെ 'നൂറ് ആത്മാക്കളെ തരണേ' എന്നു പ്രാർത്ഥിച്ച സഹോദരൻ ചാടിയെഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു. "ദൈവത്തിനു മഹത്വം എന്റെ പ്രാർത്ഥനയ്ക്കു മറുപടി നൽകിയല്ലോ. അമ്പതു പേരും ഒരു രാജ്ഞിയും. അത് അമ്പതുപേർക്കു തുല്യം. അപ്പോൾ മൊത്തം നൂറുപേർ." പക്ഷേ മൂന്നു ദിവസം കഴിയുന്നതിനു മുമ്പ് മറ്റൊരു 105 പേർ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു.ചോദിച്ചതിനും നിനച്ചതിനും അത്യന്തംപരമായി ദൈവം നൽകി.

ഇവിടെ നിന്നു മറ്റു രാജ്യങ്ങളിലേക്കു പോയി ചില നാളുകൾ കഴിഞ്ഞ് ഞങ്ങൾ വീണ്ടും സ്വാസിലാൻഡു വഴി മടങ്ങി വരികയായിരുന്നു. അപ്പോൾ രാജ്ഞി ഞങ്ങളെ ഒരു സ്വകാര്യ സന്ദർശനത്തിനു വിളിച്ചു. ഞങ്ങൾ ചെന്നപ്പോൾ രാജ്ഞി ഒരു സ്വകാര്യ ദു:ഖമാണു പങ്കുവച്ചത്.നേരത്തേ കർത്താവിനെ രക്ഷകനായി സ്വീകരിച്ച മരുമകളായ രാജ്ഞി ചില ദിവസങ്ങൾക്കു മുമ്പ് പെട്ടെന്നു മരിച്ചു പോയി. എന്നാൽ യേശുവിൽ വിശ്വസിച്ച് തികഞ്ഞ സമാധാനത്തോടെയാണ് മരുമകളായ രാജ്ഞി കടന്നു പോയത്.





അതുകണ്ട് പ്രായമായ രാജ്ഞിയും വിശ്വാസത്തിലേക്കു വന്നു. താനും യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചിട്ടുണ്ടെന്നാണ് അവർ ഞങ്ങളോടു പറഞ്ഞത്.

പോണ്ടോലാൻഡിൽ ഈസ്റ്ററിനു ചില ദിവസങ്ങൾക്കു മുൻപാണെത്തിയത്. ദു:ഖവെള്ളിയാഴ്ച അവിടെ ഞാൻ ക്രൂശീകരണത്തെക്കുറിച്ചു പ്രസംഗിക്കുകയായിരുന്നു. പെട്ടെന്നു പരിശുദ്ധാത്മാവ് ഈ വചനം വളരെ ശക്തിയോടെ പ്രഘോഷിക്കാൻ ഇടയാക്കി-'അവനെ നീക്കികളക, അവനെ ക്രൂശിക്ക.' പൊടുന്നനെ ആളുകൾ തുറന്ന നരകത്തെ ദർശിച്ച പ്രതീതി. ആളുകൾ ഒറ്റക്കെട്ടായി ദൈവത്തോട് നിരപ്പു പ്രാപിക്കാൻ ഇരുന്നിടത്തു നിന്നു വേദിയിലേക്കു പാഞ്ഞു വന്നു. ഓട്ടത്തിൽ അവർ പുൾപ്പിറ്റ് മറിച്ചിടുമോയെന്നു പോലും ഞാൻ പേടിച്ചുപോയി.

സൂളുലാൻഡിൽ മറ്റൊരു സ്ഥലത്തു ഞാൻ പ്രസംഗിക്കുകയായിരുന്നു. ആത്മാക്കളെ നേടാനുള്ള ശക്തിയുടെ കുറവിനെക്കുറിച്ചു യോഗത്തിൽ വച്ച് ബോധ്യം വന്ന ഒരു സുവിശേഷകൻ പുറത്തു വനത്തിലേക്കു പോയി. അവിടെ രാത്രി മുഴുവൻ പ്രാർത്ഥിച്ചു. അടുത്ത ദിവസം തന്നെ അദ്ദേഹം ആത്മാവിനാൽ നിറഞ്ഞു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചു. ധാരാളം ആത്മാക്കളെ ദൈവം നൽകി. മുഖ്യ പ്രവർത്തനകേന്ദ്രത്തിലുള്ളതിനേക്കാൾ ആളുകൾ അദ്ദേഹത്തിന്റെ ഔട്ട്സ്റ്റേഷൻ പ്രവർത്തന കേന്ദ്രത്തിലുണ്ടായി.

ഇങ്ങനെ ഓരോ മിഷൻ കേന്ദ്രത്തിലും പരിശുദ്ധാത്മാവിന്റെ വർഷണം ഉണ്ടായി. അവിടെയെല്ലാം വലിയ ഉണർവ്വും അനുഭവപ്പെട്ടു. 10,000 ആത്മാക്കളെ നൽകുമെന്ന വാഗ്ദാനംപോലെ തന്നെ ദൈവം പ്രവർത്തിച്ചു.

ഉദാഹരണത്തിന് ജോഹന്നാസ്ബർഗ്ഗിൽ റീസ് 21 ദിവസം തുടർച്ചയായി ഉണർവ്വുയോഗങ്ങൾ നടത്തി. നഗരത്തിലെ ഏറ്റവും വലിയ സഭയിലായിരുന്നു മീറ്റിംഗ്. എല്ലാ യോഗത്തിലും നിറയെ ആളുകളുണ്ടായിരുന്നു. വ്യത്യസ്തഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ യോഗങ്ങൾക്കുണ്ടായിരുന്നതിനാൽ റീസു പറയുന്നതു മൂന്നു ഭാഷകളിൽ എടുത്തു പറയേണ്ടിവന്നു. ഭാഷയുടെ അതിർവരമ്പുകളൊന്നും ഉണർവ്വുകത്തിപ്പടരാൻ തടസ്സമായില്ല. ഓരോമീറ്റിംഗിലും നൂറുകണക്കിനുപേർ രക്ഷയിലേക്കു വന്നു. പരിശുദ്ധാത്മാവു തന്നെയാണ് ഈ പ്രവൃത്തിചെയ്തതെന്നു മറ്റാരെക്കാളും നന്നായി അറിയാവുന്നത് റീസിനു തന്നെയായിരുന്നു 'സൈന്യത്താലല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാൽ തന്നെ' എന്നു റീസ് വിശ്വസിച്ചു ആത്മാവിന്റെ നടത്തിപ്പിനാലും ശക്തിയാലും റീസ് നൂറുകണക്കിനുപേരുടെ തലയിൽ കൈകൾ വച്ചു. അവരൊക്കെ വിടുവിക്കപ്പെട്ടു. മീറ്റിംഗില്ലാത്തപ്പോൾ റീസ് തന്റെ കൈകളിലേക്ക് നോക്കി. എത്ര സാധാരമായ കൈകൾ! എവിടെനിന്നാണ് ഈ ശക്തിയെല്ലാം ഈ കൈകളിലേക്ക് ഒഴുകിയെത്തിയത്?. ഉവ്വ്, ആ ശക്തിയുടെ ഉറവിടം എന്തെന്ന് റീസിന് ബോധ്യമുണ്ടായിരുന്നു.

അനുഗ്രഹയാത്ര അവസാനിക്കുകയാണ്. ജോഹന്നാസ് ബർഗ്ഗിൽ നിന്നു റുസിറ്റുവിലേക്കുള്ള മടക്കയാത്ര. വഴിയിലെ ഒരു പ്രധാന റയിൽവേ കേന്ദ്രമാണ് ഉംതലി. അവിടെയുള്ള ഒരു സ്നേഹിതൻ, മടങ്ങുന്നവഴി ചില ദിവസങ്ങളിൽ അവടെ സ്വസ്ഥമായി പാർത്ത് വിശ്രമിക്കാൻ റീസിനെയും എലിസബത്തിനേയും ക്ഷണിച്ചു. അവിടെനിന്നു മെൽസെറ്ററിലേക്ക് പോകാം.അവർക്ക് മെൽസെറ്റർ വരെ വണ്ടികിട്ടും. ബാക്കി ദൂരം കുതിരപ്പുറത്തോ കഴുതപ്പുറത്തോ പിന്നിട്ടാൽ റൂസി

റ്റുവിലെത്തും. എന്നാൽ അങ്ങനെയാകട്ടെ എന്നവർ തീരുമാനിച്ചു. ഈ പരിപാടി അനുസരിച്ച് അവർ ഉംതാലിയിലെത്തി. അവിടെ സ്റ്റേഷനിൽ തന്നെ സ്നേഹിതൻ കാത്തുനിൽപ്പുണ്ടായിരുന്നു. പക്ഷേ അദ്ദേഹം അതീവ ഖേദത്തോടെ അറിയിച്ചു-'വീട്ടിൽ എല്ലാവർക്കും പകർച്ച പനി. അതുകൊണ്ട് അവിടെ താമസിക്കാനാവില്ല. പകരം മിഷനറിമാർ താമസിക്കാറുള്ള ഒരു ഹോട്ടലുണ്ട്. അവിടെ തങ്ങാം' .

ഹോട്ടലിൽ ഒരുദിവസത്തെ വാടക 15 ഷില്ലിങ്ങാണ്. അവരുടെ കൈവശം പണം ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ റീസ് ഭാര്യയോടുപറഞ്ഞു. "നമുക്ക് ഏതായാലും പദ്ധതി അനുസരിച്ച് ഇവിടെ താമസിച്ച് വിശ്രമിക്കാം. ഈയാഴ്ച ഒടുവിലേക്ക് വേണ്ട പണം ദൈവം എത്തിക്കുമെന്ന് എനിക്കുറപ്പുണ്ട്'.അങ്ങനെ അവർ ഒരു വാരാന്ത്യം സുഖമായി അവിടെ ചെലവഴിച്ചു.

ഞായറാഴ്ച രാവിലെ 6 മണിക്കാണ് അവർക്ക് ഹോട്ടൽ വിടേണ്ടത്. അപ്പോൾ ബില്ല് തീർക്കാൻ ആവശ്യമായ പണം, ശനിയാഴ്ച വൈകിട്ടുവരുന്ന തപാൽ വഴി ലഭ്യമാകുമെന്ന് റീസ് വിശ്വസിച്ചു. എന്നാൽ ട്രെയിൻവരാൻ വൈകിയതുമൂലം തപാൽ യഥാസമയം വന്നില്ല. ഞായറാഴ്ച പുലർച്ചയ്ക്ക് മുമ്പ് ഏതായാലും ട്രെയിൻ വരും. ഞായറാഴ്ച രാവിലെ ചെന്ന് തപാൽ ഏറ്റുവാങ്ങി ഹോട്ടലിലെ ബില്ല് അടച്ചശേഷം ഹോട്ടൽമുറി വിടാമെന്ന് റീസും എലിസബത്തും തീരുമാനിച്ചു.

"അതുകൊണ്ട് ഞായറാഴ്ച രാവിലത്തേക്ക് ബില്ല് തയ്യാറാക്കി വയ്ക്കാൻ പറഞ്ഞിട്ട് ഞങ്ങൾ ഉറങ്ങാൻക്കിടന്നു. രാവിലെ 5 മണിക്ക് റൂംബോയി കതകിനുമുട്ടി ബില്ല് കൊണ്ടുവന്നു തന്നു. ഞങ്ങൾ തപാൽ വാങ്ങാൻ പോവുകയാണെന്നും മടങ്ങി വന്ന് 6 മണിയോടെ ബില്ല് തീർക്കാമെന്നും ഞങ്ങൾ പറഞ്ഞു. രാവിലെ അഞ്ചരയായപ്പോൾ ഞങ്ങൾ തപാൽ വാങ്ങാനായി പുറപ്പെട്ടു. വഴിനീളെ പ്രാർത്ഥിച്ചുകൊണ്ടാണ് ഞങ്ങൾ പോയത്. ഉംതലിയിൽ ഞങ്ങൾക്ക് ഒരു ബോക്സ് നമ്പർ ഉണ്ടായിരുന്നു. അതിലെക്കാണ് സുഹൃത്തുക്കൾ കത്തുകളയക്കുന്നത്.

"ബോക്സ് നമ്പർ 32 ലേക്ക് കത്ത് എന്തെങ്കിലുമുണ്ടോ?"ഞാൻ ക്ലാർക്കിനോടു ചോദിച്ചു.

"ഒന്നും ഇല്ലല്ലോ, സാർ"-മറുപടി. ഒരു നിമിഷം മരവിപ്പിക്കുന്ന നിശ്ശബ്ദത. പെട്ടെന്ന് ഒരു മിന്നൽപോലെ എന്റെ ഭാര്യയുടെ മനസ്സിലേക്ക് വെളിച്ചം വീണു. "ബോക്സ് നമ്പർ 32 അല്ല, 23 ആണ്."

ക്ലാർക്ക് ബോക്സ് നമ്പർ 23 നോക്കി. "ഉവ്വ് സാർ, ഇതിൽ ഒരു കത്തുണ്ട് ഇതാ"

ഒരേയൊരുകത്തേ ഉണ്ടായിരുന്നുള്ളൂ. അതിൽ വെട്ടിയെഴുതിയ ഞങ്ങളുടെ അഞ്ച് മേൽവിലാസങ്ങൾ ഉണ്ടായിരുന്നു. കത്ത് ഒരോ സ്റ്റേഷനിലൂടെയും ഞങ്ങളുടെ പിന്നാലെ വരികയായിരുന്നു!കത്തുപൊട്ടിച്ചു നോക്കിയപ്പോൾ അതിൽ മുപ്പതു പൗണ്ട്. ഹോട്ടൽ ബിൽ തീർക്കുവാൻ മാത്രമല്ല ഉംതലിയിൽ നിന്നു റൂസിറ്റുവിലേക്കുപോകാൻ മെൽസെറ്റർ വരെ വണ്ടിപിടിച്ചുപോകാനുള്ള തുകയും അതിലുണ്ടായിരുന്നു. ദൈവത്തിന്റെ കരുതലിൽ ഞങ്ങൾ ഏറെ സന്തോഷിച്ചു".

മെൽസെറ്ററിലേക്കും അവിടെനിന്നു റൂസിറ്റുവിലേക്കും വണ്ടിയിലും കുതിരപ്പുറത്തുമായി 140 മൈൽ യാത്ര അൽപം ദുർഘടമായിരുന്നു. എങ്കിലും യാത്രാക്ലേശം റീസിനും എലിസബത്തിനും ഒട്ടും തോന്നിയില്ല. ദൈവകരുതലും നടത്തിപ്പും ഓർത്ത് ഹൃദയം പാടിക്കൊണ്ടിരിക്കുമ്പോൾ യാത്രാക്ലേശം അവരെ അലട്ടുന്നതെങ്ങനെ?

(തുടരും)



ജീവമൊഴികൾ

Youth Section




# Justification and Sanctification-II

Sandeep Poonen

***Question:***

Can you explain the words Justification and Sanctification?

***Answer:***

I last spoke about the glorious truth about justification. This month I want to follow up with some thoughts on sanctification. In my estimation, very few Christians have a firm understanding or conviction of both justification and sanctification.

Here's the reason why I say this:

**Many Christians live lives of constant guilt and condemnation.**

They do not live where they can ALWAYS enter God's presence with boldness and confidence (Hebrews 4:16). So they fall into sin (accidentally or intentionally). But the worse sin they commit is that they believe the lie that they do not have a way back to God's presence and acceptance. Instead they hide from God's presence (like Adam and Eve did).

God never excuses sin. But God has created a way back for anybody who sins. But there is NO hope for somebody who chooses to stay from God. The only person who has no hope is the one who is unwilling to come back to God.

✳ **Many other Christians live lives of superficial freedom**

When a person does not recognize the seriousness of the sins in their lives, they are living with a freedom that Jesus has nothing

to do with.

Many people like to quote this phrase: *You will know the truth and the truth will make you free*. But that is only half of the sentence that Jesus said. The whole sentence is this: "*If you continue in My word, then you are truly disciples of Mine; and you will know the truth, and the truth will make you free*" (John 8:31-32).

It is only as we _continue_ in God's Word that we will continue to live with the freedom of Christ. If we silence the HOLY Spirit when He points out areas in our lives that lack holiness, then we are choosing to separate ourselves from God's Words for us. We are then living with an un-Biblical view of Christian freedom. Now we may feel like we are free and think that all is good, but we are deluding ourselves spiritually.

The life that Jesus offers is NOT a life of repeated condemnation/ guilt, but neither is it a life of superficial freedom. If you find yourself living either of these lives, you can be sure you have not met the true Jesus. The truth about justification is meant to free us from a life of repeated guilt and shame and condemnation, and the truth about sanctification is meant to free us from a life of superficial and fake freedom.

Justification and sanctification go hand in hand and CANNOT be separated. Justification by faith is the foundation on which our lives must be built. But sanctification into lives of increasing holiness is the only way to build a house that will keep you safe amidst the storms of life.

Paul speaks clearly to the messages of justification and sanctification in his letter to the Romans. Romans 1-3 set up the message of justification by faith that starts in Romans 3:21. The rest of that chapter and chapters 4 and 5 continue to establish this great truth. Then Romans 6 begins to speak about the truth of sanctification.

And Paul transitions from justification to sanctification with these words in Romans 6:1-2 – *What shall we say then? Are we to continue in sin so that grace may increase? May it never be! How shall we who died to sin still live in it*?

Or if I might paraphrase: *What shall we say then? Shall we continue in sin because of the great truth of justification? May it never be! How shall we who died to sin refuse to be sanctified?*





So let me share with you a couple of thoughts on sanctification, and how I have come to joyfully embrace the truth of sanctification that I read about in the Bible.

Before I define sanctification, let me show you one verse that tells us how vital it is. Hebrews 12:14 says, "*Pursue peace with all men, and the sanctification without which no one will see the Lord.*" So sanctification is essential for anyone who wants to see and be with the Lord.

How should we think of sanctification? The Bible uses the word sanctification in the same way as it uses two other more familiar words – holiness and consecration. So to me, sanctification is the process by which we are made holy, and for us to be sanctified is for us to be set apart for a particular purpose (consecrated). **SO SANCTIFICATION IS THE PROCESS BY WHICH WE ARE INCREASINGLY SET APART FOR GOD ALONE**.

Think about that for a minute. If you are a serious Christian, you've probably heard many messages on holiness, and may even sincerely desire to live a holy life. But what does that look like in your everyday life? For me, I found that my attempts to be holy consisted of trying to do all the right things and also trying to _not_ do any of the wrong things (with the Bible is my guide). But after a while, and after a million times of messing up and falling down, sanctification became a tremendous burden. I began to hate the word sanctification and holiness, and preferred to think only about justification and the great love of this God who accepted me.

So while sanctification is the process by being made holy, I must not reduce it to trying harder and training my will just to say no. Don't get me wrong, I must try harder and train my will to say no (see Luke 9:23; 1 Corinthian 9:24-27). But the process by which I am made holy is NOT primarily by my running away from something, but rather by my running towards something.

**This is a very important distinction.**

**I am sanctified as I set myself apart increasingly for God and God alone.**

✳ It is as I choose to follow Jesus even when it means the rejection of my friends that I tell God that I want to be set apart for Him alone.

⁕ It is as I choose to obey Jesus and “pray for those who persecute you,” rather than scheme and wish for their downfall, that I tell God that I want to be set apart for Him alone.

⁕ It is as I choose to trust the words of Jesus that He will never leave me even when all of my feelings tell me that I am all alone, that I tell God that I want to be set apart for Him alone.

This is how I personally view sanctification. This is how I have thoroughly embraced a life of holiness for every area of my life. It is not because I serve a God whom I afraid of. The fear of God that I seek to have is only in response to His great love shown to me. It is as I continue to experience the great love of God, that I long to please Him more and more.

I am discovering a God who (even still) KEEPS welcoming me back home as I claim the finished work of His Son as my access into His presence. I find that I have FULL access to God’s presence at all times as I continue to place my faith in Jesus. Don’t you think it’s completely natural and obvious to expect me (a recipient of so much mercy from such a God) to also want and seek for ways to set myself apart for such a God? To me, it is the most natural reaction in the world.

Dear friend, I hope that these truths will sink in deeply. Many young people have gone after the “fool’s gold” of a grace that is cheap and vulgar. They have fallen away from pursuing all of Christ by listening to fanciful ideas, talented writers, and eloquent speakers who entice us with a God that is a half-truth of love without holiness. At the same time, there are many other young people who have been burdened by outwardly “holy” people who teach a taskmaster of a God and who is all judgment and wrath.

I hope that what I have written above shows you a refreshingly different and more wonderful God! May God have mercy on us and open our eyes to the true God.

(please mail your genuine doubts to: **sandeep@poonen.org**)

❖